# വിദ്യാഭിവർദ്ധിനി.



പുസ്തകം 3 | ലക്കം 9

**1948 SEPTEMBER**

K. JACOB THOMAS MEMORIAL SAHRUDAYA PUBLIC LIBRARY
Date....................
MANNARKKAD

**As/8**

# വിഷയവിവരം


1 ഗാന്ധിസൂക്തങ്ങൾ.

2 വിദ്യാഭ്യാസനവീകരണം.
പ്രൊഫസ്സർ പി. എസ്സ്. അച്യുതൻപിള്ള, എം. എ. എം. എൽ.

3 സമാഗമം.
പട്ടം, എൻ. ഗോപാലൻനായർ, B. A. B. L.

4 പ്രപഞ്ചത്തെപ്പററിയുള്ള ശാസ്ത്രീയനിയമങ്ങൾ.
പി. ഏ ജോസഫ്.

5 കാളിദാസരാമായണം.
വിദ്വാൻ, വട്ടോളി കൊച്ചുകൃഷ്ണൻനായർ.

6 ആഫോട്ടോ (ചെറുകഥ)
എൻ. എസ്. പ്രഭാകരൻപിള്ള.

7 കേരളസംസ്കാരം.
ചങ്ങമ്പുഴ.

8 ശമസുഖം.
വടക്കുംകൂർ, രാജരാജവർമ്മരാജാ.

9 ഹസ്തികാന്തശില്പം (ചെറുകഥ)
വിദുഷി, എം. തങ്കമ്മമാലിക്ക്-സരസ്വതി.

10 ഒരൊററശ്ലോകം.
മഹാകവി, ഒറവങ്കര നീലകണ്ഠൻനമ്പൂതിരി.

11 മംഗളംനേരുന്നു.
എം. എസ്സ്. ചന്ദ്രശേഖരവാര്യർ.

12 ക്യാനഡാവാസികൾ.
എസ്സ്. പി.

13 ടാഗോർ.
കളവങ്കോടം, ബാലകൃഷ്ണൻ.

14 സ്വപ്നദർശനമോ അസൂയാവേശമോ?
വീരബാഹു.

15 ഗ്രന്ഥവിമർശനം.



## S. T. റെഡ്യാർ & സൺസ്,

വി. വി. പ്രെസ്സ്—കൊല്ലം.

പ്രെസ്സ് ബ്രാഞ്ചുകൾ:—
ആലപ്പുഴ,
S. P. പ്രെസ്സ്, കൊല്ലം

ഡിപ്പോ ബ്രാഞ്ചുകൾ:—
കൊല്ലം.
ആലപ്പുഴ

## ഞങ്ങളുടെ മുദ്രാലയത്തിൽ,

വൈദ്യം, ജ്യോതിഷം, പുരാണങ്ങൾ, പുതിയതരം രസകരമായ നോവലുകൾ മുതലായ മററനേകം പുസ്തകങ്ങളും

## എപ്പോഴും വില്പനയ്ക്കു തയാർ.

വലിയ ക്യാററ്ലാഗിന് എഴുതുക.

എന്ന്, മാനേജിംഗ് പ്രൊപ്രൈററർ.

# വിദ്യാഭിവർദ്ധിനി.

സരസ്വതി! നമസ്തുഭ്യം വരദേ! കാമരൂപിണി!
വിദ്യാരംഭം കരിഷ്യാമി സിദ്ധിർഭവതു മേ സദാ.

പുസ്തകം ൨ { ൧൧൦൮ ചിങ്ങം } ലക്കം ൯



## ഗാന്ധിസൂക്തങ്ങൾ.

ജീവിക്കുന്നതിനുള്ള ഇച്ഛ ബുദ്ധിഹീനമായ ഒന്നല്ല. അതു സ്വാഭാവികം കൂടിയാണു്. ജീവിതത്തോടുള്ള ബന്ധം മിഥ്യയാകുന്നില്ല; അതൊരു യാഥാർത്ഥ്യമാണു്. സർവ്വോപരി ജീവിതത്തിനു ഒരു ഉദ്ദേശമുണ്ടു്. ആ ഉദ്ദേശത്തെ പരാജയപ്പെടുത്താൻ ഉദ്യമിക്കുന്നതു പാപമാകുന്നു. അതുകയാൽ ആത്മഹത്യ ശരിയായിത്തന്നെ ഒരു പാപമായി കരുതപ്പെടുന്നു.

*  *  *  *  *

എന്നെപ്പോലെയുള്ള അസംഖ്യംപേർ നശിച്ചുപൊയ്ക്കൊള്ളട്ടെ. എന്നാൽ സത്യം ജയിക്കട്ടെ. അബദ്ധാനുവശഗരും കേവലം മർത്ത്യരുമായ എന്നെപ്പോലെയുള്ളവർക്കുവേണ്ടി സത്യത്തിന്റെ സ്വതസിദ്ധമായ മാഹാത്മ്യത്തെ അണുപോലും കുറയ്ക്കാതിരിക്കുക.

*  *  *  *  *

ഭൂരിപക്ഷഭരണം ഒരു തെരുക്കലായിത്തീന്നാൽ, ഒരു ഉദ്യോഗസ്ഥ ന്യൂനപക്ഷത്തിന്റെ ഭരണംപോലെ തന്നെ അതു് അസഹനീയമായിത്തീരുന്നതാണു്.

*  *  *  *  *

സത്യാന്വേഷണത്തിനുള്ള മാർഗ്ഗങ്ങൾ ഒരേസമയത്തുതന്നെ സുഗമവും, ദുർഗ്ഗമവുമാണു്. ഗർവ്വിഷ്ഠനായ ഒരാൾക്കു അവ ദുർഗ്ഗമമായിത്തോന്നിയേക്കാം. എന്നാൽ നിർദ്ദോഷികളായ കുട്ടികൾക്കു് അവ സുഗമമായിത്തോന്നുന്നതാണു്.

*  *  *  *  *

എല്ലാവരുടേയും ഐക്യത്തിനും എല്ലാവരുടേയും ഒരുപോലെയുള്ള ഗുണത്തിനും വേണ്ടി, പ്രവർത്തിക്കുക എന്നുള്ളതാണു് എന്റെ സന്ദേശം.

*  *  *  *  *

ദൈവം ഒരാളാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. എന്നെ സംബന്ധിച്ചിടത്തോളം സത്യമാണു് ദൈവം. ദൈവവും ദൈവനിയമങ്ങളും രണ്ടുസംഗതികളോ വസ്തുക്കളോ അല്ല. ദൈവവും ദൈവനിയമങ്ങളും സർവ്വത്ര വർത്തിച്ചു സർവ്വത്തേയും ഭരിക്കുന്നു.

*  *  *  *  *

# വിദ്യാഭ്യാസനവീകരണം.

(പ്രൊഫസ്സർ പി. എസ്സ്. അച്ചുതൻപിള്ള. എം. എ എം. എൽ.)

ഇപ്പോൾ ചിന്താവിഷയമായിരിക്കുന്ന പ്രധാനപ്രശ്നം പ്രീ. യൂണിവേഴ്സിറ്റി കോഴ്സും അതിനെത്തുടർന്നുള്ള സർവകലാശാല ത്രിവത്സരഡിഗ്രി കോഴ്സും സ്വീകരിക്കണമോ അതോ പഴയപടി ഇന്റർമീഡിയേറ്റും ബി. എ. ഡിഗ്രി കോഴ്സും തുടർന്നുകൊണ്ടു പോയാൽ മതിയോ എന്നുള്ളതാണല്ലോ. ഇതേപ്പറ്റി നിഷ്പക്ഷമായി പരിശോധിക്കുന്ന പക്ഷം പുതിയ രീതി, പഴയതിനെ അപേക്ഷിച്ചു തുലോം മെച്ചമെന്നു് നമുക്കു് ബോദ്ധ്യപ്പെടും. ഇന്നത്തെ വിദ്യാഭ്യാസരീതിയുടെ ഒരു പ്രധാന ദോഷം അവനവനു യഥാർത്ഥത്തിൽ വാസനയോ അഭിരുചിയോ ഇല്ലാത്ത വിഷയങ്ങൾ കൂടി പഠിക്കാൻ നിർബന്ധിതനാകുന്നു വെന്നുള്ളതാണു്. തന്മൂലം സാങ്കേതിക വിഷയങ്ങളിൽ വിദഗ്ദ്ധജ്ഞാനം സമ്പാദിക്കുന്നതിനുള്ള സൗകര്യവും വിദ്യാർത്ഥിക്കു നഷ്ടമാകുന്നു. ഉദാഹരണമായി ഇന്നത്തെ ഇന്റർമീഡിയേറ്റു സമ്പ്രദായം പരിശോധിക്കുക. അതിലെ ഒന്നും രണ്ടും വിഭാഗങ്ങൾ ഇംഗ്ലീഷും, മാതൃഭാഷാപഠനവും മാത്രമാകുന്നു. മൂന്നാം ഭാഗത്തിൽ മാത്രമാണു് വിഷയജ്ഞാനപഠനം ഉൾക്കൊള്ളുന്നതു്. രണ്ടു കൊല്ലത്തെ അദ്ധ്യയന കോഴ്സിൽ മൂന്നിൽ രണ്ടു ഭാഗവും ഇംഗ്ലീഷും മലയാളവും പഠിക്കുവാൻ ചിലവഴിക്കേണ്ടിവരുന്നു. വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ ഉദ്ദേശം വെറും ഭാഷാപഠനമല്ലാ—നേരെമറിച്ചു് ഉൽകൃഷ്ട വിദ്യാഭ്യാസോദ്ദേശം സ്വഭാവസംസ്കാരത്തിനുപുറമെ വിഷയങ്ങളിലുള്ള വിദഗ്ദ്ധജ്ഞാനസമ്പാദനം കൂടിയാണു്. കെമിസ്റ്റ്റിയിലോ, ഫിസിക്സിലോ, കണക്കിലൊ, ചരിത്രത്തിലോ ഒരുവനു ലഭിക്കുന്ന ദൃഢജ്ഞാനമാണു് അവനു് പിൽക്കാല ജീവിതത്തിൽ ഉപകാരപ്രദമായിത്തീരേണ്ടതു്. പുതിയ ത്രിവത്സരഡിഗ്രി കോഴ്സിനുള്ള പ്രത്യേക വൈശിഷ്ട്യം ഈ മൂന്നു വത്സരക്കാലവും അവനവൻ താന്താങ്ങളുടെ അഭിരുചിക്കനുസരണമായി തിരഞ്ഞെടുത്തിട്ടുള്ള വിഷയങ്ങൾ പഠിക്കുന്നതിനു വിനിയോഗിക്കാമെന്നുള്ളതാണു്. തന്മൂലം ഒരോ വിഷയവും കുറഞ്ഞ പക്ഷം പ്രീ. യൂണിവേഴ്സിറ്റി കോഴ്സുൾപ്പെടെ ഏകദേശം നാലുകൊല്ലക്കാലം സമഗ്രമായി പഠിച്ചശേഷം പരീക്ഷാ വിജയികളായി വരുന്നവരുടെ ഐച്ഛിക വിഷയജ്ഞാനം ഇന്നത്തെ ബി. എ. ഡിഗ്രിക്കാരുടെതിനേക്കാളും തുലോം മെച്ചമായിരിക്കുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ഇന്നു് ബി. എ. പാസ്സായി വരുന്ന വിദ്യാർത്ഥികളുടെ പഠനകാലത്തിൽ മൂന്നിൽ രണ്ടു ഭാഗവും ഇംഗ്ലീഷ്, മലയാളം മുതലായ നിർബന്ധിത വിഷയങ്ങൾ പഠിക്കുന്നതിനു വിനിയോഗിക്കുന്നു. തന്മൂലം അവർക്കു് സയൻസു മുതലായ വിഷയങ്ങളിൽ തങ്ങളുടെ സകല ശ്രദ്ധയും പതിപ്പിക്കുന്നതിനു സമയം ലഭിക്കുന്നില്ല.

എന്നാൽ ഇതിൽനിന്നും ഭാവിയിൽ വരാൻ പോകുന്ന ഡിഗ്രിപരീക്ഷാ വിജയികളുടെ ഭാഷാജ്ഞാനം തുലോം മോശമായിരിക്കുമെന്നു് ആരും ഭയപ്പെടേണ്ട. ഇംഗ്ലീഷു് ഭാഷ നല്ലവണ്ണം എഴുതാനും വായിക്കാനും പ്രത്യേകിച്ചു് ശാസ്ത്രഗ്രന്ഥങ്ങൾ പഠിക്കാനുപകരിക്കത്തക്ക ആംഗ്ലേയഭാഷാജ്ഞാനം ഓരോ സർവകലാശാല വിദ്യാർത്ഥിക്കും ലഭിക്കത്തക്ക വിധമാണു് പ്രീ. യൂണിവേഴ്സിറ്റി പഠനപദ്ധതി രൂപീകരിച്ചിരിക്കുന്നതു്. ഇംഗ്ലീഷു ഗദ്യപദ്യസാഹിത്യകാരന്മാരുടെ കൃതികളുടെ വിശദപഠനം അവർക്കു മുൻരീതിപോലെ നിർബന്ധമാക്കിയിട്ടില്ല. എന്നാൽ ഇംഗ്ലീഷു് ഭാഷ എഴുതുന്നതിനും വായിക്കുന്നതിനും പ്രായോഗികജ്ഞാനം ലഭിക്കത്തക്ക രീതിയിലാണു് പ്രീ. യൂണിവേഴ്സിറ്റി സിലബസ്സ് രൂപീകരിച്ചിട്ടുള്ളതെന്നു നിസ്സംശയം പറയാം. കുട്ടികളിൽ generai knowledge അഥവാ ലോകത്തിലെ വിവിധ വസ്തുക്കളെപ്പറ്റിയുള്ള സാമാന്യജ്ഞാനം പഠി

പുഷ്ടിപ്പെടുത്തത്തക്കവിധവുമാണ് ഈ പാഠപദ്ധതി നിർമ്മിക്കപ്പെട്ടിട്ടുള്ളത്. ഇതിനും പുറമെ വിഷയങ്ങളിലുള്ള ജ്ഞാനപരിധി ഇന്നത്തെ സീനിയർ ഇന്റർ മീഡിയേറ്റു വിദ്യാർത്ഥികൾക്കു രണ്ടുകൊല്ലം കൊണ്ടു സമ്പാദിക്കുന്ന അറിവിനു തുല്യമാണ്. മുറപ്രകാരം ശരിയായി പഠിക്കുന്നപക്ഷം ഒരു കൊല്ലം കൊണ്ടു ഭാഷയിലും വിഷയത്തിലും സാമാന്യജ്ഞാനം ഒരു വിദ്യാർത്ഥിക്കു ലഭിക്കുന്നു. ഇന്നത്തെ ഇന്റർമീഡിയേറ്റ് കോഴ്സിൽ ജൂനിയർ ഇന്റർമീഡിയേറ്റു കാലം മുഴുവനും വിദ്യാർത്ഥികൾ മിക്കവാറും വിശ്രമമെടുക്കുന്നു എന്നു പറയാം. പ്രീ. യൂണിവേഴ്സിറ്റിയിൽ ഓരോ നിമിഷവും അവർ പഠനത്തിൽ സശ്രദ്ധരായി കഴിയുവാൻ നിർബന്ധിതരായിത്തീരുന്നു. അതു ജയിച്ച്, യഥാർത്ഥ സർവ്വകലാശാല ഡിഗ്രികോഴ്സിൽ പ്രവേശിച്ചു മൂന്നു സംവത്സരക്കാലം ഓരോ ഐച്ഛികത്തിലും ബദ്ധശ്രദ്ധരായി തീവ്രപഠനം നടത്തി വിജയശ്രീലാളിതന്മാരായി വരുന്ന നമ്മുടെ ബിരുദധാരികൾക്കൊപ്പം സമർത്ഥന്മാരായി ഈ ഭാരതഭൂമിയിൽ വേറെ അധികം ആളുകൾ കാണുമെന്നു തോന്നുന്നില്ല. ഇത്രമാത്രം വിജ്ഞാനസന്ദായകമായ ഈ രീതിയെ അപലപിക്കുന്നവർ വിദ്യാഭ്യാസത്തിന്റെ മൗലികതത്വങ്ങളെത്തന്നെ വിസ്മരിക്കുകയല്ലേ ചെയ്യുന്നതെന്നു ഞാൻ സംശയിച്ചു പോകുന്നു.

മുൻരീതി വിദ്യാർത്ഥികളെ ആഫീസുകളിലെ ഒന്നാന്തരം ക്ലാർക്കന്മാരാക്കിത്തീർക്കുന്നതിനു പര്യാപ്തമാണ്. ഒരു പക്ഷെ ആദികാലത്തു ഇൻഡ്യയിൽ ഇംഗ്ലീഷ് ഭാഷാപഠനസമ്പ്രദായം ഈസ്റ്റിൻഡ്യാക്കമ്പനിക്കാർ നടപ്പിലാക്കിയപ്പോൾ അവരുടെ ഉദ്ദേശം അതായിരുന്നിരിക്കാം. എന്നാൽ ആധുനിക ഭാരതത്തിൽ അതായതു വ്യവസായത്തിലും വാണിജ്യത്തിലും കൃഷിയിലും മററും പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഭാരതത്തിനു അത്യാവശ്യം വേണ്ട വിദ്യാഭ്യാസസമ്പ്രദായമാണ് പ്രീ യൂണിവേഴ്സിറ്റി ത്രിവത്സര ഡിഗ്രി കോഴ്സിൽ സംവിധാനം ചെയ്തിട്ടുള്ളത്.

ഇന്നത്തെ പ്രീ യൂണിവേഴ്സിറ്റി പരീക്ഷയ്ക്കുവച്ചിരിക്കുന്ന മാനദണ്ഡം കുറേക്കൂടി പോരായെന്നുതോന്നിയേക്കാം. എന്നാൽ വിദ്യാഭ്യാസ പരിഷ്കരണ കമ്മററിക്കാർ നിർദ്ദേശിച്ചിട്ടുള്ളതുപോലെയും കഴിഞ്ഞ രണ്ടുകൊല്ലക്കാലം നടപ്പിലിരുന്നിരുന്നതുമായ പഠനപദ്ധതി തുടരുന്നപക്ഷം വിദ്യാർത്ഥികൾക്ക് വലിയ വിഷമം തോന്നുകയില്ല. ഈ പുതിയരീതി അനുസരിച്ച് ഹൈസ്കൂൾ ക്ലാസ്സുകളിൽ ഐച്ഛികവിഷയപഠനം മാതൃഭാഷയിലായിരിക്കുമെല്ലോ. തന്മൂലം വിദ്യാർത്ഥികൾക്ക് മാതൃഭാഷയിലും ശരിയായ ജ്ഞാനം ലഭിക്കുവാൻ സംഗതിയാകുന്നു. മാതൃഭാഷയിൽ സംഗതികൾ മനസ്സിലാക്കുന്നതുകൊണ്ട് വിഷയജ്ഞാനവും അനായാസേന അവർക്ക് കരസ്ഥമാകുന്നു. ഇപ്രകാരം മാതൃഭാഷയ്ക്കും ഐച്ഛികവിഷയജ്ഞാനത്തിനും ഒരുപോലെ പററിയ ഒരു രീതിയെയല്ലെ നാം ഇപ്പോൾ താല്ക്കാലികമായി തടഞ്ഞുവെച്ചിരിക്കുന്നതെന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇതിനെല്ലാററിനും പുറമെ ഇന്നത്തെ സെക്കൻഡറി വിദ്യാഭ്യാസം വിദ്യാർത്ഥികളെ സ്വാഭാവികമായി സർവ്വകലാശാലയിലേക്കുമാത്രം നയിക്കുന്നു. സ്കൂൾഫൈനൽ പാസ്സായാൽ കാളേജിൽ ചേരുകയെന്നല്ലാതെ ഇതര പന്ഥാക്കളിൽ തിരിയണമെന്നൊരു വിചാരമുണ്ടായാൽതന്നെയും ഇതരപന്ഥാക്കളിൽ തിരിയത്തക്കവണ്ണമുള്ള സാങ്കേതിക വിദ്യാലയങ്ങളോ നമ്മുടെ രാജ്യത്തിലില്ല. പുതിയ വിദ്യാഭ്യാസരീതി രാജ്യത്തിനു പൊതുവെ ക്ഷേമകരമായിത്തീരണമെങ്കിൽ, രാജ്യത്തിന്റെ നാനാഭാഗത്തും സാങ്കേതികകലാശാലകൾ ഉടനടി സ്ഥാപിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം പഴയപോലെ ഈ എസ്സ്. എൽ. സീ പാസ്സായി ഗത്യന്തരമില്ലാത്ത എല്ലാ വിദ്യാർത്ഥികളും കാളേജ് വിദ്യാഭ്യാസത്തിനു മുതിരും. സർവ്വകലാശാലവഴിയുള്ള കാളേജ് വിദ്യാഭ്യാസ, ഓരോരോ വിഷയങ്ങളിൽ യഥാർത്ഥവാസനയും അഭിരുചിയും ഉള്ളവർക്ക് മാത്രം ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. പ്രീ യൂണിവേഴ്സിറ്റിയാകുന്ന പ്രവേശനപരീക്ഷമൂലം ഓരോ വിദ്യാർത്ഥിക്കും അവർ എടുത്തിരിക്കുന്ന വിഷയങ്ങളിൽ ഉപരിപഠനം നിർവ്വഹിക്കുന്നതിനുവേണ്ട കെല്പും സാമാന്യജ്ഞാനവുമുണ്ടോ എന്നു യൂണിവേഴ്സിറ്റിപരിശോ

ധിച്ചു തീർച്ചയാകുന്നു. ഈ പ്രാരംഭ പരീക്ഷയിൽ വിജയികളാകുന്ന വിദ്യാർത്ഥികൾക്കാണു് പിന്നീടു് ഐച്ഛികവിഷയങ്ങളിൽ മൂന്നാംകൊല്ലക്കാലംകൊണ്ടു് വിശദ വിജ്ഞാനപരിശീലനം നൽകുന്നതു്.

ഇൻഡ്യാ ഗവൺമെന്റിൽനിന്നും സർവ്വകലാശാലാവിദ്യാഭ്യാസ പരിഷ്കരണോദ്ദേശത്തോടുകൂടി താമസിയാതെ ഒരു സർവ്വേന്ത്യാ സർവ്വകലാശാലക്കമ്മീഷൻ ഏർപ്പെടുത്തുവാൻ പോകുന്നുണ്ടു്. ആ കമ്മററിക്കാരുടെ റിപ്പോർട്ടിലെ പരിഷ്കാരനിർദ്ദേശങ്ങൾ സാമാന്യേന തിരുവിതാംകൂർവിദ്യാഭ്യാസ പരിഷ്കരണക്കമ്മററിക്കാരുടെ നിർദ്ദേശങ്ങളോടു സമാനമായിരിക്കാനേ തരമുള്ളു. എന്തെന്നാൽ ഇന്നത്തെ ഇൻറർമീഡിയേററു രീതി പരാജയമായി കലാശിച്ചിട്ടുണ്ടെന്നും അതു് നിർത്തി എല്ലാ സർവ്വകലാശാലകൾക്കും ഒരു പ്രത്യേക പ്രവേശനപരീക്ഷയും അതേതുടർന്നു ത്രിവത്സര ഡിഗ്രി കോഴ്സും വേണമെന്നു് ഇന്നത്തെ വിദ്യാഭ്യാസ വിചക്ഷണന്മാർ എല്ലാം മിക്കവാറും സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ഈ രീതി ഡൽഹി യൂണിവേഴ്സിററിയിലും സിലോൺ യൂണിവേഴ്സിററിയിലും ഏർപ്പെടുത്തിക്കഴിഞ്ഞു. ആ സ്ഥിതിക്കു നാം മുമ്പോട്ടു വെച്ചകാൽ ഈ ഘട്ടത്തിൽ പിറകോട്ടു വെക്കണമോ എന്നു ഗാഢമായി ചിന്തിക്കേണ്ടതാകുന്നു.

പുതിയ രീതിക്കെതിരായി പറയുന്ന മറെറാരു ന്യായം ഒരുപക്ഷേ മററു സർവ്വകലാശാലക്കാർ നമ്മുടെ കോഴ്സിനെ അംഗീകരിക്കാതെ വന്നേക്കുമോ എന്നുള്ളതാണു്. ഇതും അടിസ്ഥാനരഹിതമായ ഭയമാകുന്നു. നമ്മുടെ ഇ. എസ്സ്. എൽ. സി. ജയിച്ചവരെ ഇന്നത്തെപ്പോലെ മേലും രാജ്യത്തിനു വെളിയിലുള്ള കാളേജുകാർ സ്ഥലമുണ്ടെങ്കിൽ ജൂനിയർ ഇൻറർമീഡിയററിനു പ്രവേശിപ്പിക്കാതിരിക്കുകയില്ല. തിരുവിതാംകൂർ ഇ. എസ്സ്. എൽ. സി പരീക്ഷയെ ഇതരസർവ്വകലാശാലക്കാർ അംഗീകരിച്ചു കഴിഞ്ഞിട്ടുണ്ടു്. അതുപോലെതന്നെ നമ്മുടെ ത്രിവത്സരഡിഗ്രികോഴ്സിലെ പ്രഥമവർഷാവസാനപ്പരീക്ഷയെയും അവർ അവരുടെ സീനിയർ ഇൻറർമീഡിയേററിനു തുല്യം അംഗീകരിക്കാതിരിക്കയില്ല. കാര്യക്ഷമത മാത്രം മാനദണ്ഡമായി നോക്കുന്നപക്ഷം ഐച്ഛിക വിഷയങ്ങളെ സംബന്ധിച്ചിടത്തോളം നമ്മുടെ യൂണിവേഴ്സിററിയിലെ പ്രഥമ വർഷാവസാന പരീക്ഷ പാസ്സായവർ സീനിയർ ഇൻറർമീഡിയേററു വിജയികൾക്കു തുല്യം മെച്ചമായിരിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. തന്മൂലം ഈ വിദ്യാർത്ഥികൾക്കു് ഇതരസർവ്വകലാശാലകളിൽ മെഡിക്കൽ എൻജിനീയറിംഗ് മുതലായ കോഴ്സുകൾക്കു് പ്രവേശനം ന്യായമായി പ്രതീക്ഷിക്കാവുന്നതാണു്. ഇങ്ങിനെ നാനാവിധത്തിലും പ്രയോജനകരമായ ഒരു വിദ്യാഭ്യാസപദ്ധതിയാണു് നമ്മുടെ രാജ്യത്തു് ഉൽഘാടനം ചെയ്തിരിക്കുന്നതെന്നാണു് എന്റെ വിനീതമായ അഭിപ്രായം.

മലയാളം, ഇംഗ്ലീഷ്, തമിഴ്, സംസ്കൃതം എന്നീ ഭാഷകളിലുള്ള

## എല്ലാത്തരം അച്ചടിജോലികളും

ആദായനിരക്കിൽ ആകർഷകമായ രീതിയിൽ

## കൃത്യസമയത്തു് ചെയ്തുകൊടുക്കപ്പെടും.

മാനേജർ, വി. വി. പ്രെസ്സ്, കൊല്ലം.

# സമാഗമം.

(പട്ടം, എൻ. ഗോപാലൻനായർ, ബി. ഏ. ബി. എൽ.)

ജീവിതേശനാഥനിന്നെഴുന്നള്ളു-
മീസമാഗമവേളയിൽ
എന്തിനായ് സഖിയെന്റെ മാനസം
ചിന്തചൂണ്ടുഴന്നീടുന്നു!
വയ്യെനിക്കൊന്നും ചെയ്യുവാനെന്റെ-
മെയ്യഖിലം തളരുന്നു.

എത്രകാലമായീശ്ശുഭരാത്രി-
കാത്തുകാത്തിരിക്കുന്നു ഞാൻ!
ദീപജാലത്താലെന്മണിയറ
നീയലങ്കരിച്ചീടണം.
കോമളസുമരാജികൊണ്ടൊരു-
പ്രേമഹാരം രചിക്കണം
പിച്ചകപ്പൂവിരിച്ചൊരു പുതു-
പുഷ്പതല്പമൊരുക്കണം.
ചന്ദനച്ചാറൊഴിച്ചുതുവെള്ളി-
ക്കിണ്ണമൊന്നു നിറയ്ക്കണം.

പ്രേമഗാനങ്ങൾ മീട്ടുവാൻമണി-
വീണനീമുറുക്കീടണം.

ശാരദശശിലേഖ വാനിന്റെ
മാറിൽ പുഞ്ചിരിതൂകുന്നു.
മന്ദമാരുതനാത്മനാഥന്റെ
സന്ദേശം വഹിച്ചെത്തുന്നു:
വീഥിയിൽ ദൂരെക്കേൾപ്പൂ പൊന്മണി-
ത്തേരുരുളുന്ന നിസ്വനം
എത്തുകയായിന്നെത്തുകയാണാ-
നിത്യനിർവ്വാണ ദായകൻ!

കേവലാനന്ദത്തിൻതിരയിലെൻ-
ജീവിതം മുങ്ങിമായുമോ?
എൻകരളുതളർന്നു നാഥന്റെ-
മുമ്പിൽ മൂർച്ഛിച്ചുവീഴുമേ!
പ്രാണനാഥസമാഗമത്തിനെൻ-
പ്രാണനൻ കാണിക്ക വയ്ക്കണം...!

---


വാങ്ങുവിൻ! വായിപ്പിൻ!

തിരുവല്ലാ മഹാക്ഷേത്രത്തിന്റെ സ്ഥലപുരാണം അസ്പദമാക്കി സ്വതന്ത്രമായി രചിച്ചിട്ടുള്ള

# ശ്രീവല്ലഭചരിതം

ലഘുകാവ്യം വില രൂപാ ഒന്നുമാത്രം.

വിദ്വാൻ, വി. കൃഷ്ണൻനമ്പൂതിരി, M. R. A. S.
തുകലശ്ശേരി, തിരുവല്ലാ A. O. & P. O.

# പ്രപഞ്ചത്തെപ്പററിയുള്ള ശാസ്ത്രീയ നിയമങ്ങൾ.

(പി. എം. ജോസഫ്)

വളരെക്കാലത്തെ അവിശ്രമപരിശ്രമഫലമായി പാശ്ചാത്യശാസ്ത്രജ്ഞന്മാർ വസ്തുക്കളുടെ പ്രകൃതികളെപ്പററി പല രഹസ്യങ്ങളും മനസ്സിലാക്കീട്ടുണ്ടു്. ഭൂമിയിൽ കാണുന്ന വസ്തുക്കൾ സംയുക്തമായവയാണെന്നും അവയെല്ലാം ഒന്നിനോടൊന്നു കടപ്പെട്ടാണു സ്ഥിതിചെയ്യുന്നതെന്നും അവർക്കു കണ്ടുപിടിക്കുവാൻ ഇടയായിട്ടുണ്ടു്. സംയുക്തമായ വസ്തുക്കൾക്കു മൂലധാതുക്കളായി ഏകദേശം 90 പദാർത്ഥങ്ങളുണ്ടെന്നാണു് ആധുനികശാസ്ത്രജ്ഞന്റെ അഭിപ്രായം. വെള്ളി സ്വർണ്ണം ചെമ്പു് ഇരുമ്പു് മുതലായ ലോഹങ്ങൾ ഓജോനകം (Oxygen) അബ്ജനകം (Hydrogen) ഹീലിയം മുതലായ വായുക്കൾ ഗന്ധകം, ഇംഗാലം (Carbon) മുതലായ ലോഹങ്ങൾ അല്ലാത്തവയും ഈ തൊണ്ണൂറു് ധാതുക്കളിൽ ഉൾപ്പെട്ടിരിക്കുന്നു. വെള്ളം ഒരു സംയുക്തവസ്തുവാണു്. അതു ഓജോനകം അബ്ജനകം എന്നിവയുടെ ക്രമാനുസരണമുള്ള സംയോജനത്തിൽനിന്നുണ്ടാകുന്നു.

ഹീലിയം എന്ന വാതകത്തെ ആദ്യമായി കണ്ടുപിടിച്ചതു (1868) ജെ. നോർമൻ ലേക്കയർ എന്ന ബ്രിട്ടീഷ് ശാസ്ത്രജ്ഞനാണെങ്കിലും അതിന്റെ ഗുണഗണങ്ങളേയും ഉപയോഗങ്ങളേയും മററും കുറിച്ചു സവിസ്തരം പ്രതിപാദിച്ചിട്ടുള്ളതു് സീബെൻ എന്ന അമേരിക്കൻ ശാസ്ത്രജ്ഞനാണു്. ഈ വാതകത്തിനു ചില പ്രത്യേകതകൾ ഉണ്ടെന്നു് ഇപ്പോൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. വായുവിന്റെ ഏഴിൽ ഒരു ഭാഗം മാത്രമേ അതിനു (Hediem) ഘനമുള്ളു എന്നതുകൊണ്ടു വിമാനങ്ങളുടേയും മററും ഉപകരണങ്ങളിൽ ഈ വായുവിശേഷത്തെ നിറയ്ക്കുന്നതു് കൂടുതൽ ഉപയോഗപ്രദമായി കണ്ടുപിടിക്കപ്പെട്ടിട്ടുണ്ടു്. ഈ വാതകം മററു ധാതുക്കളുമായി കൂടിച്ചേരുകയില്ലെന്നും കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. രണ്ടാംലോകമഹായുദ്ധാവസരങ്ങളിൽ ഈ വാതകത്തെ സുലഭമായി കിട്ടുവാൻ ജർമ്മൻകാർ വളരെ യത്നിച്ചിട്ടുണ്ടു്. മഗ്നീഷ്യം മുതലായ ലോഹങ്ങളെ കൂട്ടി വിളക്കുന്നതിനും വൈദ്യപരമായും അനേകം ഉപയോഗങ്ങൾ ഉള്ള ഈ വാതകത്തിന്റെ കഴിവുകളെക്കുറിച്ചു ശാസ്ത്രജ്ഞന്മാർ ഇപ്പോഴും ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നതേയുള്ളു. അതങ്ങിനെ നില്ക്കട്ടെ.

ഈ നൂററാണ്ടിന്റെ ആരംഭദശയിൽതന്നെ ശാസ്ത്രലോകത്തിൽ അവതീർണ്ണങ്ങളായ രണ്ടു സിദ്ധാന്തങ്ങളത്രെ ക്വാൻറാസിദ്ധാന്തവും ആപേക്ഷിക സിദ്ധാന്തവും. (Theory of Quanta and Theory of Relativity) തേജഃപ്രസാര (Radiation) പ്രചാരണങ്ങളുടെ പരസ്പരാകർഷണം (Gravitation) എന്നിവ രണ്ടും ഇരുപതാംനൂററാണ്ടിനു മുമ്പുതന്നെ ആവിർഭൂതങ്ങളായ രണ്ടു കാര്യങ്ങൾ ആണെങ്കിലും അവയെ സംബന്ധിക്കുന്ന അനേകം ചോദ്യങ്ങൾക്കു യാതൊരു സമാധാനവും ലഭിക്കാതെ കഴിയുന്ന അവസരത്തിലത്രെ (1900) ജർമ്മൻ പ്രൊഫസറായ മാക്സ് പ്ലാങ്ക് ക്വാൻറാ സിദ്ധാന്തത്തിന്റെ വാദം പുറപ്പെടുവിച്ചതു്. പിന്നീടു കണ്ടുപിടിക്കപ്പെട്ട ആപേക്ഷിക സിദ്ധാന്തത്തിന്റെ ജനയിതാവും ജർമ്മൻകാരനായ മറെറാരു പ്രൊഫസർ (ഐൻസ്റ്റീൻ) ആണു്. പക്ഷെ ആപേക്ഷികസിദ്ധാന്തത്തേക്കാൾ അതു (ക്വാൻറാസിദ്ധാന്തം) ശാസ്ത്രലോകത്തിൽ വലിയ കോളിളക്കങ്ങൾ ഉണ്ടാക്കിയെന്നു പറയാം.

ശക്തി (Energy) പ്രവാഹം ഒന്നിച്ചും ഒററയായും അവിഭാജ്യമായും അല്ലെന്നും തുള്ളിത്തുള്ളിയായ് മുറിഞ്ഞു വീഴുകയാണു ചെയ്യുന്നതെന്നും ആണു ക്വാൻറാ സിദ്ധാന്തത്തിന്റെ താ

ച്ചുരുക്കാം. ഈദൃശമുള്ള ശക്തിബിന്ദുക്കളെയാണു ക്വാൻറങ്ങളെന്നു പറയുന്നതു്. ക്വാൻറാ എന്നു പറയുന്നതു് ശക്തിയുടെ ഏററവും ചെറിയ അളവാണെന്നത്രെ പ്രസ്തുത സിദ്ധാന്തക്കാരുടെ മതം. സൂൎയ്യപ്രകാശംതന്നെ ശക്തിപ്രസരണത്തിൻെറ ഒററയായ തള്ളലല്ല അതു ഓരോ ക്വാൻറങ്ങളായി പ്രസരിക്കുകയാണു ചെയ്യുന്നതു്. ഈ വാദം ഉന്നയിച്ചതിനുശേഷം അനേകംപേർ എതിർവാദത്തിനു പുറപ്പെടുകയുണ്ടായി. ചുരുക്കിപ്പറയുകയാണിവിടെ. ഒടുവിൽ ഹൈഡൻബർഗ്ഗ്, ഡീ. ബ്രോഗ്ലീ, ഷ്റോസിഞ്ജർ എന്നിത്യാദി ശാസ്ത്രജ്ഞന്മാർ സശ്ശിരക്കമ്പം ക്വാൻറാവാദത്തെ വകവെക്കുകയാണുണ്ടായതു്.

പ്രൊഫസർ ജി. പി. തോംസൺ വസ്തുവിൻെറ സൂക്ഷ്മഘടകങ്ങളെ, അലക്തകങ്ങളെ (Elcctrone) ഒരിഞ്ചിൻെറ പത്തുലക്ഷത്തിൽ ഒരംശംമാത്രം ഘനമുള്ള ചെമ്പുതകിടുകളിൽ പായിച്ചുനോക്കി. അലക്തകം സൂക്ഷ്മഘടകമാണെന്നു പറയണമെങ്കിൽ അതു ഒരു പ്രത്യേക നിമിഷത്തിൽ ഏതു സ്ഥാനത്തിരിക്കുന്നുവെന്നും, അതിൻെറ സഞ്ചാരവേഗത (Speed) എന്നിവയെപ്പററിയും മററും പരിപൂൎണ്ണ പരിജ്ഞാനം സിദ്ധിക്കാതെ നിവൃത്തിയില്ല. ഓരോ നിമിഷത്തിലും ഇവയെപ്പററി അറിയുകയെന്നതു അത്ര എളുപ്പമുള്ള സംഗതിയുമല്ലല്ലോ. അലക്തകം പ്രകാശം പുറപ്പെടുവിക്കണമെങ്കിൽ സ്വസ്ഥാനത്തു നിന്നിളകണം. അലക്തകം ഇന്നസ്ഥലത്തു ഇന്നിന്ന പരിതസ്ഥിതികളിൽ ഉണ്ടായേക്കാം എന്നു പറയുന്നതിനു മാത്രമേ നമുക്കു സാധിക്കയുള്ളു. ഇങ്ങിനെയുള്ള അനിശ്ചിതത്വത്തെ (സംശയസ്ഥാനത്തെ) ഹൈസൻബർഗ്ഗ് മുറുകെപ്പിടിച്ചു പുതിയ അഭിപ്രായങ്ങൾ ഉന്നയിക്കുകയും ചെയ്തിട്ടുണ്ടു്. ശാസ്ത്രം സംശയങ്ങളേയും 'വിധി'യേയും അടിസ്ഥാനമാക്കി കാൎയ്യകാരണവ്യവഹാരത്തിന്നു ഇനിയുന്നു എന്നു വരുന്നതിൽപരം കഷ്ടം മറെറന്താണു്?

ഇനി നമുക്കു് ഇന്നു ജീവിച്ചിരിക്കുന്നവരിൽ ഏററവും കേമൻ എന്നു ഗണിക്കപ്പെട്ടുവരുന്ന ആൽബർട്ട് എയിൻസ്റ്റീൻ എന്ന ശാസ്ത്രജ്ഞൻെറ ആപേക്ഷിക സിദ്ധാന്തത്തിൻെറ കാൎയ്യം എടുക്കാം. വസ്തുക്കളുടെയും വസ്തുതകളുടെയും അന്യോന്യബന്ധംമാത്രമേ നമുക്കു വീക്ഷിക്കുവാൻ സാധിക്കുകയുള്ളു എന്നത്രെ ആപേക്ഷികസിദ്ധാന്തം ഉന്നയിക്കുന്നതു്. സ്ഥലകാലങ്ങളുടെ അളവുകളും തോതുകളും ആപേക്ഷികങ്ങൾ മാത്രമാണു്. രണ്ടുവസ്തുക്കൾക്കോ രണ്ടുനിമിഷങ്ങൾക്കോ തമ്മിലുള്ള അകലം വിശ്വത്തിലുള്ള എല്ലാനിരീക്ഷകന്മാരും ഒരുപോലെയല്ല വീക്ഷിക്കുന്നതു്. എന്നാൽ നിരീക്ഷകൻെറതല്ലാത്ത തോതുകൾ അവയ്ക്കുണ്ടോ? ഒട്ടില്ലതാനും. ഇതിൽനിന്നനുമാനിക്കേണ്ടതു് എന്തെന്നാൽ സ്ഥലകാലങ്ങൾ നിരീക്ഷകൻെറ മനോമണ്ഡലത്തെ മാത്രം ആശ്രയിച്ചാണിരിക്കുന്നതു് എന്നത്രെ. നമ്മെ സംബന്ധിച്ചിടത്തോളം സ്ഥലം (Spaec) നമുക്കുചുററും വ്യാപിച്ചുകിടക്കുന്ന എന്തോ ഒന്നായും കാലം (Time) നമ്മെ കടന്നുപോകുന്ന എന്തോ ഒന്നായുമാണു് നാം കണക്കാക്കുന്നതു്. പക്ഷേ ഇങ്ങിനെയുള്ള പരിതസ്ഥിതികളോ ഭാവനകളോ ഒന്നുംതന്നെ പ്രകൃതിയെ ബാധിക്കുന്നില്ല എന്നത്രെ ഐൻസ്റ്റീൻെറ അഭിപ്രായം. സ്ഥലവും കാലവുംമററും കൂടിച്ചേൎന്നതാണത്രെ ഈ വിശ്വം. വീക്ഷണത്തിൻെറ സ്ഥിതിഗതികൾ അനുസരിച്ചു വീക്ഷിക്കപ്പെടുന്നതിനു് വ്യത്യാസം വന്നുകൊണ്ടിരിക്കുന്നതായി നമുക്കു അനുഭവപ്പെടുന്നതുകൊണ്ടു് (വാസ്തവം അങ്ങിനെയല്ലെന്നു വന്നാലും) ഒന്നിനെ ആശ്രയിക്കുന്ന മറെറാന്നു് (വീക്ഷണത്തെ ആശ്രയിച്ചുള്ള കാഴ്ച) എന്നനിലയിൽ മാത്രമാണു് ആപേക്ഷികസിദ്ധാന്തത്തെ ഉന്നയിക്കപ്പെടുകയുണ്ടായതു്.

ആകാശത്തിൽകൂടി വളരെദൂരം ഒരാൾക്കു് ഋജുവായി സഞ്ചരിക്കുവാൻ സാധിക്കുമെങ്കിൽ അയാൾ തിരിച്ചുസ്ഥാനത്തുതന്നെ വന്നുചേരുമെന്നും, ഭൂമിയുടെ ഉപരിതലത്തിലുള്ള അകൽച്ച ഒരിക്കലും 12,000 മൈലിൽകൂടാത്തതുപോലെതന്നെ ആകാശത്തിലേയും ഏതെങ്കിലും രണ്ടു സ്ഥാനങ്ങൾ തമ്മിലുള്ള ദൂരം നിശ്ചിതമാണു്, എന്ന അഭിപ്രായത്തിലേക്കു് എയിൻസ്റ്റീൻ നമ്മെ ക്ഷണിക്കുന്നു. പക്ഷേ പ്രസ്തുത ആകാശസീമ അടിക്കടി വൎദ്ധമാനമായി വരുന്നുവെന്നാണു് ആധുനികജ്യോതിശ്ശാസ്ത്ര

ത്തിന്റെ അഭിപ്രായം. ഇങ്ങിനെ 13000 ലക്ഷം വർഷങ്ങൾകൊണ്ടു അതിന്റെ വ്യാപ്തി ദ്വിഗുണീകരിക്കുമെന്നും കാണുന്നു. ഈ വികാസത്തിന്നനുസരണമായി (Special increase) അപ്പോൾ മുൻപറഞ്ഞ രണ്ടുസ്ഥാനങ്ങൾ തമ്മിലുള്ള ദൂരവും വർദ്ധിച്ചുവരുന്നതാണല്ലോ ശാസ്ത്രം അടിസ്ഥാനമാക്കിവെച്ചിരിക്കുന്ന കറികോൽ (മതാളുകൾ) നിയതിയുടെ നിയോഗത്തിനുമുമ്പിൽ നമോവാകം ചെയ്യുന്നുവെന്നു ഇക്കാര്യസംബന്ധമായി നാം കാണുന്നുണ്ടല്ലോ.

ശാസ്ത്രീയ വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ നിന്നുകൊണ്ടു നോക്കുമ്പോൾ സാർവ്വത്രികമായി നമുക്കു കാണുന്നതു് വിഘടനമാണു്. എല്ലാം എരിഞ്ഞും അയുസ്സറ്റും ശക്തികുറഞ്ഞും വരുന്നു. സൂര്യന്റെ കാര്യംതന്നെ എടുക്കാം. 25,000ലക്ഷം ടൺ ശക്തിയാണു് സൂര്യൻ ഒരു മിനിട്ടിൽ വിസർജ്ജിക്കുന്നതു്. ഇതുപോലെയും സൂര്യനേക്കാൾ വളരെ അധികം വലിപ്പമുള്ള കോടാനുകോടി നക്ഷത്രങ്ങളും ശക്തിയുടെ ഈ അനവരതമായ ബഹിർഗമനത്തിൽനിന്നു ഒരുകാര്യമാണു് നമുക്കനുമാനിക്കേണ്ടി വന്നിട്ടുള്ളതു്—ഈ പ്രവാഹത്തിന്റെ അവസാനത്തിങ്കൽ വിശ്വത്തിലുള്ള ശക്തി സർവ്വത്ര അതിന്റെ ഏറ്റവും ലളിതാവസ്ഥയിലേക്കു ചെന്നുചേരും. ഈ അവസ്ഥ കമ്പിയില്ലാക്കമ്പിക്കു് അടിസ്ഥാനമായ വായുവീചികളെ സംബന്ധിച്ചുള്ളതാണെന്നറിയുന്ന ശാസ്ത്രജ്ഞന്മാരിൽ ഒരുവനായ എഡിങ്ടൺ ഈ പ്രപഞ്ചത്തിന്റെ പര്യവസാനം ഗംഭീരമായ ഒരു പ്രക്ഷേപണമായിരിക്കും എന്നു നേരമ്പോക്കായി പറഞ്ഞിട്ടുണ്ടു്. ഇന്നത്തെ ശാസ്ത്രജ്ഞൻ കാണുന്ന ലോകാവസാനം ഇതാണു്. കൊള്ളാം. വളരെ കഷ്ടപ്പെട്ടു് ശക്തി സംഭരിക്കുക. പിന്നീടു കഷ്ടപ്പാടോടുകൂടിത്തന്നെ അവയെ വിസർജ്ജിക്കുക, ഇല്ലാതാക്കുക. കൊച്ചു കുഞ്ഞുങ്ങൾ ശീട്ടുകടലാസ്സുകൾകൊണ്ടു കൊച്ചു പുരയുണ്ടാക്കുന്നു അതുണ്ടാക്കിക്കഴിഞ്ഞാൽ അവർതന്നെ അതു തല്ലിത്തകർക്കുന്നു. അഥവാ ചിത്തഭ്രമമുള്ള ഒരു കുശവൻ കുടങ്ങളും കലങ്ങളും ഉണ്ടാക്കിക്കഴിഞ്ഞ ഉടൻതന്നെ അവയെയെല്ലാം അയാൾതന്നെ ഉടച്ചു കളയുന്നു. ശാസ്ത്രജ്ഞന്റെ ദൃഷ്ടിയിൽ നിന്നുകൊണ്ടു പ്രപഞ്ചവീക്ഷണം ചെയ്യുന്നാൾക്കു് ഇപ്രകാരമുള്ള ഒരു തത്വമാണു് ഗോചരീഭവിക്കുന്നതു്.

അണുസിദ്ധാന്തത്തെപ്പറ്റിയും ഒന്നു നോക്കാം. ഏതു വസ്തുവിന്റെയും ഏറ്റവും ചെറിയ അംശത്തെ അണു അല്ലെങ്കിൽ മൂലകല (Molecule) എന്നു പറയുന്നു. അബ്ജനകത്തിന്റെ ഒരു കണത്തിനു ഒരു സെൻറിമീറ്ററിന്റെ പത്തു കോടിയിലൊരംശം വ്യാസമുണ്ടു്. കട്ടിയായും പൊള്ളയായും നാം കാണുന്ന ഏതു വസ്തുവും ഇപ്രകാരമുള്ള അണുക്കളുടെ സമൂഹമാണു്. ഘനപദാർത്ഥങ്ങളിൽ അധികമായും, ജലപദാർത്ഥങ്ങളിൽ ശിഥിലമായും വായുപദാർത്ഥങ്ങളിൽ കുറേക്കൂടി അകന്നും അണുക്കൾ സ്ഥിതി ചെയ്യുന്നു.

ഒരു സംയുക്തവസ്തുവിന്റെ മൂലകലകളെ കണക്കനുസരിച്ചു വിഭജിക്കുന്നപക്ഷം അതു് അതിന്റെ മൂലധാതുക്കളായി പിരിയുന്നു. പരമാണുക്കളെ വിഭജിക്കുവാൻ ശ്രമിച്ചപ്പോൾ ഇക്കഴിഞ്ഞ 25 വർഷങ്ങൾക്കിപ്പുറം പല രഹസ്യങ്ങളും ശാസ്ത്രജ്ഞന്മാർക്കു കണ്ടുപിടിക്കുവാൻ ഇടകിട്ടിയിട്ടുണ്ടു്. ഈ പരീക്ഷണവും എല്ലാ പദാർത്ഥങ്ങളുടേയും മൂലധാതു ഒന്നുതന്നെയെന്നുള്ളതിനു തെളിവുനല്കിയതേയുള്ളൂ. വിദ്യുച്ഛക്തി(Electricity)യിൽ രണ്ടുവിധ ശക്തികളേയും വഹിക്കുന്ന പ്രോട്ടോൺ (Proton) ഇലക്ട്രോൺ (Eleotron) എന്നിവയാണു് ഏതു പരമാണുവിന്റെയും വിഭാഗങ്ങൾ. ഏതു ധാതുവിന്റെയും ഒരു പരമാണുവിലുള്ള പ്രോട്ടോണും ഇലക്ട്രോണും എണ്ണത്തിലും അവ വഹിക്കുന്ന ശക്തിയിലും തുല്യമാണു്. വസ്തുക്കളിൽ പ്രോട്ടോൺശക്തിയുടെ ചുററും ഇലക്ട്രോൺശക്തികൾ അതിവേഗത്തിൽ ഒരു സെക്കണ്ടിൽ 10,000 മൈൽ വേഗതയിൽ ചുററിക്കൊണ്ടിരിക്കുന്നു. ധാതുപദാർത്ഥങ്ങളുടെ സ്വഭാവം അവയിൽ ഉൾക്കൊണ്ടിട്ടുള്ള മൂലകലയിൽ എത്ര എത്ര പ്രോട്ടോണും ഇലക്ട്രോണും ഉണ്ടു്, അവയിൽ എത്ര ഇലക്ട്രോൺ കേന്ദ്രത്തിനുചുററും ഭ്രമണം ചെയ്യുന്നു എന്നിവയെ ആശ്രയിച്ചിരിക്കുന്നു. അബ്ജനകത്തിന്റെ മൂലകലയിൽ ഒരു പ്രോട്ടോൺമാത്രം കേന്ദ്രത്തിൽ നില്ക്കുകയും അതിന്റെ ചുററും ഒരു ഇ

ലക്ട്രോൺ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കയും ചെയ്യുന്നു. ഇതനുസരിച്ചു നോക്കുന്ന ശാസ്ത്രജ്ഞൻ കാണുന്നതു് സകലപദാൎത്ഥങ്ങളുടേയും ഉൽപ്പത്തി വിദ്യുച്ഛക്തിയിൽ നിന്നാണു് എന്നത്രെ. ഇങ്ങിനെ ലോകം വസ്തുമയമല്ല ശക്തിമയമാണു് എന്നതത്രെ സംസ്ഥാപിതമായതു്

അബ്ജനകത്തിൻെറ മൂലകലയ്ക്കു് ഒരു സെൻറീമീററിൻെറ പത്തുകോടിയിൽ ഒരു ഭാഗമാണു് വ്യാസമെന്നു മുമ്പു പറഞ്ഞുവല്ലോ. ഇതിൻെറ ലക്ഷത്തിൽ ഒരംശംമാത്രമേ ഒരു ഇലക്ട്രോണിനു വലിപ്പമുള്ളു എന്നു കണക്കാക്കിയിരിക്കുന്നു. ഇങ്ങിനെയുള്ള ഇലക്ട്രോണാണു് ഒരു സെക്കണ്ടിൽ ഒരു പ്രോട്ടോണിനെ 10,000 മൈൽ തോതിലുള്ള വേഗതയിൽ പ്രദക്ഷിണം ചെയ്തുകൊണ്ടിരിക്കുന്നതു്. ഇങ്ങിനെ ഭ്രമണം ചെയ്തുകൊണ്ടിരിക്കുന്നതിനു ഇടയ്ക്കുള്ള സ്ഥലം ശൂന്യവും ആകണമല്ലോ. ഏതുവസ്തുവിലും ഇങ്ങിനെയുള്ള ലക്ഷോപലക്ഷം ചെറുഗോളങ്ങൾ തീവ്രവേഗതയിൽ ചുററിക്കൊണ്ടിരിക്കുന്നു എന്നതാണു് ശാസ്ത്രത്തിൻെറ അഭിപ്രായം. മനുഷ്യൻെറ ഉള്ളിൽ ഇപ്രകാരം ഭ്രമണംചെയ്തുകൊണ്ടിരിക്കുന്ന ഇലക്ട്രോണുകൾ എല്ലാംകൂടി ഒന്നായ് ചേൎത്താലും നമ്മുടെ കണ്ണുകൾക്കു വീക്ഷണംചെയ്യാൻ സാധിക്കുന്നതല്ല. അതിൻ ഭൂതക്കണ്ണാടിയുടെ സഹായം വേണ്ടിവരും എന്നു പറയുമ്പോൾ ഇലക്ട്രോണുകളുടേയും പ്രോട്ടോണുകളുടേയും മററും പ്രവൎത്തനങ്ങളേയും പ്രദക്ഷിണങ്ങളേയും മററുംകുറിച്ചു ഒരുമാതിരിക്കാക്ക് എന്താണു് മനസ്സിലാകുക. നമ്മുടെ അനുമാനസീമകളെപ്പോലും അനിശ്ചിതാവസ്ഥയിലൊ സങ്കല്പത്തിലൊ കൊണ്ടാക്കുന്ന പരിമാണങ്ങളാണിവ.

അണുവിനെ പ്രത്യേകം വിഭജിക്കുവാനും മററും സാധിച്ചതിൻെറ ഫലമാണു് അണുബോമ്പിൻെറ കണ്ടുപിടുത്തമെന്നു നാം അറിയുന്നു. പഞ്ചേന്ദ്രിയങ്ങൾ നൽകുന്ന സന്ദേശത്തെയാണു് നാം മനസ്സിലാക്കുന്നതു്. വിശ്വത്തെപ്പററിയുള്ള വീക്ഷണവും സ്ഥിതിവിവരക്കണക്കുകളും അതുകൊണ്ടു് ഇന്ദ്രിയങ്ങളുടെ കഴിവുകൾക്കുള്ളിൽ നിൎത്തുവാൻ നാം നിൎബ്ബന്ധിതരാകുന്നു. ശാസ്ത്രജ്ഞന്മാർ ഇതുകൊണ്ടു തൃപ്തരാകാതെ കൂടുതൽ കാൎയ്യങ്ങളറിവാൻ, കൂടുതൽ സൗകൎയ്യപ്രദമായി ജീവിക്കുവാൻ പലതിനേയും മാററിയും, പാററിയും, നീററിയും, അളന്നും, തൂക്കിയും, കൂട്ടിയിണക്കിയും, വെവ്വേറെയാക്കിയും യുക്തിയുക്തമായ ഒരു സ്വരൂപനിൎണ്ണയം ചെയ്യുവാൻ യത്നിക്കുന്നു. പക്ഷെ അവസാനം ശാസ്ത്രലോകത്തിലും അവശേഷിക്കുന്നതു കുറെ കീറാമുട്ടി പ്രശ്നങ്ങൾമാത്രമാണു്. തരംഗങ്ങൾ മുതലായ അനേകം കാൎയ്യങ്ങളെപ്പററി ഇനിയും അനിഷേദ്ധ്യവും ക്ലിപ്തവും ആയ നിഗമനങ്ങളിലേക്കു പ്രവേശിച്ചിട്ടില്ലെന്നു ശാസ്ത്രജ്ഞന്മാർ തന്നെ സമ്മതിക്കുന്നുണ്ടു്. "ഈ ചിഹ്നങ്ങളുടെ അൎത്ഥമെന്തു്" എന്ന ചോദ്യത്തിൻെറ അൎത്ഥം കണ്ടുപിടിക്കുവാൻ ശാസ്ത്രജ്ഞൻ വിഷമിക്കുന്നുണ്ടു്. ഈ നിലക്കു നോക്കുമ്പോൾ ഒരു സത്യാന്വേഷണപരിശ്രമമെന്ന നിലയിൽ ശാസ്ത്രം പരാജയപ്പെടുന്നു എന്നു പറയാതെ തരമുണ്ടോ?........

പ്രശസ്ത ശാസ്ത്രജ്ഞനും യുക്തിവാദിയും ആയ ബൎട്രാണ്ടു് റസ്സൽ തുടങ്ങിയവർ ഈ വിഷമഘട്ടത്തിൽ ഞങ്ങൾക്കയാതൊരു നിൎദ്ദേശവും തരുവാനില്ലെന്നു പറഞ്ഞു കയ്യൊഴിയുകയാണു് ചെയ്യുന്നതു്. ജ്യോതിശ്ശാസ്ത്രപരമായും ഒന്നു വിചിന്തനംചെയ്തു നോക്കുക.

ഭൂമിയേക്കാൾ എത്രയോ വലിപ്പമുള്ള ഗോളമാണു് സൂൎയ്യൻ. എങ്കിലും ഈ വലിപ്പം കാഴ്ചയിൽ ഉണ്ടോ. കാലത്തുദിക്കുമ്പോഴും വൈകിട്ടസ്തമിക്കുമ്പോഴും ഒരു വലിയ പപ്പടത്തോളംമാത്രം വലിപ്പം തോന്നിക്കുന്നതിൻെറ കാരണം എന്തെന്നാൽ അതു നമ്മുടെ നോട്ടത്തിൻെറ പിടിയിൽനിന്നു വളരെ വളരെ അകലെ സ്ഥിതിചെയ്യുന്നതുകൊണ്ടു മാത്രമാണെന്നറിയാമല്ലോ. സൂൎയ്യൻ ഒരു തോന്നലല്ല, ഒരു പരമാൎത്ഥവസ്തുവാണു്. അതിനേക്കാൾ എത്ര അധികം വലിപ്പമുള്ളവയാണു് ഏററവും അകലത്തിൽ സ്ഥിതിചെയ്യുന്ന മാറാനകം നക്ഷത്രജാലങ്ങൾ. ഇങ്ങനെ വീക്ഷണം ചെയ്യുന്നപക്ഷം നമ്മുടെ 'വലിപ്പവും' 'ചെറുപ്പവും', 'അടുപ്പവും', 'അകലവും' ഒക്കെ പരമാൎത്ഥങ്ങളെ നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ കഴി

വാനസരിച്ചു വ്യാഖ്യാനിക്കുക എന്നു മാത്രമേയുള്ളു.

ഇക്കഴിഞ്ഞ മുന്നൂറുവർഷങ്ങൾക്കിപ്പുറമാണു് ജ്യോതിശ്ശാസ്ത്ര പര്യവേക്ഷണത്തിന്റെ പുരോഗതി വളരെ വർദ്ധമാനമായതു്. ഇതിനുള്ള പ്രത്യേകകാരണം ദൂരദർശിനിയുടെ കണ്ടുപിടുത്തമാണെന്നുള്ളതു് അവിതർക്കിതമത്രെ. മനുഷ്യചക്ഷുസ്സുകൾകൊണ്ടു നോക്കിയാൽ മേൽകട്ടിയിൽ പതിഞ്ഞിരിക്കുന്ന മിന്നാമിനുങ്ങുകൾക്കു സദൃശം കാണപ്പെടുന്ന അനേകം നക്ഷത്രങ്ങൾ സൂര്യനേക്കാൾ അനേകം മടങ്ങു വലിപ്പമുള്ളവയാണു്. കാനോപ്പസ്സ് (Canopus) മുതലായ നക്ഷത്രങ്ങൾ സൂര്യനേക്കാൾ ഒന്നര ലക്ഷം ഇരട്ടി വലിപ്പമുള്ളവയാണു്. നമ്മുടെ ദൃഷ്ടിയിൽ 'ബ്രഹ്മാണ്ഡകടാഹ'മായ ആ തീക്കട്ട (സൂര്യൻ) കാനോപ്പസ് നക്ഷത്രത്തിന്റെ അടുത്തുചെന്നു നില്ക്കുന്നപക്ഷം ആനയും ആടും പോലെയല്ല, ആനയും പേനുംപോലെയുള്ള വ്യത്യാസമാണുണ്ടാകുക.

മനുഷ്യജന്മത്തെക്കുറിച്ചു് നാം വളരെയൊക്കെ പറയുന്നുണ്ടു്, വിചാരിക്കുന്നുണ്ടു്, അഭിമാനിക്കുന്നുണ്ടു്. മിൻവ്രൂസ്‌റീഡ് എന്ന ചിന്തകൻ ഒരിക്കൽ നരജന്മത്തെക്കുറിച്ചു് ഇപ്രകാരം പറയുകയുണ്ടായി—"അതു് ഒരു ചെറിയ കപ്പിയിൽ ഉൾക്കൊള്ളുന്ന സൂര്യവെളിച്ചംകൊണ്ടുണ്ടാക്കപ്പെട്ടതാണു്. അതിന്നിഷ്ടമുള്ള സമയത്തു മരണം മരവിച്ച കാൽപാദങ്ങളുംവെച്ചുകൊണ്ടുവന്നു ജീവിതത്തിനു കോക്ക് (അടപ്പൻ) ഇടുകയും ചെയ്യുന്നു" അനന്തകോടി നക്ഷത്രഗോളങ്ങളുടെയും, സൂര്യൻ, ചന്ദ്രൻ, ഭൂമി മുതലായവയുടെയും മററും കാര്യങ്ങൾ പറയുന്നതിന്നിടയ്ക്കു് മനുഷ്യന്റെ കാര്യത്തെപ്പററി ചാറൽ സ്നൈഡർ ഇങ്ങിനെയാണു് സൂചിപ്പിക്കയുണ്ടായതു്. "ഗംഭീരമായ അററ്ലാൻറിക്ക് സമുദ്രത്തിൽനിന്നു ഒരുതുള്ളി വെള്ളംമാത്രമെടുത്തു് അതിൽ സ്ഥിതിചെയ്യുന്ന ഒരു മൈക്രോബ് (അണു)നെപ്പററി പറയുന്നതു അതിനേക്കാൾ (നക്ഷത്രാവലിയുടെയും മററും ഇടയ്ക്കു മനുഷ്യജന്മത്തെപ്പററി പറയുന്നതു്) പ്രാധാന്യതയർഹിക്കുന്നതാണത്രെ."

സൂര്യൻ നമ്മിൽനിന്നു ഒമ്പതുകോടി മുപ്പതു ന്നതു്. അങ്ങിനെയുള്ള സൂര്യഗോളത്തിൽനിന്നു് പൊട്ടിത്തെറിച്ച ഒരു കരട്ടുമാത്രമാണു് ഈ ഭൂമി. ഈ കരടിനു് 8000 മൈൽ വ്യാസമുണ്ടെന്നുമാത്രം. ശുക്രൻ, ശനി, വ്യാഴം, കുജൻ (ചൊവ്വ) ബുധൻ, യുറാനസ്, നെപ്റ്റ്യൂൺ എന്നിവ എല്ലാം ഇങ്ങിനെ പൊട്ടിത്തെറിച്ചവയാണു്. കേന്ദ്രാകർഷണശക്തിയാലാണു് ഇവ സൂര്യനെചുററും ഇപ്പോഴും പ്രത്യേക വീഥിയിൽകൂടി ചുററിക്കൊണ്ടിരിക്കുന്നതു്. ചന്ദ്രൻ ഭൂമിയുടെ ഉപഗ്രഹമാണു്. ഭൂമി തന്നത്താൻ തിരിയുന്നു. ചന്ദ്രൻ ഭൂമിയെ ചുററുന്നു. ഭൂമി സൂര്യനെചുററുന്നതുകൊണ്ടു് ചന്ദ്രനും ഈ പ്രദക്ഷിണത്തിൽ പങ്കുകൊള്ളുന്നു. ശുക്രൻ, ശനി, വ്യാഴം എന്നിത്യാദി ഗ്രഹങ്ങൾക്കും ഇതുപോലെ അവയെ ചുററിക്കൊണ്ടിരിക്കുന്ന ഉപഗ്രഹങ്ങളുണ്ടു്. ആകാശമണ്ഡലത്തിൽ ഇങ്ങിനെയുള്ള അനേകം ഗ്രഹങ്ങളുടെ യാത്രകൾ നിരന്തരമായി യാതൊരു വിഘ്നവുംകൂടാതെ, തമ്മിൽ തമ്മിൽ കൂട്ടിമുട്ടാതെ, റെയിൽപാതകളിൽകൂടി വണ്ടികൾ ഓട്ടംപോലെ, പല ജങ്ഷനുകളിൽ (കവലകളിൽ) കൂടിയും ഒരു കൂട്ടിമുട്ടലും കൂടാതെ ഓടിപ്പോകുന്ന വണ്ടികൾപോലെ എല്ലാം ശരിക്കു നടന്നുകൊണ്ടേയിരിക്കുന്നു. ഞാനോ നിങ്ങളോ ഒരു കട്ടിലിന്മേലോ ചാരുകസേരയിന്മേലോ സുഖമായി അനങ്ങാതെ കിടക്കുന്നു. വാസ്തവംതന്നെ. പക്ഷെ അതേസമയത്തിൽതന്നെ ഞാനും നിങ്ങളും അന്തരീക്ഷത്തിൽകൂടി ഏതുവേഗത്തിൽ പോകുന്നുണ്ടെന്നുള്ളതിനെപ്പററി അത്ര ഗൌനിക്കാറില്ല.

അടുത്തടുത്തു് അനേകായിരം നക്ഷത്രങ്ങൾ ആകാശത്തിൽ കാണപ്പെടുന്നുണ്ടല്ലോ. ആകാശം നക്ഷത്രങ്ങളാലും ഗ്രഹങ്ങളാലും നിബിഡീകൃതമാണെന്നു നമ്മുടെ ബുദ്ധിക്കും അറിവിനും അനുസരണമായി സാധാരണ പറയാറുണ്ടു്. എന്നാൽ ഗ്രഹങ്ങൾ തമ്മിലുള്ള അകൽച്ചയെക്കുറിച്ചു് വിചാരിക്കുമ്പോൾ എന്തൊരു ശൂന്യതയാണു് വ്യോമമണ്ഡലത്തിലുള്ളതു് എന്നും തോന്നാം. സൂര്യനും ഭൂമിയും തമ്മിലുള്ള ദൂരം ഒമ്പതുകോടിമുപ്പതുലക്ഷം മൈൽ ആണെന്നു് ഏവർക്കും അറിയാമല്ലോ. ഈ ദൂരത്തെക്കുറിച്ചു തന്നെ ഒന്നു ചിന്തിച്ചുനോക്കുക. മണിക്കൂറിൽ

ട്ടോർകാർ—അതിന്റെ വേഗത കാണുമ്പോൾ തന്നെ നാം അമ്പരന്നുപോകും—ഒരു നിമിഷമെങ്കിലും നില്ക്കാതെ ഒരേവേഗതയിൽ ഭൂമിയിൽനിന്നു സൂൎയ്യനിലേക്ക് ഓടിക്കൊണ്ടിരിക്കുന്നുവെന്നു സങ്കല്പിക്കുക. 175-വർഷം കൊണ്ടുമാത്രമേ ആ മോട്ടോർവാഹനം സൂൎയ്യഗോളത്തിൽ എത്തുകയുള്ളു. പിന്നെ അവിടെനിന്നും അടുത്തൊരു ഗ്രഹത്തിൽ ചെന്നുചേരണമെങ്കിൽ ചുരുങ്ങിയതു് 900-വർഷങ്ങൾ വേണം. നക്ഷത്രങ്ങളുടെ കാൎയ്യം ഇതൊന്നുമല്ല. എല്ലാനക്ഷത്രങ്ങളും അതിവേഗതയിൽ നമുക്ക് വിശ്വസിക്കുവാനോ, വിഭാവനം ചെയ്യുവാനോ നിവൃത്തിയില്ലാത്ത വേഗതയിൽ പാഞ്ഞുകൊണ്ടിരിക്കുകയാണ്. ഏറ്റവും വേഗതയിൽ പാഞ്ഞുകൊണ്ടിരിക്കുന്ന വെടിയുണ്ടയുടെ ഗതിയെ തോല്പിക്കത്തക്ക, നാണിപ്പിക്കത്തക്ക വേഗതയിലാണ് നക്ഷത്രങ്ങൾ പ്രയാണം ചെയ്തുകൊണ്ടിരിക്കുന്നതു്. ഒരു നക്ഷത്രവും ഏറ്റവും വേഗതയിൽ പാഞ്ഞുകൊണ്ടിരിക്കുന്ന വെടിയുണ്ടയും (BaunonBall) കൂടി ഒരുമിച്ചു ഒരേസ്ഥാനത്തേക്കു യാത്രചെയ്തുകൊണ്ടിരിക്കയാണെന്നു സങ്കല്പിക്കുക നക്ഷത്രം ഉദ്ദിഷ്ട സ്ഥാനത്തു എത്തിച്ചേർന്നു പിറകോട്ടുതിരിഞ്ഞു നോക്കിയാൽ വളരെ വളരെ അകലത്തിൽ വെടിയുണ്ട ഇഴഞ്ഞിഴഞ്ഞുവരുന്നതുകാണാം. എന്നിട്ടും നക്ഷത്രങ്ങൾ ഒരേ സ്ഥാനത്തുതന്നെ നിശ്ചലമായി നില്ക്കുന്നുവെന്നാണു് നമ്മുടെ അന്ധനേത്രങ്ങൾ നമ്മെ ധരിപ്പിക്കുന്നതു്.

ഭൂമിയോടു് ഏറ്റവും അടുത്തുസ്ഥിതിചെയ്യുന്ന ആൽഫാ (Alpha) എന്ന നക്ഷത്രം ഭൂമിയിൽനിന്നു് 26,000,000,000,000മൈൽ അകലത്തിലാണ് സ്ഥിതിചെയ്യുന്നതു്. നമ്മുടെ റോഡുകളും പുരയിടങ്ങളും അളക്കുന്ന മൈൽ കണക്കിലല്ല ജ്യോതിശ്ശാസ്ത്രജ്ഞന്മാർ നക്ഷത്രങ്ങളുടെ ദൂരങ്ങളേയും ഗതിവേഗങ്ങളേയും അളക്കാറുള്ളതു്. വെളിച്ചം ഒരു സെക്കണ്ടിൽ 1, 86, 000-മൈൽ സഞ്ചരിക്കുന്നുണ്ടെന്നു് അവർ കണ്ടുപിടിച്ചു സൂൎയ്യനിൽനിന്നു ഒരു രശ്മി ഭൂമിയിലേക്കു വരുന്നതിനു, ഒമ്പതു കോടി മുപ്പതുലക്ഷം മൈൽ യാത്രചെയ്യുന്നതിനു് എട്ടു മിനിട്ടു വേണ്ടിവരുന്നുണ്ടു്. ...ത്തിൽനിന്നു് ഒരുദ്യുതി ഭൂമിയിലേക്കു വരുന്നതിനുള്ള 'ദീപ്തിവർഷം' (Light year) എത്രയെന്നോ?—മൂന്നുവർഷവും 6 മാസവും. ഈ മൂന്നര ദ്യുതിവർഷം ഏറ്റവും അടുത്തനക്ഷത്രത്തിലേക്കുള്ള ദൂരമാണ്. ജ്യോതിശ്ശാസ്ത്രത്തിന്റെ അറിവിൽ പെട്ടിടത്തോളം നൂറുകണക്കിനും, ആയിരക്കണക്കിനും ദീപ്തിവർഷങ്ങൾ അകലത്തിൽ സ്ഥിതിചെയ്യുന്ന അനേകം താരാജാലങ്ങൾ വേറെയും ഉണ്ടു്. അറിവിൽപെടാതെ പിന്നെയും വളരെ ഏറെ ദൂരത്തിൽ സ്ഥിതിചെയ്യുന്നതായ അനേകായിരം നക്ഷത്രങ്ങൾ ഉണ്ടെന്നു പ്രസ്തുതശാസ്ത്രജ്ഞന്മാർ അനുമാനിക്കയും ചെയ്യുന്നുണ്ടു്.

ഒരു രശ്മി ഒരുവർഷംകൊണ്ടു് (സെക്കണ്ടിൽ 186000മൈൽ തോതിൽ) യാത്രചെയ്യുന്ന ദൂരമാണു് ജ്യോതിശ്ശാസ്ത്രത്തിന്റെ ഏറ്റവും ചെറിയ മാനദണ്ഡമായി വെച്ചിരിക്കുന്നതു്. ഇതു തന്നെ മൈൽകണക്കിനു നോക്കുമ്പോൾ 5, 876, 098,880,000നാഴികയാണ് ചില നക്ഷത്രങ്ങളുടെ ദൂരം 100, 000 ദ്യുതിവർഷവും എന്നു വരുമ്പോൾ നാം എന്താണ് മനസ്സിലാക്കേണ്ടതു്. 1000 ദ്യുതിവർഷം എന്നു പറഞ്ഞാൽ ആയിരംകൊല്ലങ്ങൾക്കുമുമ്പു് (ഒരു ദ്യുതിവർഷത്തിനു 5, 876,098,880,000)മൈൽ എന്ന തോതുവെച്ചു ആയിരം വർഷങ്ങൾക്കുള്ള ദൂരം) നക്ഷത്രത്തിൽ നിന്നും പുറപ്പെട്ട വെളിച്ചം ഇപ്പോൾ ഭൂമിയിൽ എത്തിയതാണു്. ഇങ്ങനെ മിന്നാമിനുങ്ങിനു സമാനം ഒരു ചെറിയ പ്രകാശം ഉണ്ടായതു് (നക്ഷത്രത്തിന്റെ ഗംഭീരമായ വെളിച്ചം) ഇത്ര അധികം യാത്ര ചെയ്തു ഇത്ര ലക്ഷക്കണക്കിനു കൊല്ലങ്ങൾക്കുമുമ്പു് പുറപ്പെട്ട വെളിച്ചമെന്നു നാം വിചാരിക്കാറുണ്ടോ. ചില വൈദ്യുത ദീപങ്ങളെപ്പോലെ അവ ഇടവിട്ടു പ്രകാശിക്കും. പിന്നെ നില്ക്കും, പിന്നീടു് പ്രകാശിക്കുന്നതു് അതേ നക്ഷത്രം തന്നെയായിരിക്കുമോ അതോ. മിന്നാമിനുങ്ങിനെപ്പോലെ നാം ആദ്യം കണ്ട ആ നക്ഷത്രം ഇപ്പോൾ എവിടെയാണു്?—ആർക്കറിയാം. അക്രമവേഗതയിൽ എല്ലാ നക്ഷത്രങ്ങളും ഗ്രഹങ്ങളും പാഞ്ഞുകൊണ്ടിരിക്കുന്നുവെന്നു പറഞ്ഞ സ്ഥിതിക്കു നമ്മെ ഒരു

ച്ചതന്നെ നക്ഷത്രം അനേകസഹസ്രം വർഷങ്ങൾക്കുമുമ്പ് കാണിച്ചതന്ന ആ പ്രകാശത്തിന്റെ ശേഷം ഇപ്പോൾ ഉണ്ടോ, നശിച്ചോ, എന്തുചെയ്യുന്നു—ഒന്നും നാം അറിയുന്നില്ല.

ഭാരത്തിനു 16 ഇഞ്ചു വ്യാസമുള്ള ഒരു പീരങ്കിക്ക് ഏററവും ശക്തിമത്തായ നിറയൊഴിക്കാൻ സാധിക്കുമെന്നു നമുക്കറിയാം. ഈ ഉണ്ട 2000 അടിയാണ് ഒരു സെക്കണ്ടിൽ സഞ്ചരിക്കുന്നതു്. നിശ്ചലമെന്നു തോന്നിക്കുന്ന വുലയായ ഈ ഭൂമി 1500 അടി ഒരു സെക്കണ്ടിൽ തിരിയുന്നുണ്ട്. അഥവാ നമ്മുടെ നാഡിയുടെ ഒരടികഴിഞ്ഞു രണ്ടാമത്തെ അടിക്കു മുമ്പിൽ അതു കാൽമൈൽ ദൂരം സഞ്ചരിച്ചു കഴിഞ്ഞു. സൂര്യൻ തലയ്ക്കു മുകളിലാകുമ്പോൾ ഊണിനിരിക്കുന്ന ഒരു കൃഷീവലൻ പിറേറദിവസം ഊണിനു അതേസമയത്തിരിക്കുന്നതിനു മുമ്പ് അനങ്ങുന്നില്ല എന്നു തോന്നപ്പെടുന്ന ഈ ഭൂമി മണിക്കൂറൊന്നുക്ക് ആയിരത്തിൽ ചില്വാനം മൈൽ വേഗതയിൽ ചുററിത്തിരിഞ്ഞു കഴിഞ്ഞിരിക്കും. ഏററവും വേഗതയിൽ പോകുന്ന തീവണ്ടിപോലും (Silver Jubilee) മണിക്കൂർ ഒന്നുക്ക് 112 മൈൽ വീതം ഓടിയിട്ടേയുള്ളൂ. ഇതും ശൈത്യമേഖലയിലെ കഥയാണ്. ഇവിടെ (ഇന്ത്യയിൽ) അതിന്റെ പകുതി ദൂരം മാത്രമേ മണിക്കൂറൊന്നുക്കു ഓടുകയുള്ളൂ. പക്ഷെ നമ്മുടെ ഈ ഭൂമിയുടെ ഭ്രമണവേഗത മണിക്കൂറിൽ ആയിരം മൈൽ! അതു മനസ്സിൽ ഒന്നു ഭാവനചെയ്യാൻ പോലും നമുക്കു വിഷമമായിത്തോന്നുന്നു. ഭൂമിതന്നെത്താൻ തിരിയുന്നതിന്റെ വേഗതയത്രേ മേൽപറഞ്ഞതു്. അപ്പോൾ ഭൂമി സൂര്യനെ വലംവെക്കുന്നതിനു എടുക്കുന്ന വേഗതയോ—മണിക്കൂറിൽ 68000 മൈൽ! ഇതു പരമാർത്ഥമാണോ എന്നു പോലും സംശയിക്കുന്നവരുണ്ടായേക്കാം. പക്ഷെ രണ്ടും രണ്ടും നാലാണെങ്കിൽ ഇതും ഒരുപരമാർത്ഥമത്രെ

ഒരു മഹാനായ ജ്യോതിശ്ശാസ്ത്രജ്ഞൻ (മിക്ക ജ്യോതിശ്ശാസ്ത്രജ്ഞന്മാരും ഈ അഭിപ്രായത്തോടു യോജിക്കുന്നവരാണ്.) പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണ്. "ലോകത്തിലെ കടൽപ്പുറങ്ങളിൽ കാണുന്ന മണൽത്തരികളെല്ലാം കൂടി നാൽ എത്ര എണ്ണമുണ്ടാകുമോ അത്രയും നക്ഷ കം നക്ഷത്രങ്ങളിൽപ്പെട്ട നന്നെ ചെറിയ ഒരു നക്ഷത്രമത്രെ സൂര്യൻ. പക്ഷെ മററു നക്ഷത്രങ്ങളെക്കാൾ നമുക്കു സമീപമായതുകൊണ്ടാണ് (അല്ലാതെ വലുതായതുകൊണ്ടല്ല) അതു നമുക്കു മററുള്ളവയെക്കാൾ വലിയതും, ചൂടുള്ളതും, പ്രകാശമേറിയതും ആയിത്തോന്നുന്നതു്. നമ്മുടെ ഭൂമി, കുജൻ മുതലായ പല ഗ്രഹങ്ങളും സൂര്യന്റെ പാർശ്വവർത്തികൾ മാത്രമാണ്. നക്ഷത്രങ്ങളുടെ സ്ഥിതിഗതികളെയും എണ്ണങ്ങളെയും എടുത്തുപറയുമ്പോൾ അണുവും നിസ്സാരമായ ഭൂമി, ചന്ദ്രൻ മുതലായവയെപ്പററി കാര്യമായൊന്നും കണക്കാക്കേണ്ടതില്ലല്ലോ. അനേകം കോടി മണൽത്തരികളുടെ കൂട്ടത്തിൽ ഒരു മണൽത്തരിയിൽ നിന്നു പൊട്ടിത്തെറിച്ച പൂഴിയെക്കാൾ കൂടുതൽ പ്രാധാന്യത അവക്കില്ലല്ലോ. സൂര്യബിംബത്തെ പരിസേവനം ചെയ്യുന്ന ഉപഗ്രഹങ്ങൾക്കു പുറമെ ധൂമകേതുക്കൾ ഉൽക്കകൾ എന്നിവയും സൌരയൂഥത്തിൽ ഉൾപ്പെടുന്നുണ്ട്. സൌരയൂഥത്തിൽ ഉള്ള തേജസ്സുകളുടെ ഗ്രഹങ്ങളിൽ (സൂര്യനെ ചുററുന്ന ഗ്രഹങ്ങളിൽ) കാണുന്ന ഗുണദോഷങ്ങളും സൂര്യനെ ആശ്രയിച്ചുള്ളവയാണ്. അതുകൊണ്ട് സൂര്യനും സൌരയൂഥത്തിലെ ഗ്രഹങ്ങളും ഏകദേശം പിതൃപുത്ര ബന്ധം അനുസരിച്ചാണ് നിലകൊള്ളുന്നതെന്നു പറയാം. സൂര്യനെക്കാൾ പ്രായവും വലിപ്പവും കൂടിയ നക്ഷത്രങ്ങൾക്കൊന്നിനും ഈ ഒരു പരസ്പരബന്ധം കാണുന്നില്ല. മററു നക്ഷത്രങ്ങളിൽ കാണുന്ന "വന്ധ്യത്വം" സൂര്യനിൽ നാം കാണുന്നില്ല സൂര്യനിൽ ഈ ഒരു പ്രത്യേക ഗുണം എങ്ങിനെയുണ്ടായി എന്ന ചോദ്യത്തിനു യാതൊരു സമാധാനവും ജ്യോതിശ്ശാസ്ത്രജ്ഞന്മാർ പറഞ്ഞു കാണുന്നില്ല.

അനേകം സഹസ്രം ലക്ഷം വർഷങ്ങൾക്കു മുമ്പ് സൂര്യൻ, താൻ അനേകം ഉപഗ്രഹങ്ങളുടെ പിതാവോ, നേതാവോ, മാതാവോ ആയിത്തീരുമെന്നു സ്വപ്നത്തിൽ പോലും വിചാരിക്കാതെ ആകാശത്തിന്റെ അത്യഗാധങ്ങളിൽ ഏകനായി സ്വച്ഛന്ദം വിഹരിക്കുകയായിരുന്നു. അവിചാരിതമായി, യാദൃശ്ചികമായി സൂര്യമഹാഗോളത്തിൽനിന്ന് ചില കഷണങ്ങൾ പൊ

ന്നിരതത്വം (എപ്പോഴും ഭ്രമിച്ചുകൊണ്ടും ചലിച്ചുകൊണ്ടും ഇരിക്കണമെന്നുള്ള സ്വഭാവം) എന്ന പിതൃസ്വഭാവത്തിൽനിന്നു വിഭിന്നമാകാതെ 'കറക്കം' തുടങ്ങി. സൂര്യനെ ചുററിക്കറങ്ങുവാൻ മാത്രമേ അവയ്ക്കു ശക്തിയുള്ളു, സാധിക്കയുള്ളു. നാം ഇന്നറിയുന്ന തരത്തിലുള്ള ജീവൻ ഇപ്രകാരമുള്ള ഉപഗ്രഹങ്ങളിൽ മാത്രമേ ആവിർഭവിക്കയുള്ളു എന്നു അനുമാനിച്ചുവരുന്നു. നക്ഷത്രങ്ങളെല്ലാം തന്നെ കത്തിക്കാളിക്കൊണ്ടിരിക്കുന്ന തീക്കുണ്ഡങ്ങളാണു്. ഗ്രഹങ്ങളിൽ തന്നെ ഭൂമിയിൽ മാത്രമേ അതു് (ജീവൻ) സുലഭമായി ജൃംഭിച്ചിട്ടുള്ളു എന്നു മാത്രമേ നമുക്കു സ്പഷ്ടമായിപ്പറവാൻ സാധിക്കൂ. ഈ ഭൂമിയും ഒരു കാലത്തു കത്തിജ്വലിച്ചുകൊണ്ടിരുന്ന ഒരു ഗോളമായിരുന്നു. അനേക സഹസ്രവർഷങ്ങൾക്കു മുമ്പു് സ്വർണ്ണ ഖനികളിലും ലോഹ ഗുഹകളിലും അവയുടെ ഉള്ളിലേക്കു ചെല്ലുംതോറും ചൂടു വർദ്ധിച്ചുവരുന്നതായിക്കാണാം. ഭൂമിയുടെ സാക്ഷാൽ കേന്ദ്രത്തിൽ ഇപ്പോഴും ഭയങ്കരമായ ചൂടുണ്ടെന്നാണു് കരുതപ്പെട്ടുവരുന്നതു്.

ഭൂമിയുടെ ഇന്നത്തെ കിടപ്പും ചുററുപാടുകളും ജീവനസന്ധാരണത്തിനനുയുക്തമായ വിധത്തിൽതന്നെയുള്ളതാണു്. പക്ഷെ സൂര്യന്റെ ചൂടു അടിക്കടി കുറഞ്ഞുവരികയാണു്. ഇനി അതിനു (ഭൂമിക്കു്) ജീവസന്ധാരണത്തിനു് അത്യാപേക്ഷിതമായ ചൂടു് ലഭിക്കണമെങ്കിൽ സൂര്യഗോളം ഭൂമി പോകുന്നിടത്തേക്കു സ്വയം പോയ്ക്കൊണ്ടിരിക്കണം. കാലംചെല്ലുംതോറും ഭൂമി സൂര്യനിൽനിന്നു അകന്നു വരികയാണെന്നാണു് ജ്യോതിശ്ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്. ഈ അവസരത്തിൽ പ്രപഞ്ചത്തെ ഒന്നു വീക്ഷണം ചെയ്യുതന്നെ. അതിവിദൂരമായ ഭാവിയിലാണെങ്കിലും, മനുഷ്യരും തിര്യക്ജാതികളും നിശ്ശേഷവും നശിച്ചുപോകുമെന്നല്ലേ ഭൂമിയുടെ ഈ പ്രമാണം (സൂര്യനിൽ നിന്നുള്ള അകൽച്ച) പ്രത്യക്ഷപ്പെടുത്തുന്നതു്. ഭൂമിതന്നെയും മരവിച്ചു മനുഷ്യന്റെയും അവർ പടുത്ത സംസ്കാരത്തിന്റെയും അവശിഷ്ടങ്ങൾ പൊതിഞ്ഞു, ആകാശത്തിന്റെ അത്യഗാധങ്ങളിൽ പിന്നെയും അനിശ്ചിതമായ ഏതോ ഒരു വഴിക്കു തിരിഞ്ഞുകൊണ്ടേയിരിക്കും. ഇവിടെ ഒരു പ്രശ്നം മുളച്ചുനില്ക്കുന്നുണ്ടു്—ഉൽകൃഷ്ടമെന്നു മാനവസമുദായം വിശ്വസിച്ചുവരുന്ന മനുഷ്യജന്മവും ജീവിതവും എന്തിനു്?


## 'ശരീരമാദ്യം ഖലുധർമ്മസാധനം.'

ഒരിക്കലും ഭേദപ്പെടുകയില്ലെന്നു വിശ്വസിച്ചു് നിരാശക്കുണ്ടിൽ അകപ്പെട്ടു് ജീവിതം നയിച്ചുവന്ന അനേകം രോഗികൾ ഞങ്ങളുടെ ഔഷധം ഉപയോഗിച്ചു് ആരോഗ്യവും, ആയുസ്സും വർദ്ധിച്ചവരായി കരതലാമലകംപോലെ വെളിവായിരിക്കുന്നു.

'ജീവരക്ഷാമൃതം' എന്ന **ആനന്ദകുസുമാകരലേഹ്യം:**—അമൃതസഞ്ജീവിനിപോലെ ഫലം നൽകുന്നതു്. 20 തോലാ അടങ്ങിയ ഡപ്പിക്കു് വില രൂ 3

**ഗുന്മകലാന്തകൻ:**—ഈ ഭയങ്കരവ്യാധിക്കു് കൃത്യം പററുന്ന ഒരു ദിവ്യയോഗം. (½ അളു ഉപയോഗിച്ചാൽ മതി) ഡപ്പിഒന്നുക്കു് വില രൂ. 3

**കാസശ്വാസസംഹാരി:**—ആശ്ചര്യകരമായ ഫലസിദ്ധിയുള്ളതു്. വില ഡപ്പി ഒന്നുക്കു് രൂ 3

ഞങ്ങളുടെ പുതിയ ക്യാററ്ലാഗിനു് ആവശ്യപ്പെടുക:—

മദ്രാസ് ജീവരക്ഷാമണിവൈദ്യശാല,
മെയിൻറോഡു്—കൊല്ലം.

# പുതിയ പ്രസിദ്ധീകരണങ്ങൾ !!

## ഡിററക്ടീവ്നോവൽ.

| | രൂ. | ണ |
|---|---|---|
| അത്ഭുതമോഹിനി | 2 | 0 |
| കോമളനന്ദിനി | 2 | 0 |
| രാജം | 1 | 8 |
| മിന്നൽകേസരി | 1 | 4 |
| കുമാരിതങ്കം | 1 | 0 |
| കനകസുന്ദരി | 1 | 4 |
| പ്രേമപ്രദീപം | 1 | 8 |
| വിജയവീരൻ | 0 | 8 |

## സാമുദായികനോവൽ.

| | | |
|---|---|---|
| വിവാഹം | 1 | 0 |
| ഭാരതി | 1 | 0 |
| ദേവമ്മാൾ | 0 | 8 |
| ഓമനമകൾ | 0 | 8 |
| ചന്ദ്രിക | 1 | 0 |
| റാണിമല്ലിക | 1 | 8 |
| വേലക്കാരി | 1 | 0 |
| പ്രഭുകുമാരി | 1 | 8 |
| സിനിമാനടി | 1 | 0 |
| മനോഹരി | 2 | 4 |
| രക്തബാഷ്പം | 1 | 0 |
| ലളിത | 1 | 8 |
| അമ്മായിഅമ്മ | 0 | 4 |
| അപരാധിനി | 0 | 4 |
| കല്യാണി | 0 | 6 |
| കടൽക്കള്ളൻ | 0 | 6 |
| പ്രേമസദനം | 0 | 6 |
| അന്നത്തെ സൂത്രം | 0 | 3 |
| മദനഭ്രക്ഷനൻ | 0 | 3 |
| ശാരദാമ്മ | 0 | 4 |
| ശിശുപാലൻ | 0 | 4 |
| വിശ്വമോഹിനി | 0 | 4 |
| കനകമ്മ | 0 | 4 |
| അനുരാഗം | 0 | 4 |
| കുട്ടിത്തങ്കമ്മ | 0 | 12 |
| രാജേശ്വരി | 0 | 8 |
| പതിവ്രതകൾ | 0 | 6 |
| കാഞ്ചനവല്ലി | 0 | 3 |
| മാലതി | 0 | 3 |

## ഗദ്യനാടകങ്ങൾ

| | രൂ. | ണ |
|---|---|---|
| കുലാംഗന | 1 | 4 |
| മഹിള | 1 | 0 |
| പ്രേമയാചകി | 1 | 0 |
| അമ്മ | 0 | 12 |
| രംഗസുഷമ | 0 | 12 |
| ശാരദ | 1 | 8 |
| സഹോദരി | 1 | 0 |
| അനിയത്തി | 1 | 0 |

## ഖണ്ഡകാവ്യങ്ങൾ.

| | | |
|---|---|---|
| സ്നേഹശൃംഖല | 0 | 8 |
| കാമുകന്റെ കണ്ണുനീർ | 0 | 8 |
| കൈരളീമുരളി | 0 | 6 |
| ഋതുസംഹാരം ഭാഷ | 0 | 6 |
| ശ്രീകൃഷ്ണവിലാസം ഭാഷ 6-ാം സർഗ്ഗം | 0 | 4 |
| മാധവി | 0 | 6 |
| കാളിയമർദ്ദനം | 0 | 6 |
| മനോരമ | 0 | 6 |
| പൂനിലാവ് | 0 | 6 |
| കുസുമം | 0 | 6 |
| പത്മിനി | 0 | 6 |
| പത്മിനി | 0 | 3 |
| വനിതാമണി | 0 | 8 |
| രമ | 0 | 3 |
| വ്യാസോത്ഭവം | 0 | 3 |
| വിലസിയപൂവ് | 0 | 4 |
| വാമനവൃത്തം | 0 | 6 |
| നീതിസാരം ഭാഷ | 0 | 4 |
| ബാലഹാരം | 0 | 6 |
| ശൃംഗാരതിലകം ഭാഷ | 0 | 4 |
| സരസകവനങ്ങൾ | 1 | 0 |
| സാവിത്രി | 0 | 6 |

## ചെറുകഥകൾ.

| | | |
|---|---|---|
| ശൈഥില്യങ്ങൾ 10 കഥ | 1 | 0 |
| മുതലാളി 5 കഥ | 0 | 8 |
| മന്ദഹാസം 5 കഥ | 0 | 8 |

## ദാമ്പത്യവും മററും.

| | | |
|---|---|---|
| പാചകമനോരമ | 1 | 0 |
| അംഗലക്ഷണം | 0 | 8 |
| രതിരസാർണ്ണവം | 0 | 12 |
| കന്ദർപ്പചൂഡാമണി | 1 | 8 |
| മദനസാമ്രാജ്യം | 2 | 0 |
| രതിമനോരമ | 0 | 12 |
| മദനമണ്ഡലം | 0 | 8 |

N. B. ഒരു രൂപായിൽ കുറഞ്ഞു വി. പി. അയയ്ക്കുന്നതല്ല. ഒരു രൂപായിൽ കുറഞ്ഞ പുസ്തകം വേണ്ടവർ പുസ്തകവിലയും, അഞ്ചലിൽ 5 ചക്രവും, തപാലിൽ 5 അണയുംകൂടി മുഴുവൻസംഖ്യയ്ക്കും സ്റ്റാമ്പയയ്ക്കുക.

അപേക്ഷിക്കേണ്ടും മേൽവിലാസം:—

വിദ്യാരംഭം പ്രസ്സ്, & ബുക്ക്ഡിപ്പോ,

# കാളിദാസരാമായണം തർജ്ജമ

## (രണ്ടും മൂന്നും നാലും കാണ്ഡങ്ങൾ)

---

(ഒരു വിചിന്തനം.)

(വിദ്വാൻ, വട്ടോളി കൊച്ചുകൃഷ്ണൻനായർ.)

1948-49 സ്കൂൾ വർഷത്തിൽ ഇ. എസ്. എൽ. സി പരീക്ഷയ്ക്കു സ്വീകരിച്ചിട്ടുള്ള ഒരു പാഠപുസ്തകമാണ്, പ്രസ്തുതഗ്രന്ഥം. കാളിദാസന്റെ കാവ്യത്രയത്തിൽ അഗ്രിമസ്ഥാനം അർഹിക്കുന്ന രഘുവംശത്തിലെ പത്തുമുതൽ പതിനഞ്ചുവരെ സർഗ്ഗങ്ങളിലായി പ്രതിപാദിക്കുന്ന രാമായണം കഥ, മി: ശാസ്ത്രമംഗലം രാമകൃഷ്ണപിള്ള ആറുകാണ്ഡങ്ങളായി പരിഭാഷപ്പെടുത്തിയതിൽ മൂന്നുകാണ്ഡമാണ്, പ്രസ്തുത പുസ്തകത്തിൽ പ്രസിദ്ധീകരിച്ചിരിക്കുന്നത്. പതിമ്മൂന്നുവർഷം മുമ്പ് ഈ തർജ്ജമയിലെ മൂന്നും നാലും അഞ്ചും കാണ്ഡങ്ങൾ ചേർത്ത ഗ്രന്ഥം ഇ. എസ്. എൽ. സി പരീക്ഷയ്ക്കു പാഠ്യപുസ്തകമാക്കിയിരുന്നു എന്നുള്ള സംഗതി പ്രസ്താവയോഗ്യമാണ്. വീണ്ടും പാഠപുസ്തകക്കമ്മററിയുടെ ശ്രദ്ധ ഈ വിവർത്തനത്തിൽ പതിഞ്ഞതിൽ മി: ശാസ്ത്രമംഗലത്തിനു ധാരാളം കൃതാർത്ഥതയ്ക്കു വകാശമുണ്ട്.

ആദികവി വാത്മീകിയെത്തുടർന്ന് രാമായണംകഥ കൈകാര്യം ചെയ്യുവരുടെ എണ്ണം പരിഗണിക്കുക ക്ഷിപ്രസാദ്ധ്യമല്ല. അവരുടെ കൂട്ടത്തിൽ ഹിന്ദിയിൽ തുളസീദാസന്റെയും തമിഴിൽ കമ്പരുടേയും, മലയാളത്തിൽ കണ്ണശ്ശൻ, എഴുത്തച്ഛൻ ഇവരുടേയും നാമങ്ങൾ സുപ്രസിദ്ധമാണ്. ഇക്കൂട്ടത്തിൽ കാളിദാസന്റെ പേർ നാം ശ്രവിക്കുന്നില്ല. കാളിദാസരാമായണം എന്ന ഗ്രന്ഥത്തെക്കുറിച്ചും നാം അറിയുന്നില്ല. അതിനു കാരണം, കാളിദാസൻ രാമായണം കഥ മാത്രം വിസ്തരിച്ച് എഴുതാത്തതാണ്. രഘുവംശം ചരിത്രം മുഴുവൻ കാവ്യമാക്കി രാമായണം ...

ലായി കാവ്യസൗഭഗം തികഞ്ഞരീതിയിൽ കാളിദാസൻ പ്രതിപാദിക്കുന്ന രാമായണം വിവർത്തനം ചെയ്തു, അതിനു കാളിദാസരാമായണം എന്നു നാമകരണം ചെയ്തിരിക്കുന്നതിൽ മി: ശാസ്ത്രമംഗലത്തിന്റെ ഔചിത്യബോധം പ്രസ്പഷ്ടമാകുന്നു.

ഭാഷാന്തരീകരണം അത്ര സുസാധമായ ഒരു കൃത്യമല്ല. ഉത്തമകാവ്യങ്ങളാണെങ്കിൽ പ്രയാസം ശതഗുണീഭവിക്കുന്നു. കാളിദാസന്റെ കാവ്യരസം മുഴുവൻ പ്രതിബിംബിക്കുക അതിലേററ പ്രയാസവുമാണ്. ഈവിധം ചിന്തിക്കുമ്പോൾ യഥാർത്ഥ വിവർത്തകൻ മൂലഗ്രന്ഥകാരനെക്കാൾ കുറഞ്ഞവനായിരുന്നാൽ അതു കുറവു പരിഭാഷയിൽ പ്രകടമാകുമെന്നു വ്യക്തമാണ്. ഇതിൽനിന്നു ശാസ്ത്രമംഗലം പ്രയാസമേറിയ ഒരു കൃത്യമാണു നിർവ്വഹിച്ചിരിക്കുന്നതെന്നു കാണാം.

വിവർത്തകൻ വിജയിയായിട്ടുണ്ടെന്നു സമ്മതിക്കാൻ സന്തോഷമുണ്ട്. അവതാരികാകാരനായ ശ്രീ: ടി, കെ. വേലുപ്പിള്ളയും അഭിപ്രായക്കാരായ മഹാകവി ഉള്ളൂർ, സാഹിത്യപഞ്ചാനനൻ പി. കെ. എന്നിവരും മി: ശാസ്ത്രമംഗലത്തെ മുക്തകണ്ഠം അഭിനന്ദിക്കുന്നുണ്ട്.

ടി. കെ:—"പലേ ഘട്ടങ്ങളിലും ഇതൊരു തർജ്ജിമയെന്നു സംശയിക്കപ്പെടാത്ത വിധം അത്ര മനോഹരമായി ശബ്ദാദിഗുണങ്ങളിലും, ആശയസംപൂർത്തീകരണത്തിലും പരിഭാഷകൻ ശ്രദ്ധിച്ചിരിക്കുന്നു."

ഉള്ളൂർ:—"രാമകൃഷ്ണപിള്ളയുടെ ദ്രാവിഡവൃത്തങ്ങളിലുള്ള കവനകലാപാടവത്തെപ്പററി

പി-കെ.—"ഇടയ്ക്കിടയ്ക്ക് രാമകൃഷ്ണപിള്ള അവർകൾ ചില പൊടിക്കൈകളും മൂലകൃതിയെ കവിഞ്ഞു പ്രയോഗിച്ചിട്ടുള്ളതായി കാണുന്നു. എന്നാൽ ആവക മനോധർമ്മപ്രകടനങ്ങൾ മൂലകൃതിയുമായി യോജിച്ചു നില്ക്കുന്നതല്ലാതെ ഒട്ടും വിലക്ഷണമായിട്ടില്ലെന്നു കാണുന്നതിൽ ഞാൻ സന്തോഷിക്കുന്നു"

ഇതിൽ കൂടുതലായി തർജ്ജമയ്ക്കു അഭിനന്ദനം ലഭിക്കേണ്ടതില്ല. പ്രസ്തുത അഭിപ്രായങ്ങളോടു നമുക്കും യോജിച്ചുകൊണ്ടു് പരിഭാഷകനെ അനുമോദിക്കാം.

എന്നാൽ ലേഖകന്റെ സാമാന്യമായ അവലോകനത്തിൽ, അബദ്ധങ്ങളെന്നോ, പുനഃപരിശോധനാർഹങ്ങളെന്നോ തോന്നാവുന്ന ചില ഭാഗങ്ങൾ ദർശിക്കാനിടയായി. അവയിൽ ചിലതു് ഇവിടെ ഉദ്ധരിക്കാം. സ്വീകാര്യങ്ങളായി വല്ലതുമുണ്ടെങ്കിൽ പരിഭാഷകനു പരിഭവത്തിന്നവകാശമില്ല.

1. ആററുനോററുണ്ടായ പുത്രനെയുംമുനി-
സത്തമനേകിനാൻ സാധുഭക്തൻ നൃപൻ.

"സലക്ഷ്മണം" എന്ന മൂലഭാഗത്തെ ഉപേക്ഷിച്ചതിനു ന്യായം കാണുന്നില്ല. 'ഉം' എന്ന വാക്യാലങ്കാരപ്രയോഗവും അഭംഗിയാണു്.

2. താടകയുടെ മരണഘട്ടം.

മൂലം—രാമമന്മഥശരേണ താഡിതാ
ദുഃസഹേന ഹൃദയേ നിശാചരീ
ഗന്ധവദ്രുധിര ചന്ദനോക്ഷിതാ
ജീവിതേശവസതിം ജഗാമ സാ.

തർജ്ജമ-രാമനാം കാമന്റെ കൂരമ്പിനാൽ-
കൊട്ടും
താഡനം തൻനെഞ്ചിലേററനിശാചരി
പൂർണ്ണഗന്ധംരക്ത ചന്ദനലേപനം
പൂശിക്ഷണംപൂകി ജീവിതേശാലയം.

ഉത്തരാർദ്ധത്തിലെ "ഗന്ധവത്" എന്നതിനു പൂർണ്ണഗന്ധം എന്ന തർജ്ജമ എങ്ങനെ സാധുവാകുമെന്നു മനസ്സിലാകുന്നില്ല. അതുപോലെ "ചന്ദനാലേപനം പൂശി" എന്ന പ്രയോഗവും ഭേദഗതിയെ അർഹിക്കുന്നു.

3. രാമന്റെ കോമളാകാരം കണ്ട ജനകൻ ദ[illegible]സം സമ്മതിക്കാൻ വിഷമിച്ചപ്പോൾ വിശ്വാമിത്രൻ പറയുന്ന ഭാഗം:—

മൂലം — ചാപ ഏവ ഭവതോ ഭവിഷ്യതി
വ്യക്തശക്തിരശനിർഗിരാവിവ

തർജ്ജമ-പർവ്വതത്തിന്മേലിടിപോലെ പൗരുഷം
പള്ളിവില്ലിന്മേലിവനേ തെളിച്ചിടും

"അശനി" പദത്തിനു "ഇടി" എന്ന പരിഭാഷ ശരിയല്ല. 'വജ്രായുധ'മാണു വിവക്ഷിച്ചിരിക്കുന്നതു്

4. മൈഥിലൻ കുലഗുരുവായ ശതാനന്ദനോടു കോസലേന്ദ്രനെ ഉണർത്തുവാൻ അപേക്ഷിക്കുകയാണു്:—

മൂലം—ഭൃത്യഭാവി ദുഹിതുഃ പരിഗ്രഹാ-
ദ്ദിശ്യതാം കുലമിദം നിമേരിതി

തർജ്ജിമ-മൽപുത്രിയെ സ്നുഷയായുമിന്നീനിമി
പുത്രരെ തൽപുത്രരായും ഗ്രഹിക്കുവാൻ

ഈ തർജ്ജിമയുടെ സാംഗത്യം അജ്ഞാതമായിരിക്കുന്നു. "നിമികുല" പ്രയോഗം പുത്രിയെ സ്വീകരിക്കുന്നതിനുള്ള ഒരു ഉപാധിയായിട്ടാണു് ഉപയോഗിച്ചിരിക്കുന്നതു്. "ഭൃത്യഭാവി" എന്ന പദം സീതയെ സ്പർശിക്കുന്നതാണു്.

5. ദശരഥൻ മിഥിലപുരത്തേയ്ക്കു യാത്ര ചെയ്യുന്ന ഘട്ടം:—

മൂലം-ഉച്ചചാല ബലഭിത്സഖീവശീ
സൈന്യരേണുമുഷിതാർക്കദീധിതി

തർജ്ജിമ-സൈന്യരജസ്സാം കുടയിൻതണലൂടെ
മന്ദേതരംവശിയാത്രയായീടിനാൻ

ഈ തർജ്ജിമ വിവക്ഷിതാർത്ഥത്തെ വിഘാതപ്പെടുത്തുന്നില്ലെങ്കിലും നന്നായി എന്നു സമ്മതിക്കാൻ നിവൃത്തിയില്ല. "ബലഭിത്സഖീ" എന്ന പദത്തെ വിസ്മരിച്ചിരിക്കുന്നു. അതു പോകട്ടെ, "മുഷിതാർക്കദീധിതി" എന്നു മാത്രമേ കാളിദാസൻ കല്പിക്കുന്നുള്ളു. ഇവിടെ "സൈന്യരേണു"ക്കളെ "കുട"യായി രൂപണം ചെയ്തിരിക്കുന്നു. അതിൽ പ്രത്യേകസാരസ്യം സ്പഷ്ടമല്ല. ഒരു കടന്ന പ്രയോഗമായിപ്പോയി.

6. മൂലം-അസസാദമിഥിലാം സവേഷ്ടയൻ
പീഡിതോപവനപാദപാംബലൈഃ

തർജ്ജമ-പുക്കാൻമിഥിലാപുരം നൃപൻ, തൽപ്രാന്ത

ദശരഥാത്മജൻ, ഉപവനപീഡനമാചരിച്ചു മിഥിലാപുരിക്കു പരിധിയായി വർത്തിച്ചു എന്ന മൂലത്തിലെ ആശയം "പ്രാന്തത്തിൽ നില്ലാൻ നിയോഗിച്ചു" എന്ന രൂപത്തിലായപ്പോൾ നിർജ്ജീവമായിപ്പോയി. പക്ഷേ, കാവ്യരസം നിറഞ്ഞ ഉത്തരാർദ്ധം, ശൃംഗാരാധിക്യം നിമിത്തം ഉപേക്ഷിക്കാൻവേണ്ടി പരിഭാഷകൻ ഈ മാററം ചെയ്തതായിരിക്കണം. മിഥിലാപുരി ആ പീഡ സഹിച്ചതു ഏതുപോലെ എന്നു ഉത്തരാർദ്ധത്തിൽ പ്രതിപാദിക്കുന്നു.

പ്രീതിരോധമസഹിഷ്ട സാ പുരീ
സ്ത്രീവ കാന്തപരിഭോഗമായതം.

7. മുൻ അനുമാനം ശരിയാകാമെന്നുള്ളതിന്നു 60-ാംപദ്യം പാടെ ഉപേക്ഷിച്ചതു ദൃഷ്ടാന്തമാണു്. ആ പദ്യം താഴെ ഉദ്ധരിക്കാം.

ശ്യേനപക്ഷപരിധൂസരാളകാഃ
സാന്ധ്യമേഘരുധിരാർദ്രവാസസഃ
അംഗനാ ഇവ രജസ്വലാ ദിശോ
നോ ബഭൂവുരവലോകനക്ഷമാ.

8. ശൂർപ്പണഖ രാമന്റെയും ലക്ഷ്മണന്റെയും സവിധത്തിൽ മാറി മാറി സഞ്ചരിച്ച ഘട്ടത്തെ വർണ്ണിക്കുന്നു.

മൂലം- നദീവോഭയകൂലഭാക്
തർജ്ജിമ- കാമിനിരണ്ടോരത്തും മുട്ടുമാറുപോൽ
പാഞ്ഞാൾ

ഇവിടെ "നദീവ" എന്ന പദം ഉപേക്ഷിക്കാതിരുന്നാൽ നന്നായിരുന്നു.

9. മൂലം- പർണ്ണശാലാമഥ ക്ഷിപ്രം
വികൃഷ്ടാസി പ്രവിശ്യ ച
തർജ്ജിമ- പർണ്ണശാലയിൽപുക്കമ്പ് ഭൈരവ-
മൂർത്തിക്കുടൻ
കണ്ണാദിഖണ്ഡിച്ചേററം വൈരൂപ്യം
വളർത്തിനാൻ

മുൻ ഉദാഹരണത്തിൽ പറഞ്ഞതുപോലെ ഇവിടെ "വികൃഷ്ടാസി" എന്ന പദം ഉപേക്ഷിച്ചു. ഇതും ഉപേക്ഷണീയമാണെന്നു തോന്നുന്നില്ല.

10. മൂലം- വടഃ ശ്യാമ ഇതി പ്രതീത
തർജ്ജിമ- ശ്യാമാഖ്യമായ പേരാൽമരം

ഇനിയും പ്രസ്താവ്യമെന്നു തോന്നുന്ന ചില ഭാഗങ്ങൾ ഇല്ലാതില്ല. ഏതു തർജ്ജിമയിലും ചികഞ്ഞു നോക്കിയാൽ അഭിപ്രായവൈരുദ്ധ്യമുദിപ്പിക്കുന്ന ഭാഗങ്ങൾ കാണ്മാൻ പ്രയാസമില്ലെങ്കിലും പാഠപുസ്തകമെന്ന നിലയിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ട കാര്യം ഉൽബോധിപ്പിക്കേണ്ടതാവശ്യമാണു്.

"ശ്യേനപക്ഷ" എന്ന പദ്യവും, "പ്രീതിരോധ" എന്ന ഭാഗവും ശൃംഗാരാധിക്യം നിമിത്തം ഉപേക്ഷിച്ചു എന്നു സമ്മതിച്ചാൽ, പ്രത്യാഗമനകാണ്ഡത്തിലെ താഴെ ഉദ്ധരിക്കുന്ന ഭാഗം എങ്ങനെ സ്വീകാര്യമാകും?

ഇവിടെ അഖ്യപദത്തിന്റെ ഔചിത്യം അജ്ഞാതമായിരിക്കുന്നു.

"അനിശമിവനലിവൊടു തരംഗാധരം നൽകി
ആററിൻമുഖങ്ങളുമപ്പോൾ നുകരുന്നു.
അതിരസികനിവനറികനന്യസാധാരണ-
മാസ്വാദിച്ചും, സ്വാദിപ്പിച്ചു പ്രിയകളെ"

പാഠപുസ്തകമെന്നുള്ള നിലയിൽ മറെറാരു നിഷ്കർഷക്കുറവും ഇവിടെ സൂചിപ്പിക്കേണ്ടിയിരിക്കുന്നു. അബദ്ധം ധാരാളമുണ്ടായിരിക്കയും, ശുദ്ധിപത്രം ചേർക്കാതിരിക്കയും ചെയ്തിരിക്കുന്നതു പരിതാപകരംതന്നെ. ലേഖകന്റെ ദൃഷ്ടിയിൽപെട്ട ഏതാനും എണ്ണം ഇവിടെ ഉദ്ധരിക്കാം.

| പേജ്. | അബദ്ധം. | സുബദ്ധം |
|---|---|---|
| 3 | രന്താങ്കണം | രത്നാങ്കണം |
| 4 | തിരിശാക്കി | തരിശാക്കി |
| 11 | നൃക്ഷധ്വജൻ | ഋക്ഷധ്വജൻ |
| 13 | ഭുപാല | ഭൂപാല |
| 18 | ഇരിക്കണം | ഇരക്കണം |
| 50 | ഇന്ദുചൂഢൻ | ഇന്ദുചൂഡൻ |

ഈ ഭാഗം ഇങ്ങിനെ നിൽക്കട്ടെ. പ്രഥമഭാഗത്തു സൂചിപ്പിച്ച തർജ്ജിമയുടെ സൽഭാവത്തെപ്പററി ചിലതു ചിന്തിക്കാം.

അവതാരികയിൽ സൂചിപ്പിക്കുന്നപോലെ ഈ ഗ്രന്ഥം ഒരു തർജ്ജിമയാണെന്നു തോന്നാതിരിക്കത്തക്കവണ്ണം അക്ലിഷ്ടമനോഹരമായിരിക്കുന്നു. ഉചിതപദങ്ങൾ നിവേശിപ്പിക്കുന്ന

തിന്റെ കവിക്കു ക്ലേശമുള്ളതായി കാണുന്നില്ല. ശബ്ദതഞ്ജിമ എല്ലാമിടത്തും പ്രത്യക്ഷമാകുന്നില്ലെങ്കിൽ അതിന്റെ പലകാരണങ്ങളുമുണ്ട്. ദ്രാവിഡവൃത്ത സ്വീകരണം കൊണ്ട് കവിക്കു അല്പം സ്വാതന്ത്ര്യം പ്രയോഗിക്കേണ്ടതാവശ്യമായിവരും. പദാവലീതഞ്ജിമയും, അല്പമായ ആശയവികസനവും, ചുരുക്കമായി സ്വന്ത ആശയവും ഈ ഗ്രന്ഥത്തിൽ ദർശിക്കാവുന്നതാണ്. ഓരോന്നിന്റെം അവതാരികയിൽ ഉള്ള ഉദാഹരണങ്ങളിലേയ്ക്കു വായനക്കാരുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

സ്വന്ത ആശയം സന്ദർഭാനുസരണം കൂട്ടിച്ചേർക്കുന്നതിന്നു പരിഭാഷകൻ ഔചിത്യപൂർവം പരിശ്രമിച്ചിട്ടുള്ളതിന്റെ ചില ഉദാഹരണം കാണിക്കാം.

ഏകാദശസർഗ്ഗം ആരംഭിക്കുന്നതു് ഇങ്ങനെയാണ്.

കൗശികനാസകിലക്ഷിതീശ്വരരോ
രാമവധൂവിഷാദശാന്തയേ

ഇതിനു മുമ്പിലായി വിവർത്തകൻ ഒരു ഉൽപ്രേക്ഷ അനുബന്ധിച്ചിരിക്കുന്നു.

താർമകൾനിത്യം തലോട്ടും പദാംകങ്ങൾ
ചാലെചരിതാർത്ഥനാകുവാനെന്നപോൽ

ഇവിടെ കവിയുടെ ഈശ്വരഭക്തി വ്യഞ്ജിക്കുന്നതു് സമഞ്ജസമായിരിക്കുന്നു.

കപികളുടെ യുദ്ധം വർണ്ണിക്കുന്ന ഘട്ടത്തിൽ "ശരങ്ങൾ തോല്ക്കും ദന്തനഖങ്ങളുല്ലസിക്കവേ" എന്നതിന്റെ ശേഷം "കുരങ്ങിനുണ്ടോ മറ്റുകൊലയായുധമുള്ളും" എന്നുള്ള പ്രയോഗം പരിഭാഷകന്റെ സ്വന്തമാണ്.

പ്രത്യാഗമനകാണ്ഡപ്രാരംഭത്തിൽ 3-ം 4-ം വരികൾ കവി കൂട്ടിച്ചേർത്തിരിക്കുകയാണ്. ശ്രീരാമൻ വിമാനത്തിൽ ആകാശത്തേയ്ക്കുയർന്നു എന്നതിന്റെ ശേഷം, ജനകജയോടു സമുദ്രത്തെനോക്കി പറഞ്ഞുതുടങ്ങി എന്നതിന്റെ മധ്യത്തിൽ,

ദിവസകരകുലപതിയൊടുള്ളലിതമഹസ്സൊത്തു
ദീപിച്ചുപിന്നിലദ്വിതീയമാനം തദാ

എന്നു വിമാനത്തെ രണ്ടു വരിയിൽ വർണ്ണിച്ചിരിക്കുന്നതു സമുചിതം തന്നെ.

ഉചിതപദങ്ങൾ പ്രയോഗിക്കുന്നതിൽ കവിക്കുള്ള പാടവത്തിന്നു ഒന്നു രണ്ടു ദൃഷ്ടാന്തങ്ങൾ കാണിക്കാം. വിരാധൻ ശ്രീരാമനെ തടുക്കുന്ന

അതിഷ്ഠന്മാർഗ്ഗമാവൃത്യ
രാമസ്യേന്ദോരിവഗ്രഹഃ

'ഗ്രഹ' ശബ്ദത്തിന്നു പകരം തഞ്ജിമയിൽ തമസ്സ് എന്നു പ്രയോഗിച്ചിരിക്കുന്നു. തമഃശബ്ദത്തിന്നു, തമോഗുണം, ഇരുട്ട്, രാഹു എന്നെല്ലാം അർത്ഥമുണ്ടല്ലോ.

മാല്യവാൻ പർവതത്തെ വർണ്ണിക്കുന്നതിന്നിടയിൽ "ഘനഗർജ്ജിതാനി" എന്ന പദത്തിന്റെ വിവർത്തനവും ഉദ്ധരണീയമാണ്. "അതികഠിന മട രടിത രസിതം" ഈ പ്രയോഗത്തിൽനിന്നും ഘനഗർജ്ജനത്തിന്റെ ഒരു പ്രതീതിതന്നെ നമുക്കുണ്ടാകുന്നു.

ശസ്തമംഗലത്തിന്റെ വിവർത്തനസാമർത്ഥ്യം അത്യധികം പ്രകാശിക്കുന്നതു പ്രത്യാഗമനകാണ്ഡത്തിലാണ്. പദങ്ങൾ അനർഗ്ഗളം പ്രവഹിക്കുന്നു. വായിക്കുന്നവർക്ക് തഞ്ജിമയാണെന്നുള്ള പ്രതീതി ഉണ്ടാകുന്നില്ല. ഒരുദാഹരണം ഉദ്ധരിക്കട്ടെ.

കരകയറിനിരവധികടൽപ്പെരുംപാമ്പുകൾ
കാറ്റുണ്ടുകൊണ്ടു കിടക്കുന്നുകാൺകനീ
വെയിലിലൊളിപെരുകിയഫണാമണിദീ-
പ്തിയാൽ
വീചികളല്ലെന്നറിയാമവറ്റയെ.

ചുരുക്കത്തിൽ കാളിദാസരാമായണം തഞ്ജിമ ഭാഷാസാഹിത്യഭണ്ഡാഗാരത്തിന്നു ലഭിച്ച അമൂല്യസമ്പത്തുതന്നെയാണ്. ഈ പുസ്തകം പാഠ്യപുസ്തകമാക്കിയതു നിമിത്തം വിദ്യാർത്ഥികൾക്കു ഭാഷാജ്ഞാനവും, പുരാണപരിചയവും, സാഹിത്യരസികതയും സംസിദ്ധമാകുമെന്നുള്ളതിൽ സംശയമില്ല.

# ആ ഫോട്ടോ *

By

(എൻ. എസ്. പ്രഭാകരൻപിള്ള, പെരിഞ്ഞര.)

വിജയബാബു ഇപ്പോൾ അതിപ്രശസ്തനായ ഒരു ഡോക്ടറാണ്. ഇത്ര ചെറുപ്പത്തിലെ ഇത്ര പ്രഖ്യാതനായ ഒരു ഡോക്ടരുണ്ടോയെന്നു സംശയമാണ്. അവിവാഹിതനായ അദ്ദേഹത്തെ സകലരും ബഹുമാനിച്ചിരുന്നു. അസമയം അദ്ദേഹത്തിന്റെ ഐശ്വര്യസൂര്യന്റെ മദ്ധ്യാഹ്നസമയമായിരുന്നു.

ഈ സമയത്താണ് അദ്ദേഹം പത്മയെ വിവാഹം കഴിക്കാനുദ്യമിച്ചതു്. പത്മ ധനികനായ ഒരാളുടെ ഏകസന്താനമാണ്. അയാളുടെ വിത്തപ്രഭാവത്തിന്റെ മധുരിമയിൽ ആടിപ്പാടി മധുകൂജിതം ചെയ്യുന്ന ഒരു പൂങ്കോകിലമാണവൾ. അവളുടെ മാദകമായ സൌന്ദര്യധോരണിയാണ് അയാളെ കൂടുതൽ ആകർഷിച്ചതു്. സവിശേഷസൌന്ദര്യധോരണികൊണ്ടലംകൃതയായ ഒരു യുവതി ആരുടെ ചിത്തത്തെയാണ് ഇളക്കാത്തതു്? അവളെ ചിന്തിച്ചു പലേ രമ്യഹർമ്മ്യങ്ങളും അദ്ദേഹം അംബരത്തിൽ ചമച്ചിട്ടുണ്ട്........

ശിപായി, അദ്ദേഹത്തിനുള്ള എഴുത്തുകൾ എല്ലാം മേശപ്പുറത്തുകൊണ്ടുവച്ചു. അതിൽ വളരെ ഭാരം കുറഞ്ഞതും, അംഗനാലിഖിതവുമായ ഒരു കവർ പൊട്ടിച്ച് അദ്ദേഹം വായന തുടർന്നു.

"വിജയ,

താങ്കൾ, എനിക്കു താങ്കളുടെ നാമാങ്കിതമായ അംഗുലീയം തന്നതു് ഇപ്പോൾ വിസ്മരിച്ചു കാണുന്നില്ലല്ലോ? എന്നിട്ടു ലവലേശം ലജ്ജയില്ലാതെ താങ്കൾ പത്മയെ വിവാഹം കഴിക്കുവാൻ പോകയാണ്. താങ്കൾക്കു ഈ ദുരിതമൊഴിയണമെങ്കിൽ ഇന്നുതന്നെ നാലുമണിക്ക് ബിൽഡിംഗിന്റെ നാലാംനമ്പർ മുറിയിൽ വരിക. അപ്പോൾ കാണാം.

എന്നു, പഴയ കമല"

അയാൾ അതു പല പ്രാവശ്യം വായിച്ചു. ചില സ്വേദകണങ്ങൾ അയാളുടെ ലലാടപ്രദേശത്തു് മുത്തുമാല്യം ചാർത്തി. പത്മ! അയാളുടെ ദൈനംദിനസ്വപ്നദേവത അയാളിൽനിന്നു മങ്ങിമങ്ങി വിദൂരതയിൽ, അനന്തതയിൽ വിലയം പ്രാപിക്കുന്നതായി അയാൾക്കു തോന്നി. അയാൾ കമലയെ മനസാ ശപിച്ചു. "പത്മേ, പ്രേമോദ്യാനത്തിലെ സുവർണ്ണരാഗകുസുമമായ എന്റെ പ്രിയപത്മേ......" അയാൾ പ്രലപിക്കാൻ തുടങ്ങി. "വല്ലവരും ഈ വിവരമറിഞ്ഞാൽ, ഈ രഹസ്യം പരസ്യമായാൽ......" അയാൾ നീറുവാൻ തുടങ്ങി.

അയാൾ കോളേജിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ അയാളുടെ സഹവിദ്യാർത്ഥിനിയാണ്—ജീവൽകാമുകിയാണ് അവൾ—ആ കമല. അവർ പലേ സ്വച്ഛന്ദവിഹാരങ്ങൾ നടത്തിയിട്ടുണ്ട്. ലൌകികത്തിന്റെ നിസ്സാരഭാവവലയത്തിൽ കുടുങ്ങിക്കിടക്കാതിരിക്കത്തക്കവണ്ണം അവരുടെ വേഴ്ച—അവരുടെ പ്രേമപ്രഭാവം അത്രമാത്രം ഉയർന്നു പ്രശോഭിച്ചിരുന്നു. പലേ നിശാസമയങ്ങൾ അവർ ഉദ്യാനങ്ങളിലും മററും വച്ചു് ചിലവഴിച്ചിട്ടുണ്ട്. ആ പഴയ ചരിത്രങ്ങളെല്ലാം—തന്റെ ഭൂതകാലചരിത്രമെല്ലാം വിജയന്റെ മസ്തിഷ്കത്തിൽ ഒരു ചലച്ചിത്രംകണക്കെ ഉദിക്കുവാൻ തുടങ്ങി. ഒരു ദിവസം കമല വിജയനെ അറിയിച്ചു അവൾ ഒരു മാതാവാകാൻ പോകയാണെന്നു്. പക്ഷേ വിജയൻ സ്തബ്ധനായി നിന്നതല്ലാതെ ഉത്തരമൊന്നും പറഞ്ഞില്ല. താമസംവിനാ കോളേജടച്ചു. കമലയെ കാണാതെതന്നെ അയാൾ വീട്ടിലെത്തി. ഗർഭിണിയായി തിരിച്ചെത്തിയ കമലയെ അവളുടെ മാതാപിതാക്കന്മാർ തങ്ങളുടെ പവിത്രഗേഹത്തിൽനിന്നും നിഷ്കാസനം ചെയ്തു. അവൾ ഒരു ആശുപത്രിയിൽ കയറി പ്രസവം നടത്തി. കുട്ടിയെ ത്യജിച്ചശേഷം അവൾ വേറൊരാളുടെകൂടെ തിരിച്ചു. ഇപ്പോൾ വിജയന്റെ അടുത്താണ് താമസം. പക്ഷേ വിജയനിതറിഞ്ഞി

# കേരളസംസ്കാരം.

(ഓണപ്പാട്ട്)

പൂമാതിൻപൂവനവാസംവിട്ടീ-
ഭൂതലമെത്തുന്ന തമ്പുരാട്ടീ!
വന്ദ്യേ! ദേവതീ! മംഗളംതേ
പോന്നതെന്തിങ്ങുനീ ഗാനമാതേ!
പൊന്നോണമാണിന്നീക്കേരളത്തിൽ
പുണ്യംപുലരുമീയാരാമത്തിൽ
പൊന്നതിഥേ മന്നിവഞ്ചിഭൂപൻ
പൊന്തിച്ചപൊന്നുംകൊടിമരത്തിൽ
പാരംപെറുക്കുന്നകാന്തിചിന്തി
കേരളസംസ്കാരവൈജയന്തി
അക്കുളിർകാറ്റിലാലോലമാടി
സൗഖ്യമായ് സൗഹൃദഗാനംപാടി
ആനന്ദമാസ്വദിച്ചീടുവാനായ്
ജ്ഞാനത്തിൻനിർവൃതിതേടുവാനായ്.
പാടുക പാടുക ഗാനസത്തേ!
പാടുകതുഞ്ചന്റെ പൊന്നുതത്തേ!

ചങ്ങമ്പുഴ (മ-മ)

---

ല്ല. തന്റെ വിദ്യാഭ്യാസകാലത്തു് പ്രേമസൂചകമായി താൻ അവൾക്കു സംഭാവനചെയ്ത ആ മോതിരമാണു് അയാൾക്കിപ്പോൾ കണ്ഠപാശമായി തീർന്നിരിക്കുന്നതു്.

അന്നു നാലുമണിക്കുതന്നെ അയാൾ നിശ്ചിതസ്ഥലത്തു് എത്തി. അപ്പോൾ കമല അവിടെ ഹാജരായിരുന്നു. വേറെ ഒരുത്തരും തന്നെ ഉണ്ടായിരുന്നില്ല. അവൾ പണ്ടത്തെപ്പോലെതന്നെ മുഗ്ദ്ധകോമളയായിരുന്നു. അവളുടെ ആയതനയനങ്ങൾ ഇപ്പോഴും മാദകങ്ങളായിരുന്നു. അവളുടെ ആകാരസുഷമയിൽ വിജയൻ പിന്നെയും കുടുങ്ങിപ്പോയി. അനന്തരം അവൾ പറഞ്ഞു. "ഞാനീ മോതിരം തിരിയെ തരാം. പക്ഷേ ഇപ്പോൾ ഇതിന്റെ വില 1000 രൂപയാണു്. എന്താ സമ്മതമുണ്ടോ?" വിജയൻ കൂസാതെ ആ തുകയ്ക്കു് ഒരു ചെക്കെഴുതിക്കൊടുത്തു. അവൾ അയാളോടൊന്നടുത്തുനിന്നു. അയാൾ തന്നത്താൻ മതിമറന്നു. ഉന്മത്തനായി, ലോകം അന്ധമയമായി അയാൾക്കു് പ്രതീതമായി. അവളുടെ രൂപദർശനീയതയത്തിൽ അയാൾ കുടുങ്ങിപ്പോയി. അയാൾ എല്ലാം മറന്നു. വിജയൻ അവളെ തന്റെ കൈത്തണ്ടിൽ കോരിയെടുത്തു!! വികാരപരവശനായി അയാൾ അവളെ ഒന്നു ചുംബിച്ചു. പെട്ടെന്നു് അവൾ ചാടി മാറി. അയാൾ ചുറ്റും നോക്കി ഇതാരെങ്കിലും കണ്ടോയെന്നു്. ആരുമില്ല. അയാൾ സമാധാനചിത്തനായി മോതിരവുംകൊണ്ടു് വീട്ടിലെത്തി. * * * *

പിറ്റേ ദിവസത്തെ അഞ്ചൽ വന്നു. അയാൾ ഒരു പേരില്ലാത്ത എഴുത്തു തുറന്നു വായിച്ചു.

"സാർ,

ഇന്നലത്തെ നിങ്ങളുടെ പ്രണയനാടകത്തിന്റെ ഒരു ഭാഗം ഇതോടൊന്നിച്ചയക്കുന്നു. ഇത്തരി എത്ര കോപ്പികൾ വേണമെങ്കിലുമെടുക്കാവുന്ന നെഗറ്റീവ് എന്റെ പക്കൽ ഉണ്ടു്. അതു് വേണമെങ്കിൽ വേറൊരായിരവുംകൊണ്ടു് മുൻപിലത്തെ സ്ഥലത്തുതന്നെ വന്നു ചേരുക."

അയാൾ നോക്കി. "ഹാ!" കമല അയാളുടെ കൈത്തണ്ടിൽ കിടന്നു ചുംബനമാസ്വദിക്കുന്ന ആ ഫോട്ടോ!! അയാൾക്കു തല ചുറ്റുവാൻ തുടങ്ങി. അയാൾ ഒരു കസേരയിലേക്കു് മയങ്ങിവീണു. ഏതോ കാര്യം പ്രമാണിച്ചുവന്ന പത്മയുടെ പിതാവു് മേശപ്പുറത്താ ഫോട്ടോയാണു് കണ്ടതു്.!

---

* പകർപ്പവകാശം കാഥികന്നു്.

# ശമസുഖം.

(വടക്കുംകൂർ രാജരാജവർമ്മരാജാ.)

നാമം കുലം ഗുണഗണം വിവിധം വികാര-
സ്തോമം തഥാ, ദിയവസാനമിതൊന്നുമെന്യേ
അമഞ്ഞുവായഖിലവും പരമംപ്രമോദ-
ധാമം തദേകരസമാത്മസുഖം ജയിപ്പൂ! 1

ഏതും ജനിപ്പതിനുമുമ്പുളവായതായു-
മേതും നശിച്ചിടുകിലും നിലനില്പതായും
ജ്ഞാതും നികാമമൃഷികൾക്കുമശക്യമായു-
മാളുംശമാത്മസുമഹസ്സുസമുല്ലസിപ്പൂ. 2

ഇന്നാരുമാദ്യമറിയേണ്ടതു വസ്തുവാത്മാ-
വൊന്നാണു്, തത്വമിഴികൊണ്ടതു കണ്ടിടാത്തോർ
മന്നാകെ വെന്നിടുകിലും മഹനീയകീർത്തി-
യെന്നാളുമാളിടുകിലും ജളബുദ്ധിയന്ധൻ. 3

വേദംപുരാണമിതിഹാസമിതാകവേ, വൻ
വാദംനടത്തിടുകിലും തെളിയാത്തതായി
ഭീദംവേദ്യമുളുവതായപേത-
ഖേദം ജയിപ്പൂപരമാത്മമഹസ്സുദിവ്യം. 4

ഒന്നാണകണ്ഠവതു സർവ്വമെന്നബോധ-
മിന്നാശയത്തിലുളവായ് ദൃഢമായ് ഭവിച്ചാൽ
പിന്നായവന്റെ ഗതിനേർവഴിയായവൻതാൻ
തന്നാഥനാമവനു മുക്തിസുഖംകരസ്ഥം. 5

ഇക്കണ്ടിടും ജഗതിതന്റെ വിലാസമൊടി,
മുക്ക,ത്ഥമററു കഴമ്പിയലാത്തതെല്ലാം:
ധിക്കഷ്ടമായതിൽ മനസ്സുമയങ്ങിടുന്നോൻ
ചിക്കെന്നു ചെന്നു നരകക്കുഴിയിൽപ്പതിപ്പോൻ. 6

വാരാശികാലടികൾകൊണ്ടു കടക്കിലെന്താം,
താരാപഥത്തോളമുയർന്നു പറക്കിലെന്താം
ഘോര നിലന്റെഗതിചെന്നു തടുക്കിലെന്താം
നേരാത്മതത്വമറിയാത്തവർ ദുർബലന്മാർ. 7

ശൈലങ്ങൾപൊക്കിടുകിലും ബഹുവാരശാസ്ത്ര -
ജാലം പഠിച്ചിടുകിലും, കടൽനീന്തിയാലും

കൂലങ്കഷം പെരുമവായ്ക്കുകിലും, സുഖൈക-
മൂലം വിരക്തികവരാത്തനരൻ ജളാഗ്ര്യൻ. 8

പോരാനതൻ ചെവികണക്കിളകും വിഭൂതി
ദാരാദിഭാഗ്യദശയിൽ, സ്പൃഹയേന്തിടാതേ
സാരാൽസ്ഥിരത്വമസുഖസമ്പദമേകിടുന്ന
വൈരാഗ്യലക്ഷ്മിയെ വരിപ്പവനാണഭിജ്ഞൻ. 9

പൊൻമാളികപ്പുറമണഞ്ഞിരുനാൾക്കുമുൻപു
നൽമാനമോടുന്നിവസിച്ചമഹാനരാവൻ
വൻമാരിയന്നു നിപതിച്ചു ജനങ്ങൾതള്ളി-
പ്പിന്മാറിയിന്നു ഗതികെട്ടുഴലുന്നമട്ടായ്. 10

വൈരാഗ്യമാകിയ വിഭൂതിമനസ്സിലാർക്ക്
ധാരാളമുണ്ടവനധനായവനാണുധന്യൻ;
സ്വാരാജ്യവാസരസവും, പരമാത്മസൌഖ്യ-
വാരാശിമഗ്നനവനോർപ്പു തൃണത്തിനൊപ്പം. 11

വൈരാഗ്യശാന്തികൾനരക്കിഹരണ്ടുകണ്ണാ-
ണാരാകിലും തെളിവിവറ്റിനിയലാതിരിപ്പോൻ
സ്വാരാത്മദർശനസുഖത്തിനനർഹ,നായാൾ
ദാരാദിബന്ധമയസിന്ധുവിൽ നീന്തുമന്ധൻ. 12

ആറായിരംശിഖരികൾക്കിയലും കരുത്തും
സൂര്യാഗ്നികോടികളിൽനിന്നുയരും മഹസ്സും
വൈരാഗ്യശാന്തികൾ കലർന്നനരന്റെ ശക്തി
ന്നേരായ്നിലയ്ക്കിലധികം ലഘു-തുച്ഛതുച്ഛം. 13

ഒന്നില്ലയെങ്കിലിളവീണിടുമപ്പോളെന്നു
നീതീത്യമോർപ്പൂഹൃദിമൂഢമതേ! മനുഷ്യ!
ഭൂനിന്നൊഴിട്ടൂർദ്ധ്വമെത്രസഹസ്രകല്പം
ഹാനിന്നു, നില്ക്കുമിനിമേലിലുമപ്രകാരം. 14

നീവന്നനാളിലൊരുമിച്ചിഹവന്നകൂട്ടർ
താതല്ലബന്ധുസുഹൃദാദികളിപ്പൊളെങ്ങാം
ഏവർക്കുമന്ത്യഗതിയങ്ങിനെയാം ഫലാനാ ഹം-
ഭാരംവെടിഞ്ഞതിലിടെ നീയുമണഞ്ഞിടേണ്ടോൻ. 15

അല്പംനരർക്കിടയജീവിതകാലമോർക്കി
ലുല്പന്നമുഷ്ടുടത്തുനിഷ്ഫലമാക്കിടാതെ
ചില്പത്മകേരകമധുദ്രവമാസ്വദിക്കും
സല്പണ്ഡിതൻ സുകൃതി ശാന്തിധനൻ കൃതാർത്ഥൻ. 16

# കവിതാമഞ്ജരി

രണ്ടാംഭാഗം.

## വില രൂപാ ൧

ഗ്രന്ഥകർത്താ,

പുലിയന്നൂർ എസ്സ്. രാമയ്യർ അവർകൾ.

(മീനച്ചൽത്താലൂക്കിനെ സ്പർശിക്കുന്നതായിത്തന്നെ ഏഴു കവിതയുണ്ട്)

**ഫാദർ ഏബ്രഹാം വടക്കേതിൽ അവർകളുടെ, പ്രൌഢവും വിമർശനപരവുമായ അവതാരിക പഠിക്കേണ്ടതുതന്നെ.**

ധാരാവാഹിയായ വാക്പ്രസരം, വിശിഷ്ടമായ രചന, മോഹനമായ ഭാവന, നവനവോല്ലേഖങ്ങൾ, ഹൃദ്യമായ വൈദർഭീരീതി, അകൃഷ്ടങ്ങളായ അലങ്കാരങ്ങൾ; നിരൂപകശിഖാമണിയായ അവതാരകൻ പറയുന്നതിൽ അല്പം ശ്രദ്ധിക്കുക തന്നെ. ഓരോ അവസരങ്ങളിൽ പരിതഃസ്ഥിതികളുടെ സമ്മർദ്ദത്താൽ കവിഹൃദയത്തിൽ ഓളം തല്ലിയ വികാരവിചാരങ്ങളുടെ മൂർത്തിരൂപങ്ങളാണ് 'കവിതാമഞ്ജരി'യുടെ ഈ ദ്വിതീയ ഭാഗത്തിൽ പ്രത്യക്ഷമാകുന്ന 1൬ ഖണ്ഡകാവ്യങ്ങൾ. ഉജ്ജ്വലമായ ദേശാഭിമാനം, ആർഷസംസ്കാരത്തോടുള്ള അളവററ ഭക്തി, പ്രകൃതിവിലാസദർശനമാത്രയിലുളവാകുന്ന ആഹ്ലാദം, അമേയമായ ഭൂതാനുകമ്പ, അചഞ്ചലമായ ഈശ്വരഭക്തി മുതലായ കവിഹൃദയത്തെ ചലിപ്പിച്ചിട്ടുള്ള വികാരങ്ങളുടെ സന്ദർഭാനുസാരേണയുള്ള ചിത്രങ്ങളാണ് ഓരോ കവിതയിലും ആണിയായി നിബന്ധിക്കപ്പെട്ടിരിക്കുന്നതു്. കവിയുടെ ഔചിത്യബുദ്ധി അത്യന്തം പ്രശംസനീയമെന്നും, കവിയുടെ ഭാവനയും ആഴിയിലെ തരംഗപരമ്പരപോലെ ഉണ്ടായിരിക്കുന്നുവെന്നും പിന്നെയും പറയുന്നു.

ചന്ദ്രാപ്രസ്സിലെ സുന്ദരമായ അച്ചടി!    കമനീയമായ കവർ!

## ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1 ശ്രീവിഷ്ണുപാദാദികേശാന്തവർണ്ണനസ്തോത്രം (വ്യാഖ്യാനം) 1 രൂ.
2 കവിതാമഞ്ജരി 1-ാംഭാഗം ൮ ണ.
3 രാജഭക്തി (കവിതാസമാഹാരം) 1 രൂ.
4 അഞ്ജലി (കൃഷ്ണാവതാരസംഗ്രഹം 1 രൂ.
5 സുലോചന (ഗദ്യകാവ്യം) 1 രൂ. ണ.
6 ലേഖനമഞ്ജരി 1-ാംഭാഗം 2 രൂ.
7 ദിലീപൻ 8 ണ.
8 ശിവരാത്ര്യുത്സവം (തുള്ളൽ) 6 ണ.
9 ബോധനമാലിക 1-ാംഭാഗം 8 ണ.
10 ഭക്തദീപിക (ഒരു നിരൂപണം) 4 ണ.

പുലിയന്നൂർ ബുക്ക്ഹൗസ്
A. O. & P. O. പാലാ
ബ്രാഞ്ച്—തൊടുപുഴ.

മാനേജർ,
ചന്ദ്രാപ്രസ്സ്,
പാല, തിരുവനന്തപുരം.

ചെറുകഥ

# ഹസ്തികാന്തശില്പം.

വിദുഷി (എം. തങ്കമ്മമാലിക്ക്—സരസ്വതി)

കൂടാരത്തിലിരുന്ന് വത്സ്യമഹാരാജാവു ഉദയൻ വീണവായിച്ചു രസിക്കയാണ്. ആനയെ വേട്ടയാടാനുള്ള ഭ്രമത്തിൽ കൗശാംബിയിലെ കൊട്ടാരത്തിൽ നിന്നും ഈ വനത്തിലെ കൂടാരത്തിലെത്തി താമസിച്ചു വരികയാണദ്ദേഹം. പക്ഷേ ഇതുവരെയായിട്ടും ഒരൊററ ആനയെപ്പോലും പിടിക്കാൻ സാധിച്ചില്ല. ഈ ഉദ്ദേശത്തിൽ അദ്ദേഹം അറിയാതെ തന്നെ വത്സ്യസീമവിട്ടു ഉജ്ജയിൻ രാജ്യത്തിന്റെ അതിരിലുള്ള വനത്തിൽ കടന്നുപോയി. രണ്ടുദിവസമായിട്ടും ഇവിടെയും ഒരാനയും ലഭിച്ചില്ല. ക്ലാന്തമനസ്കനായിതീർന്ന രാജാവിനെ ഈയവസരത്തിൽ ആശ്വസിപ്പിക്കുന്നതു് അദ്ദേഹത്തിന്റെ പ്രിയപ്പെട്ട വീണ ഒന്നുമാത്രമാണ്.

"തിരുമേനീ! ഈ വനത്തിന്റെ ദക്ഷിണഭാഗത്തു് ഭീമാകാരനായ ഒരു മദയാനയെ അടിയൻ കണ്ടു. അതീവനത്തിൽ കഴിയാനുള്ളതല്ല. അവിടുത്തെ സവാരിക്കു പററിയതുതന്നെയാണ്" ഒരു പടയാളി മഹാരാജാവിനെ അറിയിച്ചു. "എന്തു്! ആനയോ? ഇവിടെ നിന്നു എന്തു ദൂരത്തിൽ?" വീണ താഴത്തു വെച്ചിട്ടു് ജിജ്ഞാസയോടെ രാജാവു ചോദിച്ചു. "അരക്കാതം ദൂരത്തിൽ" ഭടൻ ഉത്സാഹപൂർവം പറഞ്ഞു. മഹാരാജാവിന്റെ നീലനയനങ്ങളിൽ പ്രസന്നത കളിയാടി. വീണ കയ്യിലെടുത്തു എഴുന്നേററിട്ടു അദ്ദേഹം പറഞ്ഞു—"വിജയാ, ശീഘ്രം വേട്ടയ്ക്കു വേണ്ട ഒരുക്കങ്ങൾ ചെയ്യു"

അശ്വാരൂഢനായ ഉദയനും അനുചരന്മാരും വനമദ്ധ്യത്തിലേക്കു യാത്രയായി. വഴികാട്ടിക്കൊണ്ടു് വിജയൻ മഹാരാജാവിന്റെ സമീപം സ്ഥിതിചെയ്തു. ഇടതിങ്ങിയ ക്ലേശഭൂയിഷ്ഠമായ മാർഗ്ഗത്തിൽകൂടി അവർ മുൻപോട്ടു നീങ്ങി. കുറച്ചു സമയം കഴിഞ്ഞു് വിജയൻ പറഞ്ഞു—"നോക്കണം തിരുമേനി, ആന അതാ നില്ക്കുന്നു"

എല്ലാവരും ദൂരത്തിൽ നിന്നുതന്നെ ആനയെ കണ്ടു. എന്തോ ആലോചിച്ചു് അല്പസമയം നിന്നിട്ടു മഹാരാജാവു് പറഞ്ഞു—"ഞാൻ ഒററയ്ക്കു ഇതിലെ പോകാം" നിങ്ങൾ നിശ്ശബ്ദം ദക്ഷിണഭാഗത്തുകൂടി വന്നുകൊള്ളുവിൻ"

രാജാവു് ഒററയ്ക്കായി. അല്പദൂരം സഞ്ചരിച്ചപ്പോൾ വഴി അത്യന്തം ദുർഘടമായി കാണുകയാൽ അദ്ദേഹം കുതിരയിൽ നിന്നും താഴെയിറങ്ങി. പക്ഷേ എത്രതന്നെ ശ്രമിച്ചിട്ടും അദ്ദേഹത്തിനു ആനയുടെ സമീപം എത്താൻ സാധിച്ചില്ല. അതിനാൽ ഹസ്തിവശീകരണമന്ത്രം ജപിച്ചുകൊണ്ടു വീണ കയ്യിലെടുത്തു. അദ്ദേഹത്തിന്റെ വിരലുകൾ തീവ്രഗതിയിൽ വീണാതന്ത്രികളിൽ കളിച്ചു തുടങ്ങി; ദൃഷ്ടി ആനയിലും പതിച്ചിരുന്നു. അദ്ദേഹത്തിനു ആശ്ചര്യം തോന്നി. രാജാവു മുമ്പോട്ടു നീങ്ങുംതോറും ആന പിന്നോക്കം പൊയ്ക്കൊണ്ടിരുന്നു. ഇതിനു മുൻപു ഒരവസരത്തിലും ഈ അനുഭവം ഉണ്ടായിട്ടില്ല. വീണാനാദം കേട്ടു ആനകൾ അദ്ദേഹത്തെ സമീപിക്കയാണ് പതിവു്. "ഈ ആന പൊട്ടനാണോ?" രാജാവു ചിന്തിച്ചു. വിരലുകൾ തളർന്നു; മുഖം അരുണമായി; ശരീരം വിയർത്തു, മനസ്സു ക്ഷീണിച്ചു. തന്റെ വളരെ ദിവസമായുള്ള പ്രയത്നത്തെ വൃഥാ ആക്കുന്നു; ഹസ്തികാന്തശില്പമന്ത്രത്തെ അസത്യമെന്നു് സ്ഥാപിക്കുന്ന ആ മൃഗത്തെ ക്ഷീണദൃഷ്ടിയോടെ അദ്ദേഹം നോക്കി. "അവിടുത്തെ ഈ പരിശ്രമം വൃഥാ ആണു് തിരുമേനി അവിടുത്തേക്കു തെററുപററി. ഇതു ജീവനുള്ള മൃഗമല്ല, വസ്ത്രനിർമ്മിതമായ പാവയാണ് തിരുമേനീ" പരിഹാസദ്യോതകമായ ഒരു പൊട്ടി

ച്ചിരി കേട്ടു മഹാരാജാവു തിരിഞ്ഞുനോക്കി. ആയുധപാണിയായ ഒരു യുവാവ്!

"നിങ്ങൾ ആരാണ്? ഈ പരിഹാസത്തിന്റെ ഉദ്ദേശമെന്തു്?" രാജാവു ക്രുദ്ധനായി ചോദിച്ചു. "അടിയന്റെ പേർ ചന്ദ്രസേനൻ എന്നാണ്. ഉജ്ജയിനാധിപതി ചണ്ഡപജ്ജോതമഹാരാജാവിന്റെ ആശ്രിതനാണ്. ഈ പരിഹാസത്തിന്റെ ഉദ്ദേശമെന്തെന്നു ഞങ്ങളുടെ മഹാരാജാവ് തന്നെ അവിടുത്തേക്ക് വ്യക്തമാക്കും!" ഇത്രയും പറഞ്ഞിട്ട് ചന്ദ്രസേനൻ കാഹളമൂതി. ഏതാനും ഭടന്മാർ വന്ന് മഹാരാജാവിനെ വളഞ്ഞു

"ഞങ്ങളുടെ മഹാരാജാവിന്റെ ആജ്ഞയനുസരിച്ച് അവിടുത്തെ ഞങ്ങൾ ബന്ധിക്കുന്നു തിരുമേനി" ചന്ദ്രസേനൻ പറഞ്ഞു

"ബന്ധിക്കയോ എന്നെയോ! എന്താണിതിന്റെ അർത്ഥം" സആശ്ചര്യം രാജാവു ചോദിച്ചു. "അതു് ഞങ്ങൾക്കറിഞ്ഞുകൂടാ. രാജകല്പനയാണ്."

അത്യന്തം ക്രുദ്ധനായ ഉദയൻ യുദ്ധത്തിനു തയാറായി. ഏകാകിയായ രാജാവ് അനേകം പേരോട് എത്രനേരം പൊരുതും? മുറിവേററ് നിലം പതിച്ച അദ്ദേഹത്തെ ചന്ദ്രസേനൻ രഥത്തിൽകയററി ഉജ്ജയിനിയിലേക്ക് യാത്രയായി.

ഉദയൻ ഉജ്ജയിനിയിലെ രാജാവിന്റെ കാരാഗൃഹത്തിലാണ്. അഭിമാനിയായ ഉദയന്റെ ഹൃദയം അപമാനത്താൽ കത്തിഎരിഞ്ഞുകൊണ്ടിരുന്നു. കഴിഞ്ഞ സംഭവങ്ങൾ ഇന്ദ്രജാലംപോലെ മാത്രമേ അദ്ദേഹത്തിനു തോന്നിയുള്ളു. "വിജയൻ എന്തിനു തന്നെ ചതിച്ചു? ഭീരുവായ പജ്ജോതു് രാജാവ് എന്തിനായി തന്നോട് ഈ കപടനാടകം ആടുന്നു?" ഇത്യാദിചിന്തകൾ അദ്ദേഹത്തെ സദാ അലട്ടിക്കൊണ്ടിരുന്നു. രാജഭൃത്യന്മാരുടെ സാമർത്ഥ്യത്താൽ അദ്ദേഹത്തിന്റെ പുറമെയുള്ള മുറിവുകൾ കരിഞ്ഞെങ്കിലും ഹൃദയത്തിലെ മുറിവ് അഗാധമായിക്കൊണ്ടിരുന്നു.

* * * *

ചണ്ഡപജ്ജോതിന്റെ രാജസഭയിൽ ഉദയൻ ഹാജരാക്കപ്പെട്ടു.

പജ്ജോതു് പറഞ്ഞു—"വത്സ്യരാജാ! നിങ്ങളെ ഞാനെന്തിനു ബന്ധനത്തിലാക്കി എന്നു നിങ്ങൾ ആശ്ചര്യപ്പെട്ടേക്കാം. ഇതിൽ ഒരു രഹസ്യമുണ്ട്. നിങ്ങൾക്ക് ഹസ്തികാന്തശില്പവിദ്യ വശമുണ്ടെന്ന് എനിക്കറിയാം. ഞാനതഭ്യസിക്കാനാഗ്രഹിക്കുന്നു"

വെറുപ്പു തൂകി ഉദയൻ മറുപടി പറഞ്ഞു- "മഹാരാജാവേ! ഒരു ക്ഷുദ്രരാഷ്ട്രാധിപതിയായ നിങ്ങൾക്ക് എന്നോട് ഇപ്രകാരം വഞ്ചന പ്രവർത്തിക്കാൻ ധൈര്യം വന്നതിൽ ഞാനതിശയിക്കുന്നു. നിങ്ങളുടെ ഈ ബാലിശമായ ബുദ്ധിശക്തിയിൽ എനിക്ക് സഹതാപം തോന്നുന്നു. എന്നിൽനിന്നും ഈവിദ്യ പഠിക്കാമെന്നു കരുതിയ മൗഢ്യത്തെയോർത്ത് ചിരിയും വരുന്നു."

പജ്ജോതിന്റെമുഖം കോപാരുണമായി. കഠിനസ്വരത്തിൽ അദ്ദേഹം ആക്രോശിച്ചു. 'ബന്ദീ'! പ്രക്ഷുബ്ധനായി സ്ഥിതിചെയ്തിരുന്ന ഉദയൻ ആ സംബോധനകേട്ട് മന്ദഹസിച്ചു 'ബന്ദിയല്ല, രാജഗുരുഎന്നു വിളക്കൂ! രാജൻ എന്തെന്നാൽ നിങ്ങൾ എന്നിൽനിന്നും ഹസ്തികാന്തശില്പവിദ്യ അഭ്യസിക്കാനല്ലേ തയാറായിരിക്കുന്നതു്? "ഗുരുദേവനോ? നന്നായി. എങ്കിൽ നിങ്ങളെ ഇവിടെ ബന്ധിച്ചുകൊണ്ടു വരേണ്ടതില്ലായിരുന്നല്ലോ"! പജ്ജോതൻ പറഞ്ഞു "ശിഷ്യനാകാതെ ഈ വിദ്യ അഭ്യസിക്കാമെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നാം തമ്മിലുള്ള ബന്ധം എങ്ങനെയും ഇരുന്നുകൊള്ളട്ടെ" ഉദയനൻ ദൃഢസ്വരത്തിൽ പറഞ്ഞു. ഉദയനന്റെ ദൃഢനിശ്ചയസ്വഭാവം അറിയാമായിരുന്ന രാജാവ് അല്പനേരം എന്തോ ചിന്തിച്ചുകൊണ്ടിരുന്ന ശേഷം ചോദിച്ചു—"ശിഷ്യത്വം സ്വീകരിക്കുന്ന ആരെയും നിങ്ങൾ ആ വിദ്യ അഭ്യസിപ്പിക്കുമോ?"

പജ്ജോതിന്റെ ഉദ്ദേശം മനസ്സിലാക്കിയ ഉദയനൻ ചിരിച്ചുകൊണ്ട് പറഞ്ഞു "ഉവ്വ്" "അങ്ങിനെയെങ്കിൽ എന്റെ അന്തപ്പുരത്തിൽ ഒരു കൂനിയായ ബാലികയുണ്ട്. അവളെ നിങ്ങൾ ശിഷ്യയായി സ്വീകരിക്കണം."

ഇതുകേട്ട ഉദയൻ വീണ്ടും ചിരിച്ചു.

അടുത്ത ദിവസം മുതൽ ഉദയൻ അന്തപ്പുര

## മഹാകവി, ഒറവങ്കര നീലകണ്ഠൻ നമ്പൂതിരിയുടെ

# ഒരൊററശ്ലോകം.

(ഒരു കവിയുടെ യശസ്സു്, കവിതകളുടെ സംഖ്യയെയല്ല ഗുണത്തെയാണു് ആശ്രയിച്ചിരിക്കുന്നതു് എന്ന തത്വം ഈ ഒററശ്ലോകം തെളിയിക്കുന്നു.)

"മർത്ത്യാകാരേണ ഗോപീവസനനിരകവ-
ന്നോരു ദൈത്യാരിയെത്തൻ-
ചിത്തേ ബന്ധിച്ച വഞ്ചീശ്വര, ഭവദു-
പമീതിക്കു തോററില്ല; പക്ഷേ
പൊൽത്താർമാതാപിതാ തൻ കണവനെ-
വിട്ടു പാരാശ്രയിക്കുന്ന ദാസീ-
വൃത്ത്യാ നിത്യം ഭവാനെബ്ബഹുവിധമിളിലുടി-
ക്കൊല്ലുകരുത്ത്യമാശ."

---

ത്തിൽ പോയി ഒരു മറയ്ക്കുള്ളിൽ സ്ഥിതിചെയ്യുന്ന കൂനി ബാലികയെ ഹസ്തികാന്തശില്പം അഭ്യസിപ്പിക്കാൻ തുടങ്ങി

തുടർച്ചയായി അനവധി ദിവസം അഭ്യസനം നടന്നു. പക്ഷേ കൂനി മന്ത്രോച്ചാരണത്തിൽ സഫലയാകുന്നില്ലെന്നു കണ്ടു് ഉദയൻ ക്രുദ്ധനായിത്തീർന്നു. ക്ഷമ നശിച്ചപ്പോൾ ഒരിക്കൽ അദ്ദേഹം ശാസിച്ചു—"എടീ കൂനീ! നിന്റെ നാക്കിത്രമാത്രം തടിച്ചതാണോ? എത്ര ശ്രമിച്ചിട്ടും മന്ത്രോച്ചാരണം ശരിയാകുന്നില്ലല്ലോ. എനിക്കു നിന്നെ പഠിപ്പിക്കാൻ വയ്യ"

"എടോ കുഷ്ഠരോഗീ! കരുതി സംസാരിച്ചുകൊള്ളണം. തനിക്കറിയാമോ ഞാനാരാണെന്നു്?" മറയ്ക്കുള്ളിൽ നിന്നും ശബ്ദം പൊന്തി.

"എനിക്കറിയാം നീ കൂനിയാണെന്നു്. ഏതെങ്കിലും പുരുഷനായിരുന്നു നിന്റെ സ്ഥാനത്തെങ്കിൽ—"

"ഞാൻ കുഷ്ഠരോഗിയായതു് നിന്റെ ഭാഗ്യം. ഇല്ലെങ്കിൽ ഇപ്പോൾതന്നെ കഴുകുമരത്തിൽ കയറുമായിരുന്നു" മഹാരാജാവിനു കൗതുകം തോന്നിയെങ്കിലും ക്രുദ്ധഭാവത്തിൽ അദ്ദേഹം മറവലിച്ചു ചീന്തി ഉള്ളിലേക്കു നോക്കി. "ഒരു സർവ്വാംഗസുന്ദരിയായ യുവതി"!

അത്ഭുതചകിതനായ ഉദയന്റെ ദൃഷ്ടികൾ ആ സുന്ദരിയുടെ ദൃഷ്ടിയുമായി ഇടഞ്ഞു.

"ഭവതി?"

ചോദ്യംകേട്ടു് യുവതി ഒന്നു ഞെട്ടി. ലജ്ജിതയായി ശിരസ്സു നമിച്ചു അവൾ മെല്ലെ പറഞ്ഞു. "എന്റെ പേർ വാസവദത്ത എന്നാണു്. പ്രദ്യോത മഹാരാജാവിന്റെ ഏകപുത്രി. അവിടുന്നു്?..."

"എന്റെ പേർ ഉദയൻ എന്നാണു്" ഇത്രമാത്രം പറഞ്ഞിട്ടു മഹാരാജാവു് അവളെ വീണ്ടും നോക്കി. പ്രദ്യോതന്റെ കൗശലം അദ്ദേഹത്തിനു ഇപ്പോൾ മനസ്സിലായി.

"വത്സനരേശൻ ഉദയനോ?" പെട്ടെന്നു് വാസവദത്ത ചോദിച്ചു. അവളുടെ മുഗ്ദ്ധദൃഷ്ടികളിൽ സൂക്ഷിച്ചുനോക്കിക്കൊണ്ടു രാജാവു് തലയാട്ടി.

ഇപ്രകാരം ഉദയനവാസവദത്തമാർ ഹസ്തികാന്തശില്പത്തിന്റെ മറവിൽ കൂടെ പ്രണയവ്യാപാരം നടത്തി. ഈ ബന്ധം എങ്ങനെ പുറത്താക്കും എന്നായി അവരുടെ ചിന്ത.

ഒരു ദിവസം പ്രദ്യോതു് അക്ഷമനായി പുത്രിയോടു ചോദിച്ചു—"മകളേ! ദിവസങ്ങൾ വളരെയായിരിക്കുന്നല്ലോ. ഇതുവരെയും നീ ആ വിദ്യ ഹൃദിസ്ഥമാക്കിയില്ലേ?"

"ഉവ്വച്ഛാ! അവിടുത്തെ ആജ്ഞാനുസരണം വളരെ മനസ്സിരുത്തി ഞാൻ പഠിക്കയാണു്"

പിന്നെ രാജാവൊന്നും ചോദിച്ചില്ല. ഒരു ദിവസം അദ്ദേഹം കേട്ടു വാസവദത്ത അപഹൃതയായിരിക്കുന്നു എന്നു്. പക്ഷേ പ്രദ്യോതു് ഇതു് അപമാനമായി കരുതിയില്ല. കാരണമാരറിഞ്ഞു!

---

# മംഗളം നേരുന്നു!

എം. എസ്സ്. ചന്ദ്രശേഖരവാര്യർ.

(കല്യാണികളവാണി-എന്ന രീതി)

മംഗളംനേരുന്നു!; നിൻ-
ജീവിതവനികയിൽ
മഞ്ജുളവസന്തമി-
ന്നണഞ്ഞിടുമ്പോൾ!
പാവനേ,യൊരുനവ-
ഭാവിയെപ്പുണരുവാൻ
പോവുമിമ്മുഹൂർത്തമോ
മഹിതമല്ലീ!.........
പോവുക, മടിയെഴാ-
തോമലേ, വേദിയ-
ജീവിതം വിജയശ്രീ
യണിഞ്ഞിടട്ടേ!
ഭാവിയങ്ങതാ വഴി-
ത്താരയിൽവികസിത-
പ്പൂവുകൾ വിതറുവാ-
നൊരുങ്ങിനിൽപ്പൂ!

II

എന്തിനു? പിന്നെയുംനീ
പിന്തിരിഞ്ഞിടുവതു
ഹന്ത! നിന്മിഴികളോ
നിറഞ്ഞിടുന്നു!
നൂതനവിഭവങ്ങൾ,
നൂതനസങ്കല്പങ്ങൾ
മോഹനങ്ങളായ് മുന്നി-
ലണഞ്ഞുനില്ക്കേ,
വണ്ടുകളലഞ്ഞിടും
ചെണ്ടണിവനികണ്ടു
വിണ്ടലംപോലുംപുള-
പുളകമേല്ക്കേ,
ആയതൊന്നിലും മനം
ചേർന്നിടാതതെന്താഘോര-
മായിട്ടുമഴലിനെ
പുണർന്നിടുന്നോ?

III

എന്നെയോർത്തന്നോ, മനം
പിന്നെയും തുടിക്കുന്നു?
ഇന്നുനിൻ കഴലുകൾ
പതറിടുന്നു?......
എങ്കിൽ, ഞാനപേക്ഷിപ്പൂ,
മഞ്ജിമേ, മറന്നേക്കൂ,
എന്നെനീയെന്നേക്കുമായ്,
മടിക്കരുതേ!
നാളെയുമിവനൊരു
കാനനമുരളികാ-
നാളമാ,യിതുവിധം
കഴിഞ്ഞുകൊള്ളാം.
പ്രേമസംസ്മരണക-
ളൊക്കെയുമോരോഗാന-
ധാരയിലൊതുക്കിഞാൻ
കഴിഞ്ഞുകൊള്ളാം!

IV

മോഹനേ,യണിന്നിര
ന്നെത്തിയാസ്മരണകൾ
കാഹളം വിളിയ്ക്കയാ-
ണെന്റെ ഹൃത്തിൽ
അന്നൊരുവിഭാതത്തിൽ
പൊന്നൊളികലരുംനീ
സുന്ദരസ്മിതാസ്യയാ-
യാഗമിക്കേ,
എന്നിലങ്കുരിച്ചോരാ-
മംഗലവികാരങ്ങൾ-
തന്നെയാം പൂവ്വാശയിൽ
തുടുപ്പിയററി!
നിന്മിഴിയിണകളിൽ
മിന്നിയിരുന്നവര-
ചിന്മയകിരണങ്ങ-
ളെവർകളിൽ

ഹൃതന്തങ്ങളാമോരോ-
മാരിവില്ലണിയിച്ചു,
ചേതനസ്സൂനാശയ-
പുളകമേകി!
ആരുമറിഞ്ഞിട്ടില്ലി-
ജ്ജീവിതരഹസ്യങ്ങൾ,
ആരോടുംപറഞ്ഞുമി-
ല്ലൊരിക്കലുംഞാൻ!

V

ഛാണരേഖാക്കലിലവും
കണ്ണുകൾക്കുത്സവമായ്
പ്രാണനായികേ, നീയു-
മുന്നിൽപോരികെ,
ഊത്തി,മ്മുരളിതൻ-
ഹൃത്തടമൊരാനന്ദ-
ഭരത്താൽ തുടിച്ചതു
നീയറിഞ്ഞോ?......
ആശകൾ ഹൃദയത്തി-
ലെത്രയന്നുണർന്നതി!
ഈശപഥന്നൊരാൾമാത്ര-
മറിഞ്ഞാൽപ്പോരും.
കഷ്ടം,മിന്നവയൊക്കെ,-
യെങ്ങുപോ,യേതോദുഷ്ട-
മർക്കട, മസ്സുമങ്ങൾ
പറിച്ചെറിഞ്ഞു!

VI

എന്തിനുവിഷാദിപ്പൂ,
ജീവിതമെന്നിക്കൊരു-
സുന്ദരസുമവനി-
യല്ലയെങ്കിൽ!
കുളിരൾച്ചുരുൾത്തിര-
മാലകളടിച്ചടി-
ച്ചേറിട്ടുമഴലിൻെറ
ജലധിയെങ്കിൽ!
കുന്ദലതികകളി-
ലെന്തമെത്രയോവര-
സുന്ദര സുമതതി
വിരിഞ്ഞിടുന്നു?
എങ്കിലു,മതൊക്കെയു-
ന്നാശകൾപോലെനിത്യ-
മൊന്നൊന്നായ്കൊഴിഞ്ഞുമ-
ണ്ണടിഞ്ഞുപോകും!
ആശകളൊരിക്കലു-
മാശിസ്സുതിക്കയില്ലി-
പ്പേശലഹൃദയത്തിൽ,
നിരാശമാത്രം!

VII

മംഗളംനേരുന്നു! നിൻ-
ജീവിതവനികയിൽ
മഞ്ജുളവസന്തമാ-
ണണഞ്ഞിടുന്നു!
പായനേ,യൊരുനവ-
ഭാവിയെപ്പുണരുവാൻ
പോവുമിമ്മുഹൂർത്തമോ
മഹിതമല്ലീ!......
ഒന്നുഞാനപേക്ഷിപ്പൂ,
എന്നെനീയെന്നേക്കുമായ്
മഞ്ജിമേ, മറന്നേക്കു;
മടിക്കരുതേ!
നാളെയുമിവനൊരു-
ഗാനലോലമാംവേണു-
നാളമാ,യിതുവിധം
കഴിഞ്ഞുകൊള്ളാം!!

(പകർപ്പവകാശം രചയിതാവിനു്).

# ജീവിതവീക്ഷണം.

By

(S. P.)

## ക്യാനഡാവാസികൾ

വടക്കേ അമേരിക്കയുടെ ഉത്തരഭാഗമായ ക്യാനഡായിൽ പയിൻ വൃക്ഷങ്ങൾ വളരുന്ന മഹാരണ്യങ്ങൾ അനവധി ഉണ്ടു്. ആ രാജ്യത്തു് യൂറോപ്യന്മാർ ചെന്നു ചേരുന്നതിനു് മുൻപു് ഈ ഘോരവനങ്ങളിൽ വസിച്ചിരുന്നതു് ചെന്നിറക്കാരായ ഇന്ത്യാനിയർ ആയിരുന്നു. അവർ "വിഗ്വാം" എന്നു പറയുന്ന കൂടാരത്തിലാണു് പാർത്തിരുന്നതു്. വേട്ടയും മീൻ പിടിത്തവുമായിരുന്നു അവരുടെ പ്രധാന തൊഴിൽ. അവർ കാട്ടിലുള്ള കാട്ടുപോത്തിനെക്കൊണ്ടു് ആഹാരവസ്ത്രാദി ആവശ്യങ്ങൾ നിർവ്വഹിച്ചിരുന്നു.

മഞ്ഞുകാലത്തു് മഞ്ഞുറഞ്ഞു കട്ടി പിടിക്കുന്ന ഈ പ്രദേശത്തിലെ മൃഗങ്ങൾക്കു് തണുപ്പു തട്ടാതിരിക്കുന്നതിനു് ശരീരമാസകലം കട്ടിയുള്ള നീണ്ട രോമങ്ങൾ നിബിഡമായുണ്ടു്. ഈ വന്യമൃഗങ്ങളുടെ രോമംകൊണ്ടു് ഉണ്ടാക്കിയ കമ്പിളിവസ്ത്രങ്ങൾ ശീതദേശവാസികൾക്കു് അത്യന്താപേക്ഷിതമാണല്ലോ. ഈ വിശിഷ്ട രോമമാണു് ധവളവർണ്ണക്കാരെ ഈ നാട്ടിലേക്കു് ആകർഷിച്ചതു്. വെള്ളക്കാർ രോമക്കട്ടിയുള്ള മൃഗങ്ങളെ വേട്ടയാടുന്നതിനു് അതീവ തല്പരന്മാരാണു്.

ഈ നാട്ടിൽ കുടിപാർക്കാൻ ചെന്നിറങ്ങിയ യൂറോപ്യന്മാർ ആദികാലത്തു് പൂർവ്വനിവാസികളുടെ നിരന്തരോപദ്രവം നിമിത്തം അനവധി ക്ലേശങ്ങൾ അനുഭവിച്ചിട്ടുണ്ടു്. അവർ പരസ്പരം ഭയങ്കരമായി പൊരുതിട്ടുമുണ്ടു്. കാലക്രമത്തിൽ ആഗതർ നയോപായങ്ങളാൽ പ്രതിയോഗികളെ അധീനരാക്കി അവരുടെ സൌഹാർദ്ദം സമ്പാദിച്ചു

അനന്തരകാലങ്ങളിൽ ശരീരബലവും ബുദ്ധിശക്തിയുമുള്ള ബ്രിട്ടീഷുകാർ ഈ ഘോരവിപിനങ്ങളിൽ കടന്നു ചെന്നു് പയിൻ വൃക്ഷങ്ങൾ മുറിക്കുന്നതും, പിന്നീട്ടു് തടികൾ അറുത്തു് പലക, തൂണു്, പട്ടിക ആദിയായ ഉരുപ്പടികൾ ഉണ്ടാക്കുന്നതും ഒരു പ്രധാനതൊഴിലായി അംഗീകരിച്ചു. തൽഫലമായി അവിടെനിന്നും അയയ്ക്കപ്പെടുന്ന കപ്പൽപ്പാമരങ്ങൾ, പലതരത്തിലും വലിപ്പത്തിലുമുള്ള പെട്ടികൾ മുതലായ സാമാനങ്ങൾ ഭൂലോകത്തിന്റെ നാനാഭാഗത്തും ചെന്നെത്തി. ഇപ്പോഴും ആവക സാധനങ്ങൾ അവിടെനിന്നും അയച്ചുവരുന്നുണ്ടു്.

തറ മുഴുവനും ഹിമാവൃതമായിരിക്കുന്ന കാലത്താണു് വെട്ടുകാർ കാട്ടിനുള്ളിൽ കടന്നു് സാധാരണയായി മരംമുറിക്കുന്നതു്. ആകാശചുംബികളായ പയിൻ മരങ്ങളെ വെട്ടി മുറിച്ചു താഴെ വീഴ്ത്തിയശേഷം അവയുടെ കൊമ്പുകൾ വെട്ടിക്കളയുന്നു; വളവില്ലാത്ത തടികളെ ഒരേ നീളത്തിൽ മുറിച്ചിടുകയും ചെയ്യുന്നു. അനന്തരം അവർ ഒത്തുചേർന്നു് ഓരോ തടിയായി മഞ്ഞുകട്ടയിൽകൂടി വലിച്ചിഴച്ചും ഉരുട്ടിയും നദീതീരത്തിൽ കൊണ്ടുപോയി ഇടുന്നു. വസന്തകാലംവരെ തടികൾ ശതക്കന്നതിനു് അവിടെ കിടക്കും. വേനല്ക്കാലം സമാഗമിക്കുമ്പോൾ അവർ അനേകം തടികൾ ചേർത്തുകെട്ടി ചങ്ങാടം ഉണ്ടാക്കുന്നു. ഓരോ ചങ്ങാടത്തിലും ഓരോ ചെറുകൂടാരം നിർമ്മിക്കാറുണ്ടു്. തറയും നദിയും മഞ്ഞുകട്ടകൊണ്ടു മൂടിയിരിക്കുന്ന കാലത്താണു് ഈ ജോലികളെല്ലാം അവർ ചെയ്യാറുള്ളതു്.

വേനലിലെ ചൂടുകൊണ്ടു് ഹിമാവരണം ഉടഞ്ഞുരുകി വഴിയുന്ന മഞ്ഞുകട്ടകൾ നദിയിൽ ഒഴുകാറുണ്ടു്. അക്കാലത്തു് വെട്ടുകാർ മരം മുറിക്കുന്ന ജോലിയിൽനിന്നും പിന്മാറുന്നു. ചങ്ങാടങ്ങളെ നദിയിൽക്കൂടി നിയന്ത്രിച്ചുകൊ

ണ്ടുപോയി എത്തിക്കേണ്ടതു് ഈൎച്ചയന്ത്രശാല (Saw Mills) കളിലാണു്. ആ യന്ത്രശാലകൾ സ്ഥാപിച്ചിരിക്കുന്ന പട്ടണം അടവിയിൽനിന്നും അനേകം മൈൽ അകലെയാണു് സ്ഥിതിചെയ്യുന്നതു്. നിശ്ചിത സ്ഥലത്തു തടികൾ എത്തിക്കുന്നതിനു് അവൎക്കു് ഏതാനും ആഴ്ചകൾ നദിയിൽക്കൂടി യാത്ര ചെയ്യേണ്ടതായുണ്ടു്.

ആ യാത്രാകാലത്തു് പല രാത്രികൾ കഴിച്ചുകൂട്ടേണ്ടതിനെ വിചാരിച്ചാണു് അവർ ചങ്ങാടത്തിൽ കൂടാരം പണിയുന്നതു്. മാൎഗ്ഗമദ്ധ്യേ ചിലപ്പോൾ ദുർഘടം നേരിടും. തടികൾ കെട്ടഴിഞ്ഞോ, തരണമെറ്റിയോ, ചിലവ നദീതടത്തിൽ കുത്തനെ പതിച്ചു് ഒഴുകാതെ നിന്നുപോകും. ആ തടികളെ ഉയൎത്തി ശരിയാക്കി വീണ്ടും ഒഴുകത്തക്കവിധത്തിൽ ബന്ധിക്കുന്നതിനു് അത്യധികമായ ശരീരപ്രയത്നവും അപാരമായ പരിചയവും ആവശ്യമാണു്. ഇത്തരം അപകടം ഉണ്ടാകുമ്പോൾ അവർ തടിക്കെട്ടുകളുടെ അടുക്കത്തെത്തി തടത്തിൽ തട്ടിക്കിടക്കുന്ന തടിയെ ബലമുള്ള നീണ്ട കമ്പുകൊണ്ടു് ഉയൎത്തി ശരിപ്പെടുത്തിവച്ചു കെട്ടുന്നു. വളരെ ഘനമുള്ള തടികളെ ഉയൎത്തി ശരിയായ നിലയിൽവച്ചു ബന്ധിക്കുന്നതു് അത്ര എളുപ്പമല്ല. ദുർഘടസ്ഥാനത്തു കിടക്കുന്ന തടിയെ വലിക്കുകയും തള്ളുകയും ഉയൎത്തുകയും ചെയ്തുകൊണ്ടു് ആ വേലക്കാർ ഒരു തടിയിൽനിന്നും മറ്റൊന്നിലേക്കു ചാടിച്ചാടി ഓടുന്നതു് അത്ഭുതാവഹമായി തോന്നും.

ഇങ്ങനെയുള്ള ഒരു ദീൎഘയാത്ര അവസാനിക്കുമ്പോൾ അവൎക്കുണ്ടാകുന്ന ആനന്ദം അപരിമിതമാണു്. പട്ടണത്തിൽ അവർ ഏതാനും ദിവസം ആഹ്ലാദപൂൎവ്വം താമസിക്കുന്നു. അവിടെയുള്ള അഭിനവങ്ങളായ സ്ഥാപനങ്ങളും മറ്റും സന്ദൎശിക്കുന്നതിനാണു് അവർ വിശ്രമാവസരങ്ങളെ വിനിയോഗിക്കുന്നതു്. പിന്നീടു് അവർ ഭവനങ്ങളിലേക്കു് മടങ്ങിപ്പോകുന്നു.

വെള്ളക്കാരുമായുള്ള സമ്പൎക്കം നിമിത്തം ചെന്നിറക്കാരിൽ അനേകം പേർ പരിഷ്കൃതരീതിയിൽ ജീവിതം നയിച്ചുവരുന്നുണ്ടു്. കാലക്രമേണ എല്ലാവരും സംസ്കൃതചിത്തരായിത്തീരുമെന്നു് നമുക്കു് ആശിക്കാം.

പരിഷ്കൃത കുടുംബജാതനായ "ഓട്ടോ" എന്ന ഇന്ത്യാനിയാ ബാലന്റെ ദിനചൎയ്യയെ ഒരു യാത്രാവിവരണത്തിൽനിന്നും ഇങ്ങനെ സംഗ്രഹിക്കാം.

യാത്രക്കാരൻ, ഓട്ടോവിനെ സന്ദൎശിച്ചപ്പോൾ അവൻ പിതാവിന്റെ ഉപഗൃഹത്തിനു് വെളിയിലിരുന്നു് സമ്മാനം കിട്ടിയ വില്ലിനു യോജിച്ച ശരങ്ങൾ ചെത്തി ഉണ്ടാക്കുകയായിരുന്നു. അവന്റെ മാതാവും സഹോദരിമാരും അത്താഴത്തിനുവേണ്ട ആഹാരം പാകപ്പെടുത്തുന്ന ജോലിയിൽ ഏൎപ്പെട്ടിരുന്നു. ഗോപാലകന്മാരും അശ്വസംരക്ഷകന്മാരും, വേട്ടയ്ക്കു പോയിരുന്നവരും തിരിച്ചെത്തുവാനുള്ള സമയമായി.

ആ കുമാരൻ അവിടെനിന്നും എഴുന്നേറ്റു നടന്നു് മുത്തശ്ശിയുടെ കൂടാരത്തിൽ ചെന്നു് ഒരു നല്ല കഥ പറയുവാൻ പിതാമഹിയെ ശല്യപ്പെടുത്തി. ജരാനര ബാധിച്ച ആ വന്ദ്യവൃദ്ധ വിവിധവൎണ്ണത്തിലുള്ള മണികൾ കോൎത്തുവയ്ക്കുന്ന പണി നിൎത്തി വച്ചിട്ടു്, തല ഉയൎത്തി അടുത്തിരുന്ന ഒരു ജോടി ചെരുപ്പു കൈയിലെടുത്തു് "എന്റെ പൊന്നോമനപൌത്രനു്" എന്നു മന്ദഹാസത്തോടെ ഉച്ചരിച്ചുംകൊണ്ടു് അവനു് സമ്മാനിച്ചു. ബാലൻ സസന്തോഷം അതു് വാങ്ങിച്ചിട്ടു് വൃദ്ധയെ സവിനയം അഭിവാദ്യം ചെയ്തു. ഇത്തരം ചെരുപ്പിനെ അവർ "മൊക്കാസിൻ" എന്നാണു് പറയുന്നതു്. അതു് മാൎദ്ദവമേറിയ മാന്തോലുകൊണ്ടു് ഉണ്ടാക്കിയതായിരുന്നു. ആ പാദുകങ്ങളുടെ മുൻഭാഗത്തു് മുള്ളൻപന്നിയുടെ കോലുകൾ ഭംഗിയായി ഘടിപ്പിച്ചിരുന്നു.

ആ മുത്തശ്ശി കഥപറയുവാൻ ഭാവിച്ചപ്പോൾ വേലക്കാരികളായ ഏതാനും സ്ത്രീകളും പെൺകുട്ടികളും കുന്നിൽനിന്നു് വിറകു് കെട്ടുകെട്ടായി കൊണ്ടുവന്നു താഴെയിട്ടു. മറ്റുചിലർ ഭക്ഷണത്തിനും ഔഷധത്തിനും ഉപയുക്തമായ കായ്കനികൾ, സസ്യങ്ങൾ, ചെടികൾ മുതലായവ സഞ്ചികളിലും മറ്റും സംഭരിച്ചുകൊണ്ടുവന്നു ഉറയിൽവച്ചു. അപ്പോൾ വേട്ടയ്ക്കുപോയിരുന്ന സംഘവും എത്തി. തടിച്ചുകൊഴുത്ത ഒരു മാനിന്റെ കാലിണകൾ ചേൎത്തുകെട്ടിയ ഒരു കമ്പിന്റെ അഗ്രഭാഗങ്ങളെ തോളിൽ ചു

മരംകൊണ്ടു് ഉണ്ടാക്കപ്പെട്ടവ. മററുപലതുടെ മേടകളിൽ പക്ഷി, മുതൽ തുടങ്ങിയ ജീവിവർഗ്ഗം തൂങ്ങിക്കിടന്നിരുന്നു. രണ്ടുചെറുപ്പക്കാർ പൂച്ചയുടെ ആകൃതിയോടു സാമ്യമുള്ള ഒരു മൃഗത്തിന്റെ പാദദ്വയങ്ങളെ ബന്ധിച്ച ഒരു ദണ്ഡു് സ്കന്ധങ്ങളിൽ വഹിച്ചിരുന്നു. ആ മൃതജീവിയുടെ ശരീരംമുഴുവനും മിനുമിനുത്ത രോമംകൊണ്ടു പൊതിഞ്ഞിരുന്നു: അതിന്റെ ചെവികളിലും രോമം ധാരാളം ഉണ്ടായിരുന്നു. പരന്ന ക്രൂരമുഖവും, ദീർഘകായവും കുറുകിയ വാലുമാണു് ആ മൃഗത്തിനുണ്ടായിരുന്നതു്. അതിനെ 'ലിൻക്സ്' (Lynx) എന്നു അവർ പറയുന്നു; കാട്ടുപൂച്ച എന്നും പറയാം.

ആ കാട്ടുപൂച്ചയെ അത്ഭുതത്തോടെ, കണ്ണിമയ്ക്കാതെ നോക്കിനിന്ന പൌത്രനെ വിളിച്ചു് അടുത്തിരുത്തി, കാട്ടുപൂച്ചയുടെ ആകൃതി ഇത്ര വികൃതമാകാൻ കാരണമായ ഐതിഹ്യം മുത്തശ്ശി പറഞ്ഞുതുടങ്ങി:—

"ഈ കഥ നടന്നതു് വെള്ളക്കാർ ഈ നാട്ടിൽവരുന്നതിനു വളരെക്കാലം മുൻപാണു്. ഇപ്പോൾ ഈ വനങ്ങളിൽ കാട്ടുപോത്തു് ഒന്നുപോലുമില്ലല്ലോ: അന്നു് ആ വന്യമൃഗം അനവധി ഉണ്ടായിരുന്നു. അക്കാലത്തു് ജീവിച്ചിരുന്ന പൂർവ്വികന്മാർക്കു് പക്ഷിമൃഗാദികളുടെ ഭാഷ അറിയാമായിരുന്നുവത്രെ. അത്ര പുരാതനമായ കാലത്തു് ഒരിക്കൽ ഒരു നൃശംസവൃദ്ധൻ ഒരു സംഘം അണ്ണിലുകളോടു സൌഹാർദ്ദഭാവേന വർത്തിക്കുകയും, ആ ജീവികൾക്കു് അവനിൽ അതിരററവിശ്വാസം ജനിപ്പിക്കുകയും ചെയ്തു. ഒരുദിവസം വൈകുന്നേരം ആ ക്രൂരൻ കുറെ അണ്ണിലുകളെ ഭക്ഷണത്തിനായി കൈയിലെടുത്തു് അകത്തു കൊണ്ടുപോയി മററുള്ളവയെ അറിയിക്കാതെ അടുപ്പിലുള്ള കനലിൽ ഇട്ടുചുട്ടെടുത്തു. അന്നുരാത്രി അവൻ പാകപ്പെടുത്തിയ അണ്ണിലുകളിൽ ഭൂരിഭാഗവും തിന്നുതീർത്തു. ശേഷിച്ചവയെ അടുത്തദിവസത്തെ ഭക്ഷണത്തിനു് ഉപയോഗിക്കാമെന്നു കരുതി അവൻ ഒരു മരത്തട്ടിൽ വച്ചിട്ടു്, പതിവുപോലെ നിദ്രയ്ക്കു അധീനനായി. പ്രഭാതത്തിൽ അയാൾ ഉണർന്നുനോക്കിയപ്പോൾ ആ തട്ടിൽ അണ്ണിലൊന്നുമില്ലായിരുന്നു. ആ തട്ടിനുസമീപം ഒരു കാട്ടുപൂച്ചയുടെ കാൽമുദ്രകൾ പതിഞ്ഞിരുന്നതു് കിഴവൻ കണ്ടു. വീട്ടിനുവെളിയിൽ ചെന്നു് ചുററും നടന്നുനോക്കിയപ്പോൾ ഒരു പാറയുടെ പിന്നിലായി ആ കാട്ടുപൂച്ച ഉറങ്ങിക്കിടന്നതു് വൃദ്ധന്റെ ദൃഷ്ടിയിൽപെട്ടു. കോപാക്രാന്തനായ ക്രൂരമനുഷ്യൻ ആ തസ്കരജീവിയുടെ ചെവികളുംപിടിച്ചു് ഊക്കോടെ വലിച്ചു് പാറയിൽ മുട്ടിച്ചു. തലചെന്നു് കല്ലിൽ ശക്തിയായി തട്ടുകയാൽ മൂക്കു ചതഞ്ഞു് മുഖം സമനിരപ്പായിത്തീർന്നു. പിന്നീടു് അവൻ കവിളുകളെ കൈകൾകൊണ്ടു ചേർത്തുപിടിച്ചു് ഇടത്തോട്ടും വലത്തോട്ടും ആയത്തോടെ വലിച്ചു വലിച്ചു് അതിന്റെ ശരീരത്തിനുണ്ടായിരുന്ന നീളം ഇരട്ടിച്ചു. വാലുപിടിച്ചുവലിച്ചും ഒടിച്ചും കുറെഭാഗംമുറിച്ചെടുത്തു. അതിലെ കുറെ രോമം എടുത്തു് അതിന്റെമൂക്കിനു താഴെ മീശയായിവച്ചു. ആ സാധുജീവി പ്രാണവേദനയോടെ പുറപ്പെടുവിച്ച ദയനീയമായ കരച്ചിലും ഞെരക്കവും മൂളലുമെല്ലാം വനരോദനമായി കലാശിച്ചതേയുള്ളു. ഇതയും ചെയ്തശേഷം ആ ജീവിയെ നോക്കി വൃദ്ധൻ ഇങ്ങനെ ശപിച്ചു.- "നിന്റെ വർഗ്ഗക്കാർ ഈ ആകൃതിയിലേ ഇനി ജനിക്കയുള്ളു. മോഷണം അരുതാത്ത കൃത്യമാണെന്നു് ഇതുകണ്ടു് എല്ലാ ജീവികളും പഠിക്കട്ടെ. അന്നുമുതല്ക്കാണു് കാട്ടുപൂച്ചയ്ക്കു ദീർഘകായവും പരന്നമുഖവും കുറുകിയ വാലും സിദ്ധിച്ചതു്" എന്നു പറഞ്ഞു് മുത്തശ്ശി കഥ അവസാനിപ്പിച്ചു.

പിതാമഹിയെയും, തറയിൽകിടന്ന കാട്ടുപൂച്ചയെയും മാറിമാറിനോക്കിട്ടു് "കാട്ടുപൂച്ച അങ്ങനെതന്നെയിരിക്കുന്നു; വാസ്തവംതന്നെ" എന്നു് ആ ബാലൻ അഭിപ്രായപ്പെട്ടു. മണികൾ ഭംഗിയായി കോർത്തുതച്ചിരുന്ന മിനുസമായ ചർമ്മം നിശ്ചിതസ്ഥലത്തു വയ്ക്കുവാൻ വൃദ്ധ എണീററു; ഉടൻ "ഓട്ടോ" പിതാവിന്റെ ഗൃഹത്തിലേയ്ക്കും ഓടിപ്പോയി.

നീളവും വണ്ണവും ഒരുപോലെയുള്ള കനത്ത കമ്പുകളും, ശുചിപ്പെടുത്തി പതം വരുത്തിയ തോലുകളും കൊണ്ടു് ഉണ്ടാക്കിയ മനോഹര കുടാരമായിരുന്നു അതു്. തറയുടെനടുക്കു് വൃത്താകാരമായി കല്ലുകൊണ്ടു് ഉണ്ടാക്കിയ അടുപ്പിൽനിന്നും പൊങ്ങുന്ന പുകപോകുന്നതിനു്,

കൂടാരത്തിന്റെ മേൽഭാഗത്തു് ഒരു ദ്വാരം ഉണ്ടു്.

ഇന്ത്യാനിയരിൽ ഭൂരിഭാഗവും ഇപ്പോഴും കൂടാരങ്ങളിൽ പാർക്കുകയോ, കൂടക്കൂടെ പാർപ്പിടങ്ങൾ മാററി സ്ഥാപിക്കുകയോ ചെയ്യുന്നില്ല. വിശേഷദിവസങ്ങളിലല്ലാതെ തോലും തൂവലുകളും കൊണ്ടു് നിർമ്മിച്ചിട്ടുള്ള വസ്ത്രങ്ങൾ ഉപയോഗിക്കാറില്ല. എന്നാൽ വെള്ളക്കാർ വരുന്നതിനുമുൻപു് കാലയാപനം ചെയ്തിരുന്ന രീതിയിൽ കഴിഞ്ഞുകൂടുന്ന ഇന്ത്യാനികൾ ഇല്ലെന്നില്ല. യുദ്ധവും വധവും ഇവർ തീരെ വെറുക്കുന്നു. കന്നുകാലിപരിപാലനവും കൃഷിയുമാണു് ഇവരുടെ പ്രധാനതൊഴിൽ. ഇവരിൽ ദരിദ്രർ വളരെക്കുറവാണു്. കുതിരകൾ ഇവിടെ ധാരാളമുണ്ടു്.

ബാലന്മാർ പിതാവൊന്നിച്ചു് വെളിയിൽ പോകുവാൻ വളരെ താൽപര്യമുള്ളവരാണല്ലോ. സവാരിചെയ്യുന്നതു് ഒരു വാഹനത്തിലാണെങ്കിൽ അവരുടെ ഉത്സാഹവും സന്തോഷവും പതിന്മടങ്ങു വർദ്ധിക്കും. ഒരിക്കൽ ഓട്ടോ എന്ന കുട്ടിക്കു് അച്ഛനൊന്നിച്ചു് അവരുടെ നേതാവിന്റെ മോട്ടോർബോട്ടിൽ കയറി യാത്രചെയ്തു് ഒരു പട്ടണം കാണുന്നതിനു് സാധിച്ചു. അവർ ആ നഗരത്തിൽ എത്തിയതു് ഒരു സായം സന്ധ്യാസമയത്തായിരുന്നു. അപ്പോഴാണു് അവനു് ദീപവിതാനം കാണുവാൻ ഭാഗ്യമുണ്ടായതു്. ആലക്തികദീപങ്ങളാൽ പ്രശോഭിതമായ ആ പട്ടണത്തിലെ യന്ത്രശാലകൾ, കടകമ്പോളങ്ങൾ ആദിയായവ അവൻ ദർശിച്ചു. "എണ്ണമററ കണ്ണുകളുള്ളതും ചീറിക്കൊണ്ടിരിക്കുന്നതുമായ ഒരു വൻപാമ്പാണു് പട്ടണം" എന്ന ധാരണയാണു് ആ ബാലനിൽ അങ്കുരിച്ചതു്.

(പകർപ്പവകാശം ലേഖകനു്)


# ദി എംപയർ കെമിക്കൽ വർക്ക്സ്, കൊല്ലം.

(1100-നു മുമ്പു സ്ഥാപിച്ചതു്)

ഞങ്ങളുടെ നിരന്തര പരിശ്രമഫലമായി അനേകം സോപ്പുകൾ ബഹുജനസമക്ഷം സമർപ്പിക്കുവാൻ സാധിച്ചിട്ടുണ്ടു്. അവയുടെ പ്രചാരംതന്നെ സോപ്പുകളുടെ ഗുണത്തിനു മതിയായ സാക്ഷ്യം വഹിക്കുന്നു.




പ്രൊപ്രൈറ്റർ, എച്ചു്. എ. മുഹമ്മദുസാലിഹ്.

# ടാഗോർ.

(കളവങ്കോടം ബാലകൃഷ്ണൻ)

## III

ഏറെത്താമസിയാതെതന്നെ രവീന്ദ്രനാഥൻ കഥകൾ കൃതിച്ചു പറയുമായിരുന്നു. ധാത്രീകഥകളും, അത്ഭുതകഥകളുമാണ് ആദ്യമായി അദ്ദേഹത്തിന്റെ ഭാവനയിൽ രൂപമെടുത്തത്. രാമായണത്തിലെ ചില കഥകളെ സ്വാതന്ത്ര്യമായി പുതിയ രൂപത്തിലാക്കാൻ അദ്ദേഹത്തിന് ഒരു ഉത്സാഹം തോന്നി. ജൊറാസാങ്കോയിലെ "കുട്ടികളുടെ ലോകം" അതിവിശാലമായിരുന്നെങ്കിലും, അനവധി മണിക്കൂറുകൾ ഒരേ സമയത്തുതന്നെ ഇരുന്നു ഉയർന്നു പൊങ്ങുന്ന ഭാവനയെ അനുഗമിച്ചു അദ്ദേഹം സന്തോഷത്തിൽ ലയിച്ചിട്ടുണ്ട്. ഒരു വരാന്തയുടെ ഒഴിഞ്ഞ കോണിൽ നിരുപയോഗവും പഴയതുമായ ഒരു പല്ലക്ക് കിടന്നിരുന്നു. ഒരുകാലത്ത് അത് എത്ര വിലപിടിപ്പുള്ളതും മനോഹരവുമായിരുന്നു; അതിന്റെ വശങ്ങൾ (Sides) വർണ്ണശില്പമായിരുന്നു; അതു ചുമക്കാൻ ചുരുങ്ങിയത് എട്ടാളെങ്കിലും വേണമായിരുന്നു, ഒരു തണ്ടുപിടിക്കാൻ! ഇന്ന് അതു ഉറഞ്ഞ് വൃത്തികെട്ട് അവഗണിക്കപ്പെട്ടു കിടക്കുന്നു; കുട്ടികൾക്ക് അത് ഇന്നൊരു കളിസ്ഥലമാണ്. രവി, ചിലപ്പോൾ അതിനകത്തു കയറി കതകുമടച്ച്, ഇഹലോകത്തിൽനിന്നു ഭിന്നമായ ഒരു ലോകത്ത് ഇരിക്കുമായിരുന്നു. അവസാനിക്കാത്ത ധീരസംരംഭങ്ങളുടെ സാക്ഷിയാണ്, ആ പല്ലക്കിന്റെ ഉൾവശം. രവി ഏകനായ ഒരു നിസ്സാരനല്ല. ഒരു യജമാനനോ, ഒരു രാജകുമാരനോ ആണ്. സാന്ദ്രവനങ്ങളിലൂടെയും ഉജ്ജ്വല മരുഭൂമിയിലൂടെയും അത്ഭുതകരമായി ധീരമായി യാത്ര ചെയ്യും; അത്ഭുതനദിയിലൂടെ മയിലിന്റെ ആകൃതിയിൽ പണിതിട്ടുള്ള ബോട്ടിലേറി സഞ്ചരിക്കും! 'പൂർണ്ണചന്ദ്രൻ' എന്ന പുസ്തകത്തിലെ "ധീരൻ" എന്ന കവിത, ഇത്തരം ധീരകൃത്യങ്ങളിലൊന്നിന്റെ പ്രകാശനമാണ് സാധിക്കുന്നത്.

കേവലം ബാലനായിരുന്നപ്പോൾതന്നെ രവീന്ദ്രനാഥൻ സൗന്ദര്യത്തെ അത്യധികമായി ആരാധിച്ചിരുന്നു; സൗന്ദര്യം അതിരതീതമായ ആവേശം അദ്ദേഹത്തിന്റെ മനസ്സിനു നൽകുമായിരുന്നു പക്ഷെ ആ ആവേശങ്ങൾക്ക് രൂപം കൊടുക്കത്തക്ക കഴിവ് അന്നുണ്ടായിരുന്നില്ല. പ്രസന്നമായ പ്രഭാതത്തിൽ എഴുന്നേററാലുടൻ രവി ഉല്ലാസപ്രദമായ ആ ഉദ്യാനത്തിലേക്കോടും. സൗരഭ്യവാഹിയായ ആ കുളിരണിസമീരണൻ എത്ര ആസ്വാദ്യതരമാണ്; പുൽക്കൊടിയുടെയും ഇലകളുടെയും അററത്ത് ഉററിനില്ക്കുന്ന ഹിമകണങ്ങൾ അമൂല്യങ്ങളും അനഘങ്ങളുമായ വൈഡൂര്യവിശേഷങ്ങളാണ്. മഴയോടും, മഴക്കാലത്തോടും, മഴക്കാലത്തെപ്പററിയുള്ള കവിതയോടും രവിക്ക് ഒരു സവിശേഷമായ മമതയായിരുന്നു.

പ്രപഞ്ചസൗന്ദര്യത്തെപ്പററിയും പ്രപഞ്ചത്തിന്റെ മായാസ്വരൂപത്തെപ്പററിയും രവി ചെറുപ്പകാലത്തുതന്നെ സശ്രദ്ധം ചിന്തിച്ചിട്ടുണ്ട്. ഭൂമിയുടെ അന്ധകാരാവൃതമായ ഉൾഭാഗവും, ആകാശത്തിന്റെ അപാരതയും അദ്ദേഹത്തെ വിസ്മയിപ്പിച്ചിട്ടുണ്ട്. ചില അടിയന്തിരങ്ങൾ ആഘോഷിക്കുന്നതിന് പന്തൽ കെട്ടാറില്ലേ? അവയ്ക്ക് തൂണുകൾ നാട്ടാൻ വേലക്കാർ കുഴികളുണ്ടാക്കുമ്പോൾ രവി ആകാംക്ഷയോടെ അതിനുള്ളിലേക്കു നോക്കും! കുറേക്കൂടെ കുഴിച്ചാൽ അത്യത്ഭുതകരങ്ങളായ ചില വിശിഷ്ടരഹസ്യങ്ങൾ കണ്ടുകിട്ടിയേക്കും. ചെറുപ്പകാലങ്ങളിൽ 'നാട്ടുച്ച'യോടു രവിക്ക് പ്രത്യേകം സ്നേഹമുണ്ടായിരുന്നു. നഗരം മൂകമായിരിക്കും; വീട്ടുകാർ വിശ്രമിക്കയായി

രിക്കും. അത്തരം ചില സമയങ്ങളിൽ, വേലക്കാർ കാണാതെ, രവി, ഗൃഹത്തിൻെറ ഏററവും മുകളിലത്തെ നിലയിലുള്ള ഒരു ചെറിയ മുറിയിൽ ചെന്നിരിക്കും. എന്തിനാണെന്നോ? ആകാശനീലിമയെ സൂക്ഷ്മമായി വീക്ഷിക്കാനും, വിശ്വമണ്ഡലത്തിൻെറ സന്തതസുഹൃത്തുക്കളായ പറവകളുടെ "കീതം" സശ്രദ്ധം കേൾക്കാനും, ആണ്!!

(Marjorie Sykes-ൻെറ "Ravindranath Tagore" എന്ന കൃതിയുടെ ഒരു അനുകരണമാണ് ഈ ലേഖനപരമ്പര. ലേഖകൻെറ കഴിവുകേടുകൾ പലയിടത്തും പ്രകടമാകുന്നുണ്ട് എന്നു ഞാൻ സമ്മതിക്കുന്നു. ഒരു അദ്ധ്യായമേ ഇതുവരെ തീർന്നിട്ടുള്ളൂ. ഇനി പതിനാലു അദ്ധ്യായങ്ങളുണ്ട്. ഇതു് തർജ്ജിമ ചെയ്യുവാൻ, എന്നേക്കാൾ യോഗ്യതയും കഴിവുമുള്ള മി: സി. വി. പോൾ, കോലഞ്ചേരിയോടു ഞാൻ അഭ്യർത്ഥിക്കുകയും അദ്ദേഹം അതു സന്തോഷപൂർവ്വം സദയം സ്വീകരിക്കുകയും ചെയ്തിരിക്കുന്നു. അടുത്ത അദ്ധ്യായംമുതൽ അദ്ദേഹം കൂടുതൽ ശുഷ്കാന്തിയോടുകൂടി ഈ കൃത്യം ചെയ്യുമെന്നു എനിക്കു് ഉറപ്പുതരാൻ കഴിയും.

(ലേഖകൻ)

---


# പള്ളത്തിൻെറ കൃതികൾ.

പാരതന്ത്ര്യത്തിൻെറ ചങ്ങലക്കണ്ണികൾ മുറിഞ്ഞുവീഴുന്ന ശബ്ദം, പൗരുഷത്തിൽ കൈവാളിളക്കം, വേലക്കാരുടെ വിയർപ്പുതുള്ളികളെക്കൊണ്ടു് വെള്ളിവാക്കുന്നതു്, പാവങ്ങളുടെ കണ്ണുനീർ, അസമത്വത്തിൻെറ അന്തിമശ്വാസം, ഭാരതമാതാവിൻെറ തൃക്കൈകളിൽ ചുററികയും അരിവാളും ഇങ്ങനെ ഹൃദയഹാരികളായ നിരവധി അമ്ലാനമലരുകൾ—ഒരു മഹാകവിയുടെ ഹൃദയകേദാരത്തിൽ വിളഞ്ഞ മധുരഫലങ്ങൾ—കൈരളിക്കു് ഇതാ ഒരു തിരുമുൽക്കാഴ്ച.

ഈ പന്ത്രണ്ടു പുസ്തകവും രണ്ടു വാല്യമായി ബയൻറുചെയ്തതു്.

ഓരോ വാല്യത്തിനും ൩ രൂപാവീതം.

12 പദ്യകൃതികൾ.

| | | | |
|---|---|---|---|
| 1 സ്വാഗതം | 0 10 0 | 7 രക്തവേദി | 0 10 0 |
| 2 സ്വാതന്ത്ര്യഭിക്ഷ | 0 10 0 | 8 തൊഴിൽശാലയിലേക്കു് | 0 10 0 |
| 3 സത്യപ്രഭ | 0 10 0 | 9 കാലകല്ലോലം | 0 10 0 |
| 4 ഹൃദയമർമ്മരം | 0 10 0 | 10 ഇരുട്ടിലെ വെളിച്ചം | 0 10 0 |
| 5 മധുരസ്വപ്നം | 0 10 0 | 11 ഭാരതബന്ധു | 0 10 0 |
| 6 പുഷ്പവർഷം | 0 10 0 | 12 പള്ളിവാൾ | 0 10 0 |

മഹാകവി വള്ളത്തോൾ, മഹാകവി എൻ. കുമാരനാശാൻ, ഈ. വി. കൃഷ്ണപിള്ള ഇവരുടെ എല്ലാ കൃതികളും വില്പനയ്ക്കുണ്ട്.

കൂടാതെ വേദാന്തപുസ്തകങ്ങൾ, ദാമ്പത്യപുസ്തകങ്ങൾ, തുള്ളൽക്കഥകൾ, കഥകളിപ്പുസ്തകങ്ങൾ, വടക്കൻപാട്ടുകൾ, വഞ്ചിപ്പാട്ടുകൾ, കുറത്തിപ്പാട്ടുകൾ മുതലായവ എപ്പോഴും വില്പനയ്ക്കു തയാർ!

(കൂടുതൽ വിവരങ്ങൾ ഞങ്ങളുടെ വലിയ ക്യാററ്ലോഗിൽ)

മാനേജർ, വി. വി. പ്രസ്സ്, കൊല്ലം.

# 'സ്വപ്ന'ദർശനമോ അസൂയാവേശമോ?

(വീര ബാം ളു)

ദേവലോകത്തു നന്ദനാരാമത്തിലെ സുമനോഹരമായ ഒരു സായാഹ്നം. കല്പതരുച്ഛായയിൽ വിശ്രമാർത്ഥം ഇരിക്കുന്ന ഒരു ഗംഭീരവദനൻ; ചുറ്റും ക്രമോപചാരപുരസ്സരം നിലകൊള്ളുന്നവരും ഇരിക്കുന്നവരുമായി ചില സരസന്മാർ; ഇവരൊക്കെ ആരായിരിക്കാം ശരി, അതു സ്വർഗ്ഗലോകത്തെ തിരുവിതാംകൂർ വിഭാഗത്തിലെ ചില അംഗങ്ങളാണ്. ആ ഉഗ്രമേൽമീശക്കാരൻ, തീക്ഷ്ണനേത്രൻ, സി. വി. രാമൻപിള്ള അല്ലാതെ മറ്റാരുമല്ല. നേരെ മുൻപിൽ ഒരു ഇരിപ്പിടമുള്ളതു് സാഹിത്യലോകത്തെ പഞ്ചാസ്യവിക്രമൻ പി. കെ. ആണ്. ആ പൊട്ടിച്ചിരിയുടെ ശബ്ദം അകലെ തന്നെ കേൾക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ ഒരു വശത്തു് സ്വല്പം മാറി അതാ നമ്മുടെ കുഞ്ചുപിള്ള സാർ മന്ദസ്മേരവദനനായി നില്ക്കുന്നു. പി. കെ യുടെ കസാലയുടെ പുറകിൽ കൈ പിടിച്ചുകൊണ്ടു ആദരസമന്വിതം സി. വി യുടെ പുത്രൻ ശേഖരപിള്ള നില്ക്കുന്നുണ്ടു്. ഇടയ്ക്കു സി. വി. ചോദിക്കുന്നു- 'കുഞ്ചുപിള്ളേ' എവിടെ നമ്മുടെ കൃഷ്ണപിള്ള ഭൂലോകസവാരി കഴിഞ്ഞു ഇതുവരെ തിരിയെ എത്തിയില്ലേ?

കു. പി:--വന്നുചേർന്നില്ല. ഇപ്പോൾ ഇങ്ങെത്തും.

പി കെ:—വന്നുകൊള്ളട്ടെ ആയിരം സരസവാർത്തകളുമായി ഇ. വി. ഇപ്പോൾ ഇങ്ങെത്തും.

ഉത്തരക്ഷണത്തിൽ ദൂരെമാറി ഒരു ചിരിയുടെ ശബ്ദം കേട്ടു.

സി-വി:—അതു കൃഷ്ണപിള്ളയുടെ ചിരിയാണെന്നു തോന്നുന്നല്ലോ!

പി-കെ—അതെ കൃഷ്ണപിള്ള തന്നെ! അങ്ങു് ഈ കൂട്ടത്തിൽ ഉണ്ടെന്നു കണ്ടില്ല. കൂടെ ചില സരസന്മാരുണ്ടു്. അവർ പിൻവലിയുകയാണു്. കൃഷ്ണപിള്ള ഇങ്ങോട്ടുതന്നെ. ഇ. വി. ആചാരത്തോടുകൂടി പ്രവേശിച്ചു് ഒതുങ്ങി മാറിനില്ക്കുന്നു.

സി വി—എന്താ കൃഷ്ണപിള്ളേ ഭൂലോകവാർത്തകൾ, കയ്യിലെന്താണു് ഒരു മാസികയോ മറ്റോ കാണുന്നുണ്ടല്ലോ. എന്താ കേൾക്കട്ടെ, പേരെന്താണു്.

ഇ വി—'വിദ്യാഭിവർദ്ധിനി'യാണെ! പല പത്രങ്ങളും വായിച്ചു. അതൊന്നുംകൊണ്ടുവരാനൊത്തില്ല. ഇതിൽ അവിടുന്നു കേൾക്കേണ്ടതായ ഒരു സംഗതിയുള്ളതിനാൽ കൊണ്ടുപോന്നു. അതാ 'സ്വപ്നം' എന്നൊരു ലേഖനമോ നാടകമോ ഏതാണ്ടു്. മുഷിപ്പനാണെങ്കിലും അതു വായിച്ചു് നോക്കേണ്ടതാണു്.

സി വി—എന്നാൽ വായിക്കണം കുഞ്ചുപിള്ളേ (കുഞ്ചുപിള്ള പ്രബന്ധം വായിക്കുന്നു)

സീ വി—ഓ! കൊള്ളാം. നമ്മുടെ സംസ്സിനെപ്പറ്റിയാണല്ലോ ലേഖനം. ഏതായാലും വല്ല കാരണവശാലെങ്കിലും, വല്ലപ്പോഴും നമ്മെ ഒക്കെ ഓർക്കുവാൻ ലോകത്തു ആളുകൾ ഉണ്ടല്ലോ. വലിയ കാര്യം, എന്തായിരിക്കുമോ ഇപ്പോഴത്തെ കാരണം. സദുദ്ദേശമോ ദുരുദ്ദേശമോ എന്തോ? ഏതായാലും വായന തുടരൂ. (വായന തുടരുന്നു)

സി വി—ഇതിൽ പറയുന്ന സംഭാഷണം—ഓ അതു വാസ്തവമല്ലെന്നും സ്വപ്നമാണെന്നും എഴുത്തുകാരൻതന്നെ സമ്മതിക്കുന്നുണ്ടല്ലോ; ദൈവാധീനം. എന്തു് നമ്മുടെ കുഞ്ചുപിള്ളയുടെ അനുജൻ പരമേശ്വരൻനായർ എഴുതിയ എന്റെ ജീവചരിത്രത്തെപ്പറ്റിയാണോ അയാൾ പറയുന്നതു്. ആ പ്രൌഢഗ്രന്ഥത്തിന്റെ മേൽ ഇയാൾ അസൂയാകലുഷിതനാണെന്നു തോന്നുന്നല്ലോ. അല്ലെങ്കിൽ ഞാൻ പറയുവാൻ ഇടയില്ലാത്ത കാര്യങ്ങൾ എന്റേതായി ഇയാൾ അവതരിപ്പിക്കാൻ ഈയാൾ എങ്ങിനെ ധൈര്യപ്പെട്ടു? ശേഖരാ! ആരെടാ ഈ ജി. പി—ഗോവിന്ദപ്പിള്ളയോ ഗോഡ്സേപിള്ളയോ? എടാ ഇവൻ ഇത്രയ്ക്കു ധൈര്യപ്പെട്ടോ? എന്നെ കൃതഘ്നനാക്കിത്തീർക്കുന്ന ആശയ

ങ്ങൾ എന്നിൽ ആരോപിച്ചുകൊണ്ടാണോ അവന്റെ ഭാവനയെ പ്രവർത്തിപ്പിക്കുന്നതു്! എടാ ലോകം വെടിഞ്ഞാലും സ്വൈരമായി ജീവിക്കാൻ അനുവദിക്കുകയില്ലന്നായോ? ഏതായാലും വായന തുടരു കുഞ്ഞുപിള്ളേ!

കുഞ്ഞുപിള്ള വീണ്ടും വായന തുടരുന്നു.

സി വി—നിറുത്തു നിറുത്തു കുഞ്ഞുപിള്ളേ! ഈ 'അബദ്ധപഞ്ചാംഗം' അസൂയാജന്യം എനിക്കു കേൾക്കണ്ട. എന്റെ ജീവചരിത്രം എഴുതിയതു് ശരിയായോ ഇല്ലയോ എന്നുള്ളതു നിശ്ചയിക്കാൻ എന്നെക്കാൾ പററിയ ഒരു പ്രാമാണികൻ ആരു്? ഈ ജീ. പിക്കു്—അയാളുടെ ലേഖനം വായിച്ചാൽ എന്നെ നേരിട്ടു പരിചയമുള്ള ആളാണെന്നു തോന്നും—എന്നോടു ഇത്ര സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നെങ്കിൽ എന്തുകൊണ്ടു ഞാൻ ഇങ്ങോട്ടു പോന്നതിനു ശേഷമുള്ള 26—സംവത്സരങ്ങൾക്കകം ഒരു ജീവചരിത്രം എഴുതാൻ അയാൾക്കു കഴിഞ്ഞില്ല. അല്ലെങ്കിൽ അയാൾ പറയുന്ന വമ്പന്മാരെ ആരെക്കൊണ്ടെങ്കിലും എഴുതിക്കാമായിരുന്നില്ലേ? അസൂയകൊണ്ടു മാത്രം ഉത്തമഗ്രന്ഥങ്ങളുണ്ടാകുമോ? അതിനു കഴിവും നിസ്വാർത്ഥമായ സാഹിത്യഭക്തിയും, ധൈര്യവുമാണു് ആവശ്യം. ആ പരമേശ്വരൻനായർ എത്രകാലത്തെ അന്വേഷണവും, പഠനവും എന്നോടുള്ള ആത്മാർത്ഥമായ ഭക്തിയും മൂലമായിരിക്കണം ഈ ഒരു മഹായത്നം ഇത്ര വിജയകരമായി നിർവഹിച്ചതു്. എന്റെ സമകാലികർ, സഹചാരികൾ, സമാരാധകന്മാർ, ശിഷ്യന്മാർ; (ഈ. വി യെ നോക്കിയിട്ടു്) ബന്ധുക്കൾ എന്നിങ്ങിനെ എത്തെല്ലാം തരത്തിലുള്ള സാഹിത്യസവ്യസാചികൾ ഉണ്ടായിരുന്നു. അവർക്കാർക്കുംതന്നെ ഇത്ര ഉത്തമമായ ഒരു ജീവചരിത്രം രചിച്ചു് എന്റെ ഹൃദയംഗമമായ കൃതജ്ഞതയ്ക്കു പാത്രമാകാൻ സാധിച്ചില്ലല്ലോ. അതിനുള്ള കഴിവു കുഞ്ഞുപിള്ളേ! നിങ്ങളുടെ ആ കൊച്ചു് അനുജനു തന്നെയാണുണ്ടായതു്. ഞാൻ ആ യുവാവിനെ അനുഗ്രഹിക്കുന്നു.

ഈ വി—അപരാധബോധത്തോടു കൂടിയാണു് ഞാൻ നില്ക്കുന്നതു്. അവിടത്തെ ജീവചരിത്രം രചിക്കുവാൻ ഞാൻ കടപ്പെട്ടവനായിരുന്നു. എന്തുചെയ്യാം. ഞാൻ വിവിധ കാര്യങ്ങളിൽ കുടുങ്ങി. കാലമങ്ങു കഴിഞ്ഞു. അഥവാ എനിക്കും അതിൽ ഇപ്പോൾ ഖേദത്തിനു വകയില്ല. ഇതിനേക്കാൾ ഉത്തമമായ രീതിയിൽ അങ്ങയുടെ ജീവചരിത്രം എഴുതുവാൻ എനിക്കും കഴിയുമായിരുന്നുവെന്നു തോന്നുന്നില്ല. കഥകൾ എഴുതുവാൻ എനിക്കു കഴിയും. പരിഹാസലേഖനങ്ങൾ എഴുതുവാനും കഴിയും. മററു പലതും എഴുതാം. പക്ഷേ ഇത്ര വിപുലമായ അന്വേഷണങ്ങൾ നടത്താൻ, ഇത്ര ഗാഢമായി പഠിക്കാൻ, ഇങ്ങനെ നിഷ്പക്ഷമായി വിമർശിക്കാൻ, ഇത്ര ഗംഭീരമായി പ്രതിപാദിക്കാൻ, എല്ലാററിനും ഉപരിയായി ഇതുപോലെ നിരന്തരമായി യത്നിക്കാൻ എന്നെക്കൊണ്ടു കഴിയുമായിരുന്നില്ല. ശിവ! ശിവ! എന്തൊരു ശോചനീയതകളാണു് പി കെ യുടെയും അവിടത്തേയും ജീവചരിത്രങ്ങൾ രചിക്കുവാൻ ആ പരമേശ്വരൻനായർ നിർവഹിച്ചിട്ടുള്ളതു്.

പി കെ:—ശരിയാണു് കൃഷ്ണപിള്ള പറഞ്ഞതു്. എന്റെ ജീവചരിത്രം എന്നെത്തന്നെ അത്ഭുതപ്പെടുത്തി. ഞാൻ ഇത്ര ഒരു വലിയ ആളായിരുന്നെന്നു് അറിഞ്ഞിരുന്നില്ല. എനിക്കു് ഇത്ര വളരെ കുറവുകൾ ഉണ്ടായിരുന്നെന്നും ഞാൻ മനസ്സിലാക്കിയിരുന്നില്ല. ഇരുവശവും നിഷ്പക്ഷമായി കാണിച്ചിട്ടുള്ള ആ ജീവചരിത്രം മലയാളത്തിൽ അഭൂതപൂർവമായിരുന്നു. സർവകലാശാലകൾ അതിനെ ബഹുമാനിച്ചതു സമുചിതം തന്നെ. എന്നാൽ അങ്ങയുടെ ജീവചരിത്രം വന്നുകഴിഞ്ഞപ്പോൾ ആദ്യഗ്രന്ഥം വഴിമാറി കൊടുക്കുകതന്നെ വേണമെന്നു തോന്നുന്നു. ഒരു കലാസൃഷ്ടി എന്നുള്ള നിലയിൽ 'സി. വി. രാമൻപിള്ള, 'സാഹിത്യപഞ്ചാനനനെ' പല പടി മുന്നിട്ടുതന്നെ നില്ക്കുന്നുവെന്നാണു് എന്റെ അഭിപ്രായം. രണ്ടു ഗ്രന്ഥങ്ങളും മലയാളസാഹിത്യത്തിനും ഗ്രന്ഥകർത്താവിനും ഒരുപോലെ അഭിമാനഭാജനങ്ങൾതന്നെയാണു്. അവരെ ലക്ഷ്യമാക്കിയുള്ള ഒളി

യന്മുകളും "സ്വപ്ന"ദർശനങ്ങളും മററും അങ്ങുപറഞ്ഞതുപോലെ അസൂയയുടേയും അസഹിഷ്ണുതയുടേയും പ്രദർശനങ്ങളാണ്.

**ശേഖരപിള്ള:**—കഷ്ടം! ഈ മഹാപാപി, ജി. പി. എന്നെയും കുററപ്പെടുത്തിയിരിക്കുന്നതുകണ്ടില്ലേ. ഞാൻ എൻെറ കയ്യിലുണ്ടായിരുന്ന റിക്കാർഡുകൾ പരമേശ്വരൻനായൎക്ക് കൊടുത്തത് തെററില്ലായിരിപോലും! ഞാൻ അങ്ങിനെ ചെയ്യില്ലായിരുന്നെങ്കിൽ എത്ര അനാഥമായ നിലയിൽ അവ എത്തിച്ചേരുമായിരുന്നെന്ന് എനിക്കറിയാം. പരമേശ്വരൻനായരുടെ പുസ്തകം വായിച്ചവരെല്ലാം ഞാൻ ആ രേഖകൾ സൽപാത്രത്തിൽതന്നെ ദാനംചെയ്തുവെന്നേ പറഞ്ഞിട്ടുള്ളു. ഈ ദ്രോഹിമാത്രം ഇങ്ങനെപറയുന്നു! ആ കടലാസുകൾ തട്ടിക്കൊണ്ടുപോകുവാൻ എൻെറ അടുത്തു് ചില സാഹിത്യജംബുകന്മാർ ഇടയ്ക്കു് വട്ടം ചുററി വന്നിരുന്നു. ഞാൻ കൊടുത്തില്ല. അവരിൽ ആരോ ആയിരിക്കണം ഈ ജി. പി.

**ഈ വി:**—അല്ലെങ്കിലോ! ചേട്ടൻെറ കയ്യിൽ ഉണ്ടായിരുന്ന രേഖകൾകൊണ്ടുമാത്രം ഇതുപോലെ ഒരു ഗ്രന്ഥമെഴുതാൻ സാധിക്കുമോ? വേറെ എവിടെയെല്ലാംനടന്ന് എന്തെല്ലാം വിവരങ്ങൾ ശേഖരിച്ചാണ് പരമേശ്വരൻനായർ ഈ ഗ്രന്ഥം എഴുതിയിട്ടുള്ളതെന്ന് ഏതു പേജുനോക്കിയാലും അറിയാം. ഈ ശ്വാന എത്രപേരെ കണ്ടു സംസാരിച്ചും വിവരങ്ങൾഗ്രഹിച്ചും രേഖകൾ കണ്ടെടുത്തും ആണ് ഈ ഗ്രന്ഥം എഴുതിയിട്ടുള്ളതു്. അതുമാത്രമോ? വെറും ഒരു ശുഷ്കചരിത്രകാരന് എഴുതാവുന്ന ഒരു ഗ്രന്ഥമാണോ ഇതു്? കഥാനായകൻെറ നോവലുകളുടെ രസംതന്നെയല്ലേ ഈ ജീവചരിത്രത്തിലും കാണുന്നതു്? ഈ ഒരു ശില്പകലാരചന അവിടെ ഇന്നുള്ളവരിൽ വേറെ എത്രപേരെക്കൊണ്ടു് സാധിക്കുമെന്നു ഞാൻ ചോദിക്കുന്നു. ഈ ജി. പി. എഴുതിയ 'സ്വപ്ന,ത്തിൻെറ ചന്തംതന്നെ നോക്കിയാൽ അറിയാം അയാളുടെ കഴിവിൻെറ കൂടുതൽ. അവിടുന്നു ചോദിച്ചതുപോലെ, അസൂയകൊണ്ടുമാത്രം സാഹിത്യം ഉണ്ടാകുമോ?

**സി വി:**—കഷ്ടം! സാഹിത്യലോകത്തും ഇതു ദുഷിപ്പുകയറി മൂർഛിച്ചല്ലോ. ഈ ക്ഷുദ്രജന്തുക്കളെ എല്ലാം മൂക്കിൽ കയറിട്ടു കെട്ടിനിറുത്തണം. ശേഖരൻ ഇത്രയെങ്കിലും ചെയ്യാതെ ഇങ്ങോട്ടു പോന്നിരുന്നെങ്കിൽ അവനോട് എനിക്കുള്ള ദേഷ്യം കുറച്ചൊന്നുമായിരിക്കയില്ലായിരുന്നു. വേറെ ആരെ ഈ രേഖകൾ ഏല്പിച്ചിരുന്നെങ്കിലും അതു് കളഞ്ഞുകളിക്കുമായിരുന്നു. എൻെറ ഗ്രന്ഥങ്ങൾ അവധാനപൂർവം പഠിച്ചു് അവയിൽ ലയിച്ചു് എത്ര മർമ്മഗ്രാഹിയായ നിരൂപണങ്ങളാണ് പരമേശ്വരൻനായർ എഴുതിയിട്ടുള്ളതു്. എൻെറ വ്യക്തിത്വം എത്ര ഭംഗിയായി പ്രദർശിപ്പിച്ചിരിക്കുന്നു! എൻെറ കൃതികൾ പഠിച്ചു തഴക്കം സമ്പാദിച്ച ആളല്ല പരമേശ്വരൻനായരെന്ന് ജി. പി. പറയുന്നതു് ശുദ്ധമേ അബദ്ധമാണ്. വാസ്തവത്തിൽ പരമേശ്വരൻനായരെപ്പോലെ വാസനയും കഴിവും, മനോധർമ്മവുമുള്ള യുവാവിനെപ്പററി വിചാരിക്കുമ്പോൾ എനിക്കു എന്തെന്നില്ലാത്ത അഭിമാനം തോന്നുന്നു. എൻെറ കെ. ആർ. പുസ്തകത്തിൻെറ മുഖവുരയിൽ അമഹത്വം എത്ര ഭംഗിയായി സമ്മതിച്ചു സമ്മതിച്ചു പറഞ്ഞിരിക്കുന്നു! കെ. ആർ. കാണുകയും അറിയുകയും ചെയ്തതുപോലെയുള്ള എൻെറ സജീവവും വാസ്തവികവുമായ ചിത്രമാണ് പരമേശ്വരൻനായരുടെ ഗ്രന്ഥത്തിലൂടെ പ്രകാശിക്കുന്നതെന്നല്ലേ മുഖവുരയിൽ പറഞ്ഞിരിക്കുന്നതു്. കെ. ആർനെപ്പോലെ എന്നെ അറിഞ്ഞവർ ഇന്ന് ഭൂലോകത്തു് ജീവിച്ചിരിക്കുന്നുണ്ടോ? എൻെറ ജീവചരിത്രരചനയിലുള്ള വിജയം അളക്കുവാൻ വേറൊരു പ്രാമാണികൻ അവിടെ ആരുണ്ടു്? അങ്ങിനെ ഒരാൾ സമ്മതിച്ചുകഴിഞ്ഞാൽ ഇത്തരം ജംബുകന്മാരുടെ പ്രലപനങ്ങൾക്ക് എന്തു വിലയാണ്? കഞ്ചുപിള്ളേ! ഒട്ടും ചഞ്ചലപ്പെടേണ്ട നിങ്ങളുടെ കൊച്ചനുജനെ ഞാൻ അനുഗ്രഹിക്കുന്നു. അയാൾ ലോകത്തിൽ എന്നെ പുനർജീവിപ്പിച്ചു.

ഗ്രന്ഥാവലോകനം

# മലർവാടി.

ഗ്രന്ഥകർത്താ, എം. എസ്സ്. ചന്ദ്രശേഖരവാര്യർ.
(പ്രസാധകർ, മൂവാററുപുഴ A. K. S. & Co.)

"പ്രാർത്ഥന"യിൽ തുടങ്ങി "ബാഷ്പാഞ്ജലി"യിൽ അവസാനിക്കുന്ന 14 ചെറുകവിതകളുടെ സമാഹാരമാണു്. "മലർവാടി" ആശാന്റെ "പുഷ്പവാടി"യുടെ പേരിൽ ഈ പുതിയ പൂന്തോപ്പിനു് ഒരു നേരിയകടമയുണ്ടു്. ഇതിന്റെ രചയിതാവായ ശ്രീ. ചന്ദ്രശേഖരവാര്യർ അവർകളെ പത്രപംക്തികളിൽക്കൂടി പലരും കണ്ടിരിക്കാം. ഇതിനു മുമ്പും ചില കവിതാസമാഹാരങ്ങൾ അദ്ദേഹം കൈരളിക്കു് കാഴ്ചവച്ചിട്ടുള്ളതായിത്തോന്നുന്നു. കവിത്വവും ഹൃദയവുംകൂടി അലിഞ്ഞുചേർന്നു് ഊറിവരുന്ന കവിതയ്ക്കു് മാധുര്യംകൂടും. കൈരളിയുടെ കണ്ണിലുണ്ണിയായ ശ്രീ. ചങ്ങമ്പുഴ ജനിച്ചതും മരിച്ചതും അദ്ദേഹം ഹൃദയത്തിന്റെ ഗാനങ്ങളെ ഏററുപാടിയതുകൊണ്ടുമാത്രമാണു്.

ശ്രീ. വാര്യരവർകളുടെ കവിതകളിലും വിഷാദത്തിന്റെ പുഞ്ചിരികലർന്ന ഒരു ഹൃദയം കാണാൻ കഴിയും അത്ര അവിസ്മരണീയമായ ഒരു കാഴ്ചതന്നെയാണു്. "കലകലയ്ക്കു്" എന്ന യാഥാസ്ഥിതികവാദത്തെ അതിലംഘിച്ചു് "കല ജീവിതത്തിനു്" എന്ന പുരോഗമനസിദ്ധാന്തത്തിൽ വേരൂറച്ചവയാണു് ഈ മലർവാടിയിലെ ഓരോ വല്ലരിയും. പോരെങ്കിൽ, മനുഷ്യനെ ഉറക്കുവാനല്ല ഉണർത്തുവാനാണു് താൻപാടുന്നതെന്നു് ഗായകന്റെ കൂപ്പുകൈ പ്രസ്താവിക്കുന്നുമുണ്ടു്.

ഭാവനയുടെ വിദൂരഭിത്തിയിൽ സമത്വസുന്ദരമായ ഒരു ലോകത്തെ സൃഷ്ടിച്ചു്, അവിടേയ്ക്കു് മാനവസമുദായത്തിന്റെ ശ്രദ്ധയെ ആകർഷിക്കുക, ഇതാണു് കവി ഇവിടെ സാധിക്കുന്നതു്. അതു് ശ്ലാഘനീയവുമാണു്. എന്നാൽ ഒരു കാര്യമേ ഇവിടെ പ്രത്യേകം എടുത്തുപറയേണ്ടതായിട്ടുള്ളു. കലയ്ക്കു് സാങ്കേതികമായ ഒരു ചുററുപാടുണ്ടു്. അതിൽ കൂടിയല്ലാതെ കലയ്ക്കു് ജീവിക്കുവാൻ സാദ്ധ്യമല്ല. സൗന്ദര്യാവിഷ്കരണംകൊണ്ടുള്ള അലൌകികാനന്ദം—അതാണു സാഹിത്യത്തിന്റെ ജീവൻ. ആ ജീവചൈതന്യം വിതയ്ക്കുന്ന ധർമ്മോപദേശങ്ങളേ ഫലിക്കയുള്ളു. ആ അദ്വൈതരസത്തിൽ നിന്നകലുന്ന കാവ്യം കരയിലടിഞ്ഞ മത്സ്യംപോലെ മരിക്കതന്നെ ചെയ്യും. കലാസൃഷ്ടി പരിപൂർണ്ണമാകാതെ ആനന്ദം അങ്കുരിക്കയില്ല. ആനന്ദാനുഭൂതി കൂടാതെ ഉദ്ദേശവും ഫലിക്കുന്നതല്ല.

വഴിയരികിലിരുന്നു പിച്ചതെണ്ടുന്ന ഒരുവനെകണ്ടുകൊണ്ടു് ലോകത്തു പണക്കാരെ മുഴുവൻ ശകാരിച്ചാൽ ആ കലാകാരൻ ഉദ്ദേശിക്കുന്ന ദാരിദ്ര്യദരിദ്രമായ ലോകം സംസൃഷ്ടമാകുകയില്ല. നേരേമറിച്ചു്, പിച്ചക്കാരന്റെ ദയനീയത ചിത്രീകരിക്കുന്നതുകൊണ്ടുതന്നെ ധനികലോകത്തോടു് വായനക്കാർക്കു് അവജ്ഞതോന്നുന്നു. അപ്പോഴാണു് സാഹിത്യം പുരോഗമനപരമാകുന്നതു്. ഉദ്ദേശം കലയെ സൃഷ്ടിക്കുന്നതായിരുന്നരുതു്. കലയിൽ നിന്നും ഉദ്ദേശം ഉടലെടുക്കുന്നതായിട്ടേ വരാവു.

മലർവാടിയിലെ കവിതകൾ സാധാരണ പുരോഗമന സന്തതികളെ അപേക്ഷിച്ചു്, തുലോം ഉയന്നപടിയിലാണെന്നു സമ്മതിച്ചേതീരു. വായനക്കാരെ മുഷിപ്പിക്കുക എന്ന ദോഷം അശേഷമില്ല. മണവും ഗുണവും തഴുകിയതാണു് ഇതിലെ ഓരോ മലരും എങ്കിലും ചുരുക്കം ചിലതിൽ തനിസ്ഥിതിസമത്വവാദം കലയുടെ ലളിതാവേഷത്തിൽ രംഗപ്രവേശം ചെയ്തു് പെട്ടെന്നു് കരാളരൂപം കൈക്കൊണ്ടു് അലറി അടുന്നതായിക്കാണാം. നിരാശയുടെ വിപ്ലവത്തിൽ വെമ്പൽ കൊള്ളുന്ന ഹൃദയത്തിന്റെ തുടിപ്പുകൾ. അങ്ങനെ സമാധാനിക്കാം.

പ്രകൃതിസൗന്ദര്യത്തെ അന്തരംഗങ്ങളുമായി ലയിപ്പിച്ചു് വിശിഷ്ടചിത്രങ്ങൾ നിർമ്മിക്കുവാൻ വാസനാസമ്പന്നനായ ഈ യുവകവിക്കു കഴിഞ്ഞിട്ടുണ്ടു്.

"പാഞ്ഞുപോകുന്ന വാഹിനിയെന്റെ
കാഞ്ഞ ജീവിതചിന്തപോൽ
ഭാവുകത്തിന്റെ വെൺമണൽത്തിട്ടി-
ലാഞ്ഞടിപ്പൂ തരംഗങ്ങൾ."

ഇതുപോലെ പല വരികളും സാക്ഷ്യം വഹിക്കുന്നതാണ്.

ഭൂരിപക്ഷം കൃതികളുടെയും പരിണാമം സമത്വസുന്ദരമായ ഒരു ലോകത്തിന്റെ സ്വപ്നകാണലിലാണ്. ഈ സത്യം കവി നേരത്തേ സമ്മതിക്കുന്ന സ്ഥിതിക്ക് സന്തോഷിക്കാനേ അവകാശമുള്ളൂ.

"ദൂരെയായ് നിരുപമസ്വാതന്ത്ര്യപ്രഭ വീശും
ചാരുവാം സമതലമൊന്നതാ കാണുന്നെല്ലാം"
"ദാസനുമില്ല നാഥനുമില്ല
മാനുഷരൊക്കെയൊന്നുപോൽ
സത്സമത്വമേ! വെൽക നീ"
മത്സരമില്ലവിടെ വീശിടും
"ചാരുസ്വാതന്ത്ര്യം പൂണ്ട മനോജ്ഞമാം
പാരന്നു കോൾമയിർക്കൊള്ളുമാറാവോ?"

ഈ വരികളിൽ പ്രസ്തുത അഭിപ്രായം വാച്യമായിത്തന്നെ നിലകൊള്ളുന്നു. കവിയുടെ അനുഗൃഹീതമായ വാസനാസമ്പത്തിനു ഈ കൃതിമകുടം ചാർത്തുകതന്നെ ചെയ്യുന്നു.

"വയലും, മാടവും, മലയും, തോട്ടമ-
ങ്ങിയലും മോഹനവനികയിൽ
മുയലും, മാനും പൊൻമയിലുമാനയു-
മിയലും കേരളവനികയിൽ
മലയവായുവും മഴവില്ലും മഞ്ഞും
മലരും മേളിച്ച മലനാട്ടിൽ."

ഇവിടെ "ഇയലും" ഇരട്ടിച്ചത് അത്ര ശ്രദ്ധിച്ചാലേ നാക്കിൽ തടയൂ.

കവിതകൾ പൊതുവേ വിഷാദാത്മകങ്ങളാണെന്ന് മുമ്പു സൂചിപ്പിച്ചുവല്ലോ. പ്രതിഹതമായ ഒരു ജീവിതത്തിന്റെ നൈരാശ്യത്തെ ചിത്രീകരിക്കുവാൻ വേണ്ടത്ര പശ്ചാത്തലങ്ങൾ ഒരുക്കീട്ടുണ്ട്. പ്രസാദാഢ്യമായ പ്രധാനകാവ്യഗുണം കലരാത്ത ഒരു കവിതയുമില്ല. നിഷ്കൃഷ്ടിച്ചു നോക്കുന്നതായാൽ "ഭംഗഗീതി"യും "അശ"യും മേലേക്കിടയിൽ നില്ക്കുന്നു എന്ന് പറയാം. ഒന്നിൽ പ്രേമത്തിന്റെയും മറ്റൊന്നിൽ ജീവിതത്തിന്റെയും നൈരാശ്യമാണ് രൂപം പ്രാപിച്ചിരിക്കുന്നത്.

"വേണമെനിക്കൊന്നുംതന്നെ
നിന്നിൽനിന്നാത്മാനന്ദം
വീണ്ടുകിട്ടുവാൻ സ്നേഹ-
ഭാവമൊന്നൊന്നേപോരും
നിന്നെ ഞാനെന്നും പ്രേമ-
ഗാനങ്ങൾ പാടിപ്പാടി-
യുമ്മവെച്ചാനന്ദാനു-
ഭൂതിയിൽ കുളിപ്പിക്കാം." (ഭം. ഗീ.)

"ഇല്ലെനിക്കഭിവാഞ്ഛ വിണ്ടലത്തിങ്കൽ മാരി-
വില്ലായി പ്രശോഭിച്ചു മന്നിനെ മയക്കുവാൻ
ഇല്ലെനിക്കാശാലേശം താരകത്താരായ് നിശാ-
വല്ലരിപ്പൂപ്പിങ്കൽ വിടർന്നുവിളങ്ങുവാൻ"
"അംബരം രജനിതൻ കൂത്തരങ്ങായിക്കാറിൻ
കംബളത്തിനാൽ താരാ- ദീപങ്ങൾ മറയുമ്പോൾ
മന്നിനു വെളിച്ചത്തിൻ സന്ദേശമേകാനാത്മ-
ചൈതന്യം ചിന്നും മിന്നാ- മിനുങ്ങായ്ത്തീ-
ന്നാൽപോരും." (അശ.)

മഹാത്മജിയുടെ ദാരുണമായ വേർപാടിനെ അനുസ്മരിക്കുന്ന "ബാഷ്പാഞ്ജലി" അതിന്റെ അമുഖത്തോളം നന്നായിട്ടില്ലെന്ന് പറയേണ്ടിയിരിക്കുന്നു. രസത്തിനു വാച്യതാദോഷം വന്നുപോയി. ആദ്യംതന്നെ "വളരുന്നശോകം" എന്നു പറഞ്ഞത് രസഹാനികരമാണ്. നതോന്നതാവൃത്തവും വൈരൂപ്യത്തിനു് തെല്ലു കാരണമത്രേ. കുമാരനാശാന്റെ കരുണ അതൊരു പ്രത്യേകസൃഷ്ടി. വൃത്തത്തിന്റെ ചവർപ്പുരസം മാറുവാൻ അതിൽ ആശാൻ വളരെ ശ്രമിച്ചിട്ടുണ്ട്. ബാഷ്പാഞ്ജലി വായിച്ചാൽ ഒരുതുള്ളി ബാഷ്പമെങ്കിലും പുറത്തുവരുമെന്നു തോന്നുന്നില്ല.

പദപ്രയോഗങ്ങളെ സംബന്ധിച്ചു ചില്ലറ കുഴപ്പങ്ങളില്ലാതില്ല. "കണ്ഠനിർഗ്ഗളഗാനം" "ചാരുതൻ" എന്നിങ്ങനെ ചില ശബ്ദങ്ങൾ കുതറിനില്ക്കുന്നു.

ഈ നൂതന പദ്യോപഹാരത്തിന്റെ ഒന്നാം പതിപ്പ് മൂന്നാഴ്ചകൊണ്ട് വിററഴിഞ്ഞ നിലയ്ക്ക് അതിലും വേഗത്തിൽ ഈ പതിപ്പും ചിലവാകുമെന്നുള്ളതിൽ സംശയിക്കാനില്ല. ശ്രീ. വള്ളത്തോളിന്റെയും ആർ. എസ്സ്. കുറുപ്പിന്റെയും അഭിപ്രായങ്ങളും ഈ കൃതിക്ക് അക്ഷയ്യഭൂഷകളാണ്. ഗ്രന്ഥത്തിനും ഗ്രന്ഥകാരനും പരാശക്തി ഭാവുകമരുളട്ടെ! S. K.

## ചില അപൂർവ്വൌഷധങ്ങൾ

മനുഷ്യൻ മുൻകാലങ്ങളിലെ ആഹാരക്രമങ്ങളിലും ജീവിതരീതികളിലുംനിന്നു് ഇന്നത്തെ പരിതഃസ്ഥിതികളുടെ സുശക്തമായ പ്രേരണമൂലം വളരെ അകന്ന ഒരു മാർഗ്ഗത്തെ അവലംബിക്കാൻ നിർബദ്ധനായി ഭവിച്ചതിനാൽ, മനുഷ്യന്റെ ശരീരത്തിനും ശരീരത്തെ ബാധിക്കുന്ന രോഗങ്ങൾക്കും പണ്ടത്തേതിൽനിന്നു വ്യത്യസ്തമായ ഒരു സ്വഭാവം സംഭവിച്ചിരിക്കുന്നു എന്നു വൈദ്യബുദ്ധിയില്ലാത്തവക്കും കുറച്ചൊന്നാലോചിച്ചാൽ മനസ്സിലാക്കാൻ സാധിക്കുന്നതാണു്. ഈ യാഥാർത്ഥ്യത്തെ, ചികിത്സാമാർഗ്ഗത്തിലുള്ള ചിരകാലപരിചയത്തിൽനിന്നും ശരിക്കു മനസ്സിലാക്കി, ആ അടിസ്ഥാനത്തിൽ തയാറാക്കിയിട്ടുള്ളതും അത്ഭുതമായ ഫലത്തെ പ്രദാനം ചെയ്യുന്നതുമായ ചില വിശിഷ്ടൌഷധങ്ങളാണു് ഞങ്ങൾ ഇതിനടിയിൽ ചേർത്തിരിക്കുന്നതു്.

**ഗുരുകല്പം.** മധുരരസത്തോടുകൂടിയ എല്ലാ മൂത്രദോഷങ്ങൾക്കും ആരംഭക്ഷയത്തിനും (30 നേരം—16 ദിവസ-ത്തേക്കുള്ള) കുപ്പി 1-ക്കു വില ക. 5.

**കല്പരേണു.** മധുരരസം ഒഴിച്ചുള്ള എല്ലാ മൂത്രദോഷങ്ങൾക്കും ഗർഭാശയരോഗങ്ങൾക്കും ശുക്ലസ്രാവം, അസ്ഥിസ്രാവം എന്നിവയ്ക്കും (40 നേരം—20 ദിവസ-ത്തേക്കുള്ള) കുപ്പി 1-ക്കു വില ക. 5.

**കനകകാന്തം.** മേല്പറഞ്ഞ രോഗികളുടെ മൂർദ്ധന്യനിലയിൽ ഗുരുകല്പത്തോടും കല്പരേണുവിനോടും കലർന്നു സേവിക്കാവുന്നതും, വാതക്കഴപ്പു്, വായുകോപം, ഗ്രഹണി സംബന്ധമായ രോഗങ്ങൾ എന്നിവയ്ക്കു തനിയേ സേവിക്കാവുന്നതും (30 നേരത്തേക്കുള്ള) പാക്കററു് 1-ക്കു വില ക. 4.

**സിദ്ധകല്പം.** എല്ലാ ധാതുക്കളുടെയും മൂത്രാശയത്തിന്റെയും ബലക്ഷയത്തെ നീക്കുന്ന സിദ്ധരസായനം. ഏററവും ഫലപ്രദമായ ഇൻഡ്യൻ ടാണിക്ക്. സ്ത്രീകൾക്കും പുരുഷന്മാക്കും (40 നേരത്തേക്കുള്ള) ടിൻ 1-ക്കു വില ക. 3ൾ.

**സോമകല്പം.** പഴയ ജ്വരം, ഗർഭാശയരോഗങ്ങൾ, വാതം, ചുമ, അഗ്നിമാന്ദ്യം ഇവയ്ക്കും പ്രസവാനന്തരം ഈ രസായനം സേവിച്ചാൽ വേറെ "പേററുചികിത്സ" നടത്തേണ്ടതില്ല. ആ പ്രസവത്തിൽനിന്നും നേരിട്ട അകത്തെയും പുറത്തെയും കുറവുകൾ സവിശേഷം പരിഹരിക്കപ്പെടുകയും ചെയ്യും. അര റാത്തൽ ടിൻ 1-ക്കു വില ക. 3.

ഇവ കൂടാതെ വേറെയും പല മരുന്നുകളുണ്ടു്. രോഗവിവരം വിശദമായി അറിയിച്ചാൽ ഉചിതമായ മരുന്നു് അയയ്ക്കുന്നതാണു്.

കമ്പനി വക എല്ലാ ഔഷധങ്ങളുടെയും വിശദവിവരങ്ങൾ ഗുരുകല്പം എന്ന ഞങ്ങളുടെ പ്രസിദ്ധീകരണത്തിന്റെ അനുബന്ധത്തിൽ അടക്കിയിട്ടുണ്ടു്. കുത്തിവയ്പിന്റെ ദോഷവശങ്ങളെ പൌരസ്ത്യശാസ്ത്രം അനുസരിച്ചു നിരൂപണം ചെയ്തു് യുക്തിയുക്തമായി സമർത്ഥിച്ചിട്ടുള്ള പ്രബന്ധവും അതിൽ അടങ്ങിയിട്ടുണ്ടു്. ഗുരുകല്പം എന്ന പ്രസ്തുത പുസ്തകം, ആവശ്യക്കാക്കു വില കൂടാതെ അയച്ചുകൊടുക്കുന്നതാണു്.

മേൽവിലാസം:—

### ഗുരുകല്പം ഫാർമസ്യൂററിക്കൽ കമ്പനി

കൊട്ടാരക്കര (TRAVANCORE)

# പുതിയ വൈദ്യപുസ്തകങ്ങൾ.

**ശാർങ്ഗധരസംഹിതാ—**

ഗൂഢാർത്ഥചന്ദ്രിക എന്ന വ്യാഖ്യാനത്തോടുകൂടിയ ചികിത്സാസാരസർവ്വസ്വമായ ഒരു സുപ്രസിദ്ധ വൈദ്യഗ്രന്ഥം. വില രൂ. 2. അണ 4.

**കുഷ്ഠരോഗസിദ്ധചികിത്സ—**

സിദ്ധചികിത്സാപരമ്പരയിലുള്ളവർ രഹസ്യമായി വച്ചിരുന്ന അനവധി മഹായോഗങ്ങൾ അടങ്ങിയതു്.

വില രൂ. 1 അണ 2

**പ്രമേഹരഹസ്യചികിത്സ—**

ഈ പ്രമേഹചികിത്സയിൽ ഉള്ള എല്ലാ യോഗവും ഒന്നുപോലെ ഫലിക്കുന്നതും, ഏറ്റവും രഹസ്യത്തിൽ സൂക്ഷിച്ചു വച്ചിരുന്നതുമാണു്.

വില രൂ. 1 അണ 2

**വീരസിംഹാവലോകനം—**

മുകുരസ്ഥലീവ്യാഖ്യാനസഹിതം.

ഓരോ രോഗങ്ങൾക്കുമുള്ള കർമ്മവിപാകപ്രായശ്ചിത്തവിധികളും വ്യാധിശമനകരങ്ങളായ രഹസ്യസിദ്ധയോഗങ്ങളും അടങ്ങിയതു്.

വില രൂ. 2 അണ 4

**ആസവാരിഷ്ടയോഗമഞ്ജരി—**

ഭാഷാവ്യാഖ്യാനസഹിതം.

ഫലപ്രദങ്ങളായ നൂറോളം ആസവാരിഷ്ടയോഗങ്ങൾ അടങ്ങിയതു്.

വില അണ 12

**സഹസ്രയോഗം—**

ഭാഷാവ്യാഖ്യാനസഹിതം.

സാധാരണ സഹസ്രയോഗത്തിലുള്ളതിൽ കൂടുതലായി ഫലപ്രദങ്ങളായ പല വിശേഷയോഗങ്ങളും കൂട്ടിച്ചേർത്തിട്ടുള്ളതു്. വില രൂ. 1 ണ. 6

**ആരോഗ്യദീപം—**

ശരീരവും ആരോഗ്യവും സംബന്ധിച്ചുള്ള എല്ലാ വിവരങ്ങളും കൃണിസിസ്റ്റവും, മെസ്മരിസവും മറ്റും സംബന്ധിച്ചുള്ള സകല ചികിത്സകളും അടങ്ങിയതു് വില രൂ. 4 അണ 8.

**കഷ്ടകബന്ധു അഥവാ**

**കന്നുകാലിരോഗചികിത്സ—**

കന്നുകാലികൾക്കു നേരിടുന്ന സകല രോഗങ്ങളുടെയും നിദാനങ്ങളും ചികിത്സകളും അടങ്ങിയതു്.

വില അണ 12

**ആരോഗ്യകല്പദ്രുമം ബാലചികിത്സ**

കയ്ക്കുളങ്ങര രാമവാര്യർ അവർകൾ ഉണ്ടാക്കിയതും, അദ്ദേഹത്തിന്റെ വ്യാഖ്യാനത്തോടുകൂടിയതും, വൈദ്യലോകപ്രസിദ്ധവുമായ ഒരു ദിവ്യഗ്രന്ഥം. വില രൂ. 5 അണ 4

---

മാനേജർ,

എസ്. റ്റി. റെഡ്യാർ & സൺസ്,

വി. വി. പ്രെസ്സ്, കൊല്ലം.

# VIDYABHIVARDHINI

License No. 455. Regd. No. T. 116.
Dated 28-11-1945 Regd. No. M. 4891.


## വരിസംഖ്യ. / പരസ്യക്കൂലി.

| വരിസംഖ്യ. | പരസ്യക്കൂലി. | |
|---|---|---|
| ഒരു വഷത്തേക്കു് 5 ബ്രി: രൂ. | സ്ഥിരപരസ്യക്കാക്കു്. | ഒരു പ്രാവശ്യത്തേക്കു് |
| ഒററ പ്രതിക്കു് 8 ണ. | മുഴപ്പേജിനു് 50 രൂ. | 8 രൂ. |
| ഇൻഡ്യയ്ക്കു പുറമേ 6 ബ്രി: രൂ. | അരപ്പേജിനു് 30 ,, | 6 ,, |
| ,, ഒററ പ്രതിക്കു് 10 ണ. | കാൽപ്പേജിനു് 20 ,, | 4 ,, |

**ലേഖകന്മാരോടു്:—**

ലേഖനങ്ങൾ കടലാസ്സിൻെറ ഒരുവശത്തുമാത്രം വൃത്തിയായി മഷികൊണ്ടെഴുതി ഓരോ ഇംഗ്ലീഷുമാസവും 15-ാം തീയതിക്കകം ഇവിടെ കിട്ടത്തക്കവണ്ണം അയച്ചിരിക്കണം. പ്രസിദ്ധീകരണത്തിനു സൗകര്യമില്ലാത്ത ലേഖനങ്ങൾ തിരിച്ചു കിട്ടണമെങ്കിൽ അതിലേക്കുള്ള സ്റ്റാമ്പു് അയച്ചിരിക്കേണ്ടതാണു്.

**വരിക്കാരോടു്:—**

ഇതേവരെ വരിസംഖ്യ അടച്ചിട്ടില്ലാത്തവർ ഈ ലക്കം കിട്ടിയാലുടൻ പണം മണിയാർഡർ ചെയ്യാൻ അപേക്ഷ.

വി. പി. ഏപ്പാടു് ഇരുകൂട്ടർക്കും നഷ്ടകരമാകയാൽ വരിസംഖ്യ എപ്പോഴും മുൻകൂറായിത്തന്നെ അയച്ചിരിക്കണം.

അഫീസ്സിലേക്കു് അയയ്ക്കുന്ന എല്ലാ കത്തുകളിലും മാസികയുടെ റാപ്പറിൽ കാണുന്ന അവരവരുടെ രജിസ്റ്റർ നമ്പർകൂടി കാണിച്ചിരിക്കേണ്ടതാണു്.

പണസംബന്ധമായ എഴുത്തുകൾ, മണിയാർഡർ ഇവ മാനേജരുടെ മേൽവിലാസത്തിലും, ലേഖനസംബന്ധമായവ എല്ലാം പത്രാധിപരുടെ മേൽവിലാസത്തിലും അയയ്ക്കേണ്ടതാണു്.

N. B. അഭിപ്രായത്തിനയയ്ക്കുന്ന പുസ്തകങ്ങളുടെ 2 പ്രതിവീതം അയച്ചിരിക്കണം. മാസിക ഇംഗ്ലീഷുമാസം 15-ാം തീയതിക്കകം കിട്ടാത്തപക്ഷം വിവരം ആഫീസിൽ അറിയിക്കണം.

മാനേജർ,
വിദ്യാഭിവർദ്ധിനി, കൊല്ലം.


Edited, Printed and Published by M. Balakrishna Reddiar, at the Vidyabhivardhini Press, Quilon